PROCEEDINGS
of
# THE TRAVANCORE LEGISLATIVE ASSEMBLY.

## FIRST ASSEMBLY.

## SECOND SESSION 1948/1123.
## (*OFFICIAL REPORT*).

*Saturday the 14th August 1948/30th Karkatakam 1123.*

The House re-assembled in the Legislative Chamber, Public Offices at 11 A. M. on Saturday, the 14th August 1948/30th Karkatakam 1123, the President, (the Hon'ble Mr. A. J. John) in the Chair.

## STARRED QUESTIONS AND ANSWERS.

### സ്വന്തഭൂമിയില്ലാത്ത പിന്നോക്കസമുദായക്കാർ.

202. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വീടുകെട്ടി കിടക്കാൻ സ്വന്ത ഭൂമിയില്ലാത്ത പിന്നോക്ക സമുദായക്കാർ ഗവണ്മെൻറുവക സ്ഥലങ്ങളിൽ പ്രവേശിച്ചു വീടുകെട്ടി താമസിച്ചതിൽ അവരെ ഒഴിപ്പിച്ച് ആ സ്ഥലം തന്നെ ലേലത്തിൽ വിററിട്ടുള്ളതായി പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) അങ്ങനെയുള്ള സ്ഥലങ്ങളെ, അവരുടെ ദേഹണ്ണങ്ങളും മററും കരുതി അവർക്കുതന്നെ കുത്തകപ്പാട്ടമായോ മററോ കൊടുത്തു സഹായിക്കുവാനുള്ള ഒരു പരിപാടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: (എ) ഇല്ല.

(ബി) അങ്ങനെയുള്ള സ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ലെങ്കിലും അധഃകൃതരുടെ കയ്യിൽ ദേഹണ്ണസ്ഥലങ്ങൾ ഇരിക്കുന്നുണ്ടെങ്കിൽ, അതു അവർക്കു കൊടുക്കണമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്.

MR. KANNARA GOPALA PANICKER (*Thiruvalla II—General*): പിന്നോക്കസമുദായങ്ങളിൽ ഏതെല്ലാം സമുദായങ്ങൾ ഉൾപ്പെടും?

**HON'BLE MR. C. KESAVAN** : അതിനു നോട്ടിഫിക്കേഷനുണ്ട്, അതു നോക്കിയാലറിയാം.

## പ്രൈവററ് ഹോസ്റ്റലുകൾ.

303. **MR. P. K. KRISHNAN SASTRI** : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹരിജൻ വിദ്യാർത്ഥിനികളെ താമസിപ്പിച്ചുവരുന്ന പ്രൈവററ് ഹോസ്റ്റലുകൾ ഏതെല്ലാം എന്നും, ഓരോന്നിലും ഉള്ള വിദ്യാർത്ഥിനികൾ എത്രയെന്നും, ഓരോ സ്ഥാപനത്തിനും പ്രതിമാസം പിന്നോക്കസമുദായ സംരക്ഷകഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്ന ഗ്രാൻറ് എത്ര എന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

**HON'BLE MR. G. RAMACHANDRAN** : ഹരിജന വിദ്യാർത്ഥിനികളെ തിരുവനന്തപുരത്തു ആനന്ദനിലയം, മഹിളാമന്ദിരം എന്നീ രണ്ട് ഹോസ്റ്റലുകളിൽ താമസിപ്പിക്കുന്നതിനു ഏർപ്പാടുചെയ്തിട്ടുണ്ട്. ആദ്യത്തേതിൽ ൫൦-ം, രണ്ടാമത്തേതിൽ ൫൮-ം കുട്ടികൾ താമസിക്കുന്നു. ആനന്ദനിലയത്തിലുള്ള കുട്ടികൾക്ക് ൧൦ രൂപ ഗ്രാൻറ് കൊടുക്കുന്നുണ്ട്. മഹിളാമന്ദിരത്തിൽ കാളേജിലും, ഹൈസ്ക്കൂളിലും പഠിക്കുന്ന വിദ്യാർത്ഥിനികൾക്കു ൧൦ രൂപ വീതം ഗ്രാൻറു കൊടുക്കുന്നു. മററു ക്ലാസ്സുകളിൽ പഠിക്കുന്നവർക്കു ൨.൫ രൂപയും ഗ്രാൻറു കൊടുക്കുന്നുണ്ട്.

**MR. KANNARA GOPALA PANICKER** : ഹരിജനങ്ങൾക്കുവേണ്ടി ചെങ്ങന്നൂരിൽ ഒരു പ്രൈവററു ഹോസ്റ്റൽ നടത്തുന്നുണ്ടോ?

**HON'BLE MR. G. RAMACHANDRAN** : അറിവില്ല.

**MR. ALEXANDER VAKAYIL** (*Parur II—Latin Catholic Reserved*) : ഈ ഹരിജനഹോസ്റ്റലുകളിലെ താമസം തൃപ്തികരമല്ലെന്നു ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടുണ്ടോ?

**HON'BLE MR. G. RAMACHANDRAN** : ഇല്ല.

**MR. ALEXANDER VAKAYIL** : ഹരിജനഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഈ സഭയിലേയ്ക്കു തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങളെ നോൺ ഒഫിഷ്യൽ അംഗങ്ങളായി നിയമിച്ചാൽ ഹോസ്റ്റലുകളെ സംബന്ധിച്ച ശരിയായ റിപ്പോർട്ടുകൾ കിട്ടാൻ സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം ഗവൺമെൻറിനുണ്ടായില്ല. വേണമെങ്കിൽ അതേപ്പറ്റി ആലോചിക്കാം.

### ഹരിജൻ ഹോസ്റ്റലുകൾ.

304. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഹോസ്റ്റലുകളിൽ താമസിക്കുന്ന പിന്നോക്കസമുദായവിദ്യാർത്ഥികളുടെ സുഖസൌകര്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ ആരെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G RAMACHANDRAN : അങ്ങനെ ഒരു പ്രത്യേക ഉദ്യോഗസ്ഥനില്ല. അതുകൊണ്ട് മററുള്ള ചോദ്യങ്ങൾ ഉദിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : ഹരിജനഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കു പലവിധ അസൌകര്യങ്ങളും ഉണ്ടാകുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ചിലതൊക്കെ കാണും.

MR P. K. KRISHNAN SASTRI : അതുകൊണ്ടു ഈ അസൌകര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനു പ്രത്യേകം ആളുകളെ നിയമിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN : അന്വേഷിക്കുന്നതിനു പ്രത്യേകം ആളെ വയ്ക്കുന്നതിനെപ്പററി ആലോചിച്ചിട്ടില്ല. ഇപ്പോൾ ഹോസ്റ്റലിൽ ഒരു വാർഡനുണ്ട്. പിന്നെ അവശസമുദായ സംരക്ഷകൻ എന്ന ഉദ്യോഗസ്ഥനുമുണ്ട്. അതുകൊണ്ട് പ്രത്യേകം ആളു വേണമെന്നു തോന്നുന്നില്ല.

MR. ABDUL AZIZ (*Trivandrum I--Muslim Reserved*) : ഇവിടെ അവശസമുദായക്കാർ എന്നു ഉത്തരത്തിൽ പറഞ്ഞതു്, ഹൈന്ദവവിഭാഗത്തിൽപ്പെട്ടവരെമാത്രം ഉദ്ദേശിച്ചാണോ?

HON'BLE MR. G. RAMACHANDRAN: അതിനു് ഉത്തരം പെട്ടെന്നു പറയുവാൻ നിവൃത്തിയില്ല. അവശസമുദായക്കാരെന്നു പൊതുവെ പറയും.

MR. K. A. MATHEW (*Thiruvalla IV— General*) : ഹരിജനവിദ്യാർത്ഥികളെ മററുള്ള കുട്ടികൾ താമസിക്കുന്ന സ്ഥലത്തു് താമസിപ്പിക്കുന്നതല്ലേ നല്ലതു ?

HON'BLE MR. G. RAMACHANDRAN : അതിന് ഉത്തരം ഞാൻ ഇന്നലെ പറഞ്ഞതാണു. മററുള്ളവരുടെ കൂട്ടത്തിൽ താമസിപ്പിക്കുന്നതാണു നല്ലത്. എന്നാൽ അതിനു വളരെ പ്രതിബന്ധങ്ങളുണ്ട്.

*Industrial Concerns.*

305. MR. E. K. MADHAVAN (*Parur I—General*) : Will the Honourable Minister for Industries be pleased to state :

(*a*) the amount invested by the Government in the F. A. C. T, F. I. T. and Travancore Rayons Ltd ;

(*b*) whether the Government have advanced any loan to any of these companies ;

(*c*) if so, how much to each ;

(*d*) whether the F. A. C. T., is now running at a loss ;and

(*e*) if so how much loss have they incurred till now and whether Government intend to take any measures for the proper management so that it may be turned into a profitable concern ?

HON'BLE MR. T. M. VARGHESE : (എ) ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസിനു ഗവണ്മെൻറു ൧,൧൨,൫൦,൦൦൦ രൂപാ മുടക്കിയിട്ടുണ്ട്. ഫാറസ്ററു ഇൻഡസ്ട്രീസിനു ൧൨,൭൫,൦൦൦ രൂപായും, ട്രാവൻകൂർ റയൺസിനു ൩൦ ലക്ഷം രൂപായും മുടക്കിയിട്ടുണ്ട്.

(ബി), (സി) ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസിനു ൪൫ ലക്ഷം രൂപാ കടമായിട്ടു കൊടുത്തിട്ടുണ്ട്. ആ കമ്പനിയുടെ മൂലധനം ൨ കോടിയായി വർദ്ധിപ്പിച്ചിരിക്കുന്നതുകൊണ്ട് ഗവണ്മെൻറിൽനിന്നും ഓഹരിമൂലധനം വകയിൽ കൊടുക്കേണ്ടിയിരിക്കുന്ന ഒരു കോടി രൂപായ്ക്കുവേണ്ടി ഈ ൪൫ ലക്ഷം രൂപാ വകവച്ചുകൊള്ളാമെന്നു ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ട്. അതുകൂടാതെ, ൯ ലക്ഷം രൂപാ ഈ കമ്പനിക്ക് അഡ്വാൻസായി കൊടുത്തിരുന്നു. അഡ്വാൻസ് കൊടുത്തതു് അമോണിയം സൾഫേററിൻെറ വിലയായി കണക്കാക്കി ആ തുക മുഴുവൻ തന്നുതീർത്തു. വീണ്ടും ൯ ലക്ഷം രൂപാ അഡ്വാൻസായി കൊടുത്തിട്ടുണ്ട്. ആ തുകയ്ക്കും അമോണിയം സൾഫേററു തന്നുതീർത്തുകൊണ്ടു വരികയാണ്. തന്നുതുടങ്ങിയിട്ടേയുള്ളു.

ഫാറസ്ററു ഇൻഡസ്ട്രീസിനു ഒന്നുംതന്നെ കടമായി കൊടുത്തിട്ടില്ല. റയോൺസിനു ൯൦ ലക്ഷം രൂപാ കടം ചോദിച്ചിട്ടുണ്ട്. പല

ഗഡുക്കളിലായി അവരുടെ യന്ത്രസാമഗ്രികൾ ഇവിടെ വരുമ്പോൾ അതിന്റെ വില കൊടുക്കുന്നതിന് ഗവണ്മെന്റിനോട് കടമായി ആവശ്യപ്പെട്ടിരിക്കയാണ്. നൂറു ലക്ഷം രൂപ കടം ചോദിച്ചുവെങ്കിലും, [illegible] ലക്ഷംരൂപ തല്ക്കാലം കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടു. അതു കൊടുത്തുതുടങ്ങിയില്ല. പല അവസരങ്ങളിലായിട്ടാണു ഈ തുക കൊടുക്കേണ്ടതു്.

(ഡി), (ഇ) ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസും ഫാസ്റ്ററ് ഇൻഡസ്ട്രീസും ലാഭമോ നഷ്ടമോ എന്നു തീർച്ചപ്പെടുത്താറായിട്ടില്ല. ലാഭമായിട്ടാണു ഇപ്പോൾ നടക്കുന്നതു്. നഷ്ടപ്പെടുമോ എന്ന കാര്യം ഇപ്പോൾ പറയാവുന്നതല്ല. ഈ കമ്പനി കമേർഷ്യൽ സ്കെയിലിൽ ഉൽപ്പാദനം തുടങ്ങിയിട്ടില്ല. അസംബ്ലി കഴിഞ്ഞു് അതിന്റെ മെഷിനറി ശരിയായ നിലയിൽ ഏർപ്പെടുത്തി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞതിനു ശേഷം മാത്രമേ അതിന്റെ മാക്സിമം ഉല്പാദനം ഉണ്ടാകുകയുള്ളു. അമോണിയം സൾഫേറ്റുണ്ടാക്കുക എന്ന ജോലിയാണു ഇപ്പോൾ അവിടെ പ്രധാനമായി നടക്കുന്നതു്. അമോണിയം സൾഫേറ്റു നമുക്കും മദ്രാസ് ഗവണ്മെന്റിനും വില്പനയ്ക്കു തരുന്നുണ്ടു്. പൂർണ്ണമായ ഉൽപ്പാദനം തുടങ്ങിക്കഴിഞ്ഞാൽ മാത്രമേ ഈ സ്ഥാപനം ലാഭമോ നഷ്ടമോ എന്നു പറയാൻ സാധിക്കുകയുള്ളു.

**MR. E. K. MADHAVAN** : രണ്ടുകോടി രൂപാ മൂലധനത്തിൽ തുടങ്ങിയിരിക്കുന്ന ആ കമ്പനിയുടെ ഒരു ശതമാനം ഓഹരി തിരുവിതാംകൂർ ഗവണ്മെന്റു എടുത്തിരിക്കെ, ഏതാണ്ടു അത്രയും സംഖ്യ കടം കൊടുക്കേണ്ടിവന്നതു എന്തുകൊണ്ടെന്നു പറയുമോ?

**HON'BLE MR. T. M. VARGHESE** : ഗവണ്മെന്റു അന്വേഷണം നടത്തിയതിൽ ആ കമ്പനി ശരിയായി നടക്കണമെങ്കിൽ കടം കൊടുത്തേ ഒക്കുകയുള്ളു എന്നു ബോദ്ധ്യമായി. ഷെയറെങ്കിൽ ഇപ്പോൾ രണ്ടു കോടി രൂപയുടെ ഓഹരി കൂടുതലായി വർദ്ധിപ്പിച്ചിട്ടുണ്ടു്. മദ്രാസ് ഗവണ്മെന്റും കൊച്ചി ഗവണ്മെന്റും അവരുടെ ഓഹരി കമ്പനിക്കു കൊടുത്തുകഴിഞ്ഞു. നമ്മുടെ ഓഹരികൂടി കൊടുക്കേണ്ടതു് ആവശ്യമാണു്. അതു ഒരുകോടി രൂപവരും. അധികമായി ൯൦ ലക്ഷം രൂപ കൊടുത്തതു്. യന്ത്രസാമഗ്രികളുടെ വില വർദ്ധിച്ചതുനിമിത്തം വളത്തിന്റെ വിലയും വർദ്ധിച്ചു. അതുകൊണ്ടു കൂടുതൽ സംഖ്യ വളത്തിന്റെ വിലയായി ഗവണ്മെന്റു കൊടുക്കേണ്ടിവന്നു. മാത്രമല്ല, യന്ത്രസാമ

[Hon'ble Mr. T. M. Varghese.]

ഗ്രികളുടെ വില വർദ്ധിപ്പിച്ചതനുസരിച്ച് കമ്പനിക്കാർ ആവശ്യപ്പെട്ട ൩൫ ലക്ഷം രൂപാകൂടി കൊടുക്കാതെവന്നാൽ മുടക്കിയിട്ടുള്ള സംഖ്യതന്നെയും നഷ്ടപ്പെടും എന്ന വിചാരംകൊണ്ടാണ് കമ്പനിയുടെ മൂലധനം വർദ്ധിപ്പിച്ചും കടം കൊടുക്കാമെന്നു ഗവണ്മെന്റു തീരുമാനിച്ചത്.

MR. E. K. MADHAVAN : ൩൫ ലക്ഷം രൂപാ ഇപ്പോഴും ഈ കമ്പനിക്കു അഡ്വാൻസു കൊടുത്തുവെന്നു പറഞ്ഞു. ഇങ്ങനെ അഡ്വാൻസു കൊടുക്കുന്നതുകൊണ്ടു ഗവണ്മെന്റിനു എന്തെങ്കിലും സൌജന്യം കിട്ടുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : കൊടുക്കുന്ന പണത്തിനു പലിശ കിട്ടുന്നുണ്ട്. അല്ലാതെ വിശേഷാൽ സൌജന്യങ്ങളൊന്നുമില്ല. പിന്നെ, കൃഷിയുടെ ആവശ്യത്തിനു അമോണിയം സൾഫേറ്റു, സൂപ്പർഫോസ്ഫേറ്റ്, മുതലായ സാധനങ്ങൾ നമ്മുടെ ആവശ്യങ്ങൾ കഴിഞ്ഞു ബാക്കിയുണ്ടെങ്കിൽ മാത്രമേ മറ്റുള്ളവർക്കു കൊടുക്കുകയുള്ളു എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥ ഇതുവരെ അവർ അനുസരിച്ചിട്ടുമുണ്ട്. കമ്പനിയുടെ നടത്തിപ്പിന് കടം കൊടുക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെന്റിനു ബോദ്ധ്യം വന്നതിനുശേഷമാണ് കടം കൊടുത്തിരിക്കുന്നത്.

MR. E. K. MADHAVAN : ഭാരി മൂലധനം കൂട്ടിയിട്ടുള്ളതു കമ്പനിയുടെ അനാശാസ്യച്ചെലവുകൊണ്ടാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അങ്ങനെ വിചാരിക്കാൻ ന്യായം കാണുന്നില്ല. കമ്പനിക്കു ഇപ്പോഴുണ്ടായിട്ടുള്ള ചെലവിൽ ആശാസ്യമായതു ഏതു്, അനാശാസ്യമായതേതു് എന്നു കണ്ടുപിടിക്കുന്നതിനും തിട്ടപ്പെടുത്തുന്നതിനും ആ നിലയിൽ കമ്പനിയുടെ ചെലവുകളെ നിയന്ത്രിക്കുന്നതിനും വേണ്ട നടപടികൾ ഗവണ്മെന്റു എടുത്തുവരികയാണ്. ഏതായാലും അനാശാസ്യച്ചെലവുകൾമൂലമാണോ ഇത്രയും രൂപാ കടം ചോദിക്കേണ്ടിവന്നതെന്നുള്ള ചോദ്യത്തിന് "അല്ല" എന്ന ഉത്തരമേ ഗവണ്മെന്റിനു അധികൃതമായി പറയുവാൻ സാധിക്കുകയുള്ളു.

**MR. E. K. MADHAVAN** : ഗവണ്മെൻറിൽനിന്നും നാമിനേററു ചെയ്തിട്ടുള്ള ഡയറക്ടർമാരുടെ സ്നേഹിതന്മാരും ബന്ധുക്കളുമായ ആളുകളാണ് ആ കമ്പനിയിലെ ഉദ്യോഗസ്ഥന്മാരിൽ ഭൂരിഭാഗവുമെന്നു ഗവണ്മെൻറിനറിയാമോ?

**MR. PRESIDENT** : ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

**MR. ABDUL AZIZ** : ഈ കമ്പനിയുടെ നടത്തിപ്പിലുള്ള നിയന്ത്രണം ഗവണ്മെൻറിനു എത്രത്തോളമുണ്ടെന്നു പറയാമോ?

**HON'BLE MR. T. M. VARGHESE** : കമ്പനിയെ നിയന്ത്രിക്കാനുള്ള അധികാരം ഗവണ്മെൻറിനുണ്ട്. കമ്പനിയുടെ നടത്തിപ്പിനെയും അതിന്റെ പുരോഗമനത്തെയും ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ഗവണ്മെൻറിനു ഇടപെടാം. ഗവണ്മെൻറു അങ്ങനെ ചെയ്തുവരുന്നുമുണ്ട്.

**MR. E. K. MADHAVAN** : ആ കമ്പനിയുടെ പ്രവർത്തനത്തിനു ഒരു എയറോപ്ലെയിൻ ആവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

**HON'BLE MR. T. M. VARGHESE** : കമ്പനിയുടെ പ്രവർത്തനവും എയറോപ്ലെയിനും രണ്ടുംകൂടി ചേർത്തു ചിന്തിക്കുവാൻ ഗവണ്മെൻറിനു ഇതുവരെ അവസരം കിട്ടിയിട്ടില്ല.

**MR. P. T. CHACKO** (*Kottayam II—General*) : ആ കമ്പനിയിൽ ഇപ്പോൾതന്നെ ഗവണ്മെൻറു ധാരാളം പണം മുടക്കിയിരിക്കെ, ആ കമ്പനി മുഴുവൻ ഗവണ്മെൻറു ഏറെറടുക്കുന്നതിനു വിരോധമുണ്ടോ?

**HON'BLE MR. T. M. VARGHESE** : അതേപ്പററി ആലോചിച്ചിട്ടില്ല. ഏറെറടുക്കാതിരിക്കുകയായിരിക്കും കൂടുതൽ നല്ലതു് എന്നാണു എന്റെ വ്യക്തിപരമായ അഭിപ്രായം. ഏതായാലും ഗവണ്മെൻറു അതേപ്പററി ആലോചിക്കുന്നതാണ്. നല്ലതാണെന്നു തോന്നിയാൽ—അപ്രകാരം വേണമെന്ന് ഈ സഭ തീരുമാനിച്ചാൽ—ഗവണ്മെൻറിന് ഏറെറടുക്കാവുന്നതാണ്. എന്നാൽ ഇതു ഏറെറടുക്കുന്നതായാൽ ചില പ്രതിബന്ധങ്ങളും അസൗകര്യങ്ങളും നേരിടുകയില്ലേ എന്നെനിക്കു ഭയമുണ്ട്. ഇപ്പോൾ കിട്ടുമെന്നുദ്ദേശിക്കുന്ന ലാഭംതന്നെ കുറഞ്ഞുപോകുകയില്ലേ എന്നും ഒട്ടുംതന്നെ കിട്ടാതെ പോവുകയില്ലേ എന്നും സംശയിക്കുന്നു. പല കണക്കുകളിൽനിന്നും ആണ്ടിനാൽ ൩൦ ലക്ഷം രൂപാ ലാഭം വരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു തെററായി എന്നുവരാം. അവർ പറഞ്ഞതും തെററാണെന്നു വരാം. അതുകൊണ്ടു ഗവണ്മെൻറിനു ഒരു നിയന്ത്രണം മാത്രം ഉണ്ടായാൽ മതിയെന്നാണു എന്റെ ഇപ്പോഴത്തെ അഭിപ്രായം.

MR. K. R. ELANKATH (*Trivandrum IV—General*): തിരുവിതാംകൂർഗവണ്മെൻറു എടുത്തിട്ടുള്ള ൫൧ ശതമാനം ഷെയർ നീക്കി, ബാക്കിവരുന്ന ൪൯ ശതമാനം ഷെയറിൻെറയും ഓഹരിത്തുക മുഴുവൻ പണമായി അടച്ചുതീർത്തുവെന്നു ഗവണ്മെൻറിൻെറ അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: എല്ലാം പണമായി വന്നിട്ടില്ലാ എന്നു ഗവണ്മെൻറിനറിയാം. ബാക്കിയുള്ള ഷെയർ മററുള്ളവർ എടുക്കുന്നതിനുകൂടി പ്രേരകമായിരിക്കും ആദ്യമെ നാം എടുക്കാമെന്നു സമ്മതിക്കുന്നതു്. ഇതിൽ കൂടുതൽ ഷെയറുകൾ എടുത്തിട്ടുള്ളതു മദ്രാസ് ഗവണ്മെൻറും, കൊച്ചിഗവണ്മെൻറുമാണ്. ഇതു തിരുവിതാംകൂറിൽ നടക്കുന്ന ഒരു കമ്പനിയാണ്. തിരുവിതാംകൂർ ഗവണ്മെൻറിനു് ആ കമ്പനിയെപ്പററി വിശ്വാസമില്ലാതെ വന്നാൽ, മററുള്ളവർ ഓഹരിയെടുക്കാൻ മടിക്കുമെന്നു് ഗവണ്മെൻറിനറിയാമെന്നുള്ളതുകൊണ്ടു ഗവണ്മെൻറു ആദ്യം തന്നെ ഓഹരിയെടുത്തു. ഓഹരിത്തുക മുഴുവൻ ഇപ്പോഴും അടച്ചുകഴിഞ്ഞിട്ടില്ല. അതിനെപ്പററി കൂടുതലായി അന്വേഷിക്കുന്നുണ്ടു്. ഇതുവരെ ചെയ്ത അന്വേഷണത്തിൻെറ ഫലമായി കൂടുതൽ ഓഹരിയെടുക്കുന്നതുകൊണ്ടു തരക്കേടില്ല എന്നാണു ഗവണ്മെൻറു വിചാരിക്കുന്നതു്. കടംകൊടുത്തതിൽ [illegible] ലക്ഷം രൂപാ കമ്പനിയുടെ ഓഹരിമൂലധനത്തിലേയ്ക്കു മാററാമെന്നു് ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിലും, അങ്ങനെ കൊടുത്തുകൊള്ളാമെന്നു രേഖാമൂലം ഗവണ്മെൻറു ഇതുവരെ സമ്മതം കൊടുത്തിട്ടില്ല

MR. K. R. ELANKATH: ഈ കമ്പനിക്ക് ലോണായിട്ടും ഓഹരിമൂലധനമായിട്ടും കൊടുത്തതുപോലെ വേറെ ഏതെങ്കിലും ഇനത്തിൽ ഗവണ്മെൻറിനു് പണം മുടക്കേണ്ടതായി വന്നിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE: അതിനു നോട്ടീസുവേണം.

MR. K. A. MOHAMMED (*Quilon IV—Muslim Reserved*): തിരുവിതാംകൂർ ഗവണ്മെൻറും, കൊച്ചിഗവണ്മെൻറും, മദ്രാസ് ഗവണ്മെൻറും, വളരെ കൂടുതൽ ഓഹരി എടുത്തിരിക്കുന്ന ഈ കമ്പനിയുടെ ഷെയർ മാർക്കററു ഇപ്പോൾ എന്താണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE: ഷെയർമാർക്കററിൻെറ വില ദിവസംതോറും കൂടിയും കുറഞ്ഞും ഇരിക്കും. അതിനെപ്പററി അധികൃത

സ്ഥാനത്തുനിന്നു ഈ ഹൗസിൽ ഒരു പ്രസ്താവന ചെയ്യുന്നതു വളരെ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. ഷെയർമാർക്കററിൻെറ വില കറയുന്നതിനു തന്നെ ചിലപ്പോൾ അതു കാരണമാകും.

**MR. K. A. MOHAMMED** : ഷെയർമാർക്കററിൻെറ വില ഇപ്പോൾ വളരെ കറവാണെന്നും, അതുകൊണ്ടു കമ്പനിയുടെ എല്ലാ ഓഹരികളും ഗവൺമെൻറു എടുക്കേണ്ടതാണെന്നും വിചാരിക്കുന്നുണ്ടോ?

**HON'BLE MR. T. M. VARGHESE** : ഗവൺമെൻറിൻെറ ആലോചനയിൽ ആ വിഷയം വന്നില്ല. അഥവാ, അതു പാടില്ലെന്നുമാണ് എൻെറ വ്യക്തിപരമായ അഭിപ്രായം. ഗവൺമെൻറു മുഴുവൻ ഓഹരികളും എടുക്കുന്നതു ചിലപ്പോൾ കമ്പനിയുടെ നാശത്തിനു തന്നെ കാരണമായേക്കാവുന്നതാണ്.

**MR. K. N. SANKUNNI PILLAI** (*Kottayam IV General*) : ഈ കമ്പനിയുടെ പ്രവർത്തനം തൃപ്തികരമാണോ?

**HON'BLE MR. T. M. VARGHESE** : തൃപ്തികരമല്ലെന്നു പറയാൻ നിവൃത്തിയില്ല. കൂടുതൽ തൃപ്തികരമാക്കാമെന്നു ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടു്. കൂടുതൽ തൃപ്തികരമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു് ഒരു ജോയിൻറു സ്റ്റോക്കു കമ്പനിയാണ്. ഓഹരിമാത്രമെ ഗവൺമെൻറിനുള്ളു. അതുകൊണ്ടു് ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ പ്രവർത്തനത്തിനു് ചില പരിമിതികൾ ഉണ്ടു്. അതിനു വിധേയമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

**MR. K. N. SANKUNNI PILLAI** : അങ്ങനെയിരിക്കെ, ഈ കമ്പനിയെപ്പററി പല അപവാദങ്ങളും ഇപ്പോൾ ഉണ്ടായിരിക്കുന്നതിനെ തടയുന്നതിനു ഗവൺമെൻറു തയാറാകുമോ?

**HON'BLE MR. T. M. VARGHESE** : അപവാദങ്ങളെപ്പററി അറിഞ്ഞിട്ടില്ലാത്തവരും കാണും. അറിഞ്ഞിട്ടുള്ളവർക്കുതന്നെ കാര്യങ്ങളുടെ നിജസ്ഥിതി ശരിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നും വരാം. ഏതായാലും ഇതിൻെറ ശരിയായ ഒരു രൂപം ഈ ഹൗസ് പിരിയുന്നതിനു മുൻപായിതന്നെ ഒരു ലഘുലേഖയായി അച്ചടിച്ചു് എല്ലാ മെമ്പറന്മാർക്കും വിതരണം ചെയ്യാൽ കൊള്ളാമെന്നു് ഗവൺമെൻറു വിചാരിക്കുന്നു. ഒരു ജോയിൻറു സ്റ്റോക്കുകമ്പനി എന്ന നിലയിൽ നിയമപ്രകാരമായി പ്രസിദ്ധപ്പെടുത്തുവാൻ തടസ്സമില്ലാത്ത എല്ലാ രേഖകളും വിതരണം ചെയ്യണമെന്നാണു വിചാരിക്കുന്നതു്.

*F. A. C. T. Taxi service.*

306. MR. E. K. MADHAVAN : Will the Honourable Minister for Industries be pleased to state :

(a) whether the Government are aware of the fact that the F. A. C. T., is running taxis at the rate of four annas per mile for the use of the staff ; and

(b) if the answer is in the affirmative will they be pleased to state the reason for such a cheap rate for taxis in the F. A. C. T. ?

HON'BLE MR. T. M. VARGHESE : ഫെർട്ടിലൈസേഴ്സ് ആൻറു കെമിക്കൽസ് കമ്പനി ടാക്സി നടത്തുന്നതിനെപ്പററി യാതൊരറിവും ഗവൺമെൻറിനില്ല. എന്നാൽ അതേപ്പററി അന്വേഷണം നടത്തിയതിൻെറ ഫലമായി താഴെ പറയുന്ന വിവരങ്ങൾ ലഭിച്ചിട്ടുണ്ടു്: കമ്പനിയിലുള്ള ജോലിക്കാരിൽ അധികംപേരും ആലുവാ പട്ടണത്തിലാണു താമസിക്കുന്നതു്. അവിടെനിന്നും കമ്പനിയിലേക്കു വളരെ ദൂരമുള്ളതുകൊണ്ടു് ഈ ജോലിക്കാരെ, സമയത്തു് കൊണ്ടുപോകുന്നതിനും മററും ടാക്സി അയച്ചുകൊടുക്കുന്നുണ്ടു്. അതിനു് നാമമാത്രമായ കൂലിയായി നാലണ വച്ചിരിക്കുന്നു. ഇതു് കമ്പനി ചെയ്യുന്ന ഒരേർപ്പാടാണു്. ഈ നാലണ വച്ചിരിക്കുന്നതു് അതിൻെറ ചെലവിനെ ഉദ്ദേശിച്ചുമാത്രമാണു്. യാതൊരു ലാഭവും ഉദ്ദേശിച്ചിട്ടല്ല ഇതു നടത്തുന്നതു്. ജോലിക്കാരെ സഹായിക്കുന്നതിനുവേണ്ടിയും ജോലിയുടെ തൃപ്തികരമായ പുരോഗമനത്തിനു ഇതു ആവശ്യമാണെന്നു കണ്ടതുകൊണ്ടും സൗജന്യനിരക്കിൽ ഈ ഏർപ്പാടു വരുത്തിയിരിക്കുന്നു. അവിടെ ജോലിക്കുപോകുന്ന ആളുകൾ കൂടുതലും തിരുവിതാംകൂർകാരാണു്.

MR. E. K. MADHAVAN : ക്ഷയരോഗംപോലെയുള്ള മഹാവ്യാധികൾ പിടിപെട്ടിട്ടുള്ള രോഗികളെ നാഗർകോവിലിൽ കൊണ്ടുപോകുന്നതിനു [illegible] പെട്രോൾ ആവശ്യപ്പെട്ടാൽ കിട്ടാതിരിക്കുന്ന ഇക്കാലത്തു്, ഈ കമ്പനിയുടെ വിമാനത്തിനു് പെട്രോൾ കൊടുക്കുന്നതു ശരിയാണെന്നു ഗവൺമെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഈ കമ്പനിയുടെ വകയായ എയ്റോപ്ലെയിനിനു് പെട്രോൾ കൊടുക്കുന്നുണ്ടോ എന്നറിവില്ല. ഏതായാലും അതേപ്പററി അന്വേഷിക്കാം.

## *Supply of petrol to the Fertilisers and Cheimicals Ltd.*

307. MR. E. K. MADHAVAN : Will the Honourable Minister be pleased to state,

(a) the total quantity of petrol coupons supplied to the Fertilisers and Chemicals Ltd.;

(b) the quantity of petrol coupons supplied for the aeroplane owned by the company; and

(c) whether the coupons are supplied in a lump to the company or as per numbers of each vehicle owned and registered in the name of the company?

HON'BLE MR. A. ATCHUTHAN: (a) The total quantity of petrol supplied to the Fertilisers & Chemicals Ltd., per month, varies from 3000 to 4000 gallons according to availability.

(b) Petrol is not being issued every month in respect of the Aeroplane owned by the Company. Whenever a demand is made, petrol is issued in the past has varied from 200 to 300 gallons per mensem. Coupons are not supplied but a licence is issued to acquire this petrol as per the provisions of the Motor Spirit Rationing Order.

(c) For vehicles such as cars, lorries and boats owned by the Company, petrol coupons are issued on the basis of the number of vehicles. For industrial purposes of the company, a licence is issued to acquire petrol as per provisions contained in the Motor Spirit Rationing Order.

MR. E. K. MADHAVAN : കൊച്ചിയിൽനിന്നു ഒരു എയറോപ്ലെയിൻ സർവ്വീസ് നടത്തുന്ന സ്ഥിതിക്ക് ഈ കമ്പനിക്ക പ്രത്യേകം ഒരു എയറോപ്ലെയിൻ ഉണ്ടായിരിക്കേണ്ട ആവശ്യമുണ്ടോ?

HON'BLE MR. A. ATCHUTHAN : കമ്പനിക്കാക്ക കൂടുതൽ യാത്രാസൗകര്യം വേണ്ടിവരുന്ന അവസരത്തിൽ എയറോപ്ലെയിൻ ഉണ്ടായിരിക്കേണ്ടതു ആവശ്യമായിരിക്കും. It is a matter of opinion.

MR. E. K. MADHAVAN: ദിവസവും കൊച്ചിയിൽനിന്ന് എയറോപ്ലെയിൻ പോകുന്നതുകൊണ്ട് കമ്പനിക്കാക്ക അതിൽ യാത്രചെയ്താൽ പോരേ?

HON'BLE MR. A. ATCHUTHAN: കൊച്ചിയും തിരുവനന്തപുരവും മാത്രമല്ല അവക്ക പോകേണ്ടസ്ഥലങ്ങൾ. അതുകൊണ്ട പ്രത്യേകം ഒരു എയറോപ്ലെയിൻ ഉണ്ടായിരിക്കേണ്ട ആവശ്യം അവക്കുണ്ടാവാം.

MR. E. K. MADHAVAN: കൊച്ചിയിൽനിന്നും വിട്ടുന്ന വിമാനം കൊച്ചിയിലും തിരുവിതാംകൂറിലും മാത്രം ഓടുന്നതല്ലെന്നും, ലോകത്തിന്റെ പല ഭാഗങ്ങളുമായി ആ സർവ്വീസിനു കണക്ഷനുണ്ടെന്നും ഗവൺമെന്റിനറിയാമോ?

HON'BLE MR. A. ATCHUTHAN: പക്ഷെ, അവർക്ക ജോലിയുടെ സമയത്തിനു ചെല്ലണമെങ്കിൽ സ്വന്തം വിമാനം ആവശ്യമാണു്.

MR. K. A. MATHEW: പെട്രോൾക്ഷാമം വളരെ മൂർദ്ധന്യതയിൽ ഇരിക്കുന്ന ഈ അവസരത്തിൽ കമ്പനികൾ എയറോപ്ലെയിനിനു പെട്രോൾ കൊടുക്കാതിരിക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെന്റിനു തോന്നുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN: അതെപ്പറ്റി ആലോചിക്കാവുന്നതാണു്.

*Purchase of paddy from Varakkars.*

308. MR. P. V. URUMESE THARAKAN (*Shertala I—General*): Will the Honourable Minister for food be pleased to state :

(*a*) whether the Government are aware that there is such a phenomenon as the 'Varakaran' (വാരക്കാരൻ) in the scheme of cultivation in Shertala taluk;

(*b*) what is the definition of a 'Varakaran';

(*c*) are the Government aware that settlement Pattom and excess are realised from the Varakars also in Shertala taluk;

(*d*) are the Government convinced of the injustice involved in this; and

(*e*) will the Government be pleased to consider the desirability of striking off their ration for the amount of paddy that they get as varam instead of purchasing the whole quantity by the Government as is done at present?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) Varakaran is a Cultivator who has no subsisting right over the land and his cultivation, but only a right to a portion of the cultivation-generally half and in certain cases 2/5 of the yield of the paddy field cultivated by him during any season.

(*c*) Only a portion of the settlement pattom in proportion to the share of the produce obtained by the Varakars was purchased on behalf of the Government. Concessions have been allowed in deserving cases. No excess was purchased in cases where there was sufficient yield. If the jenmi supplied the varakars with seed that quantity was purchased from the varakars and was set-off against the quantity allowed finally to the jenmi for seed.

(*d*) The question does not arise since no injustice is involved in this.

(*e*) The question does not arise since the whole varam is not being purchased. Only the quantity, if any in excess of their requirements for seed, labour, and domestic consumption is purchased after cancelling their ration cards for the corresponding period.

*Income-tax Returns.*

309. MR. PAUL A. THALIAT (*Parur III—General*); Will the Honourable Minister for Income-tax be pleased to state:

(*a*) the number of Income-tax returns filed before the Income-txa officers of Alwaye in 1122 and 1123 respectively;

(*b*) the number of such returns disposed of by them in 1122 and 1123 respectively;

(*c*) the number of undisposed returns of their file just before the transfer of some income-tax files to respective Tahsildars; and

(*d*) the number of returns transferred to the files of different Tahsildars under their jurisdiction respectively?

HON'BLE MR. C. KESAVAN:

| | 1122. | 1123. |
|---|---|---|
| (*a*) | 2768 | 3843 |
| (*b*) | 338 | 2175 |
| (*c*) | 3598 | |
| (*d*) | 2700 | |

MR. PAUL A. THALIAT: ബാക്കി വന്നിട്ടുള്ള ഫയൽ ട്രാൻസ്ഫർ ചെയ്തിരിക്കുന്നതു് ഏതു തഹശീൽദാരന്മാർക്കാണു്?

HON'BLE MR. C. KESAVAN: ആലുവാ സർക്കിളിൽപെട്ട തഹശീൽദാരന്മാർക്കാണു്.

*Medical Practitioners' Act.*

310. MR. A. NESAMONY (*Vilavancode—S. I. U. C*): Will the Honourable Minister for Medicine be pleased to state:

(*a*) the number of applications for registration under Section 22 clause 3 of sub-section 1 of the Travancore Medical Practitioners' Act;

(*b*) the number of applications granted;

(*c*) the number of applications rejected;

(*d*) are the Government aware that the Medical Council is insisting on (i) an examination and (ii) a license under the Poison's Act, in contravention of the provisions of the said Act; and

(*e*) does the Government intend to cancel such illegal orders of the Medical Council?

HON'BLE MR. G. RAMACHANDRAN: (*a*) 7,179.

(*b*) 5,454.

(*c*) 1,007 (225 applicants have been admitted to the examination.)

(*d*) (i) Government are not aware that the Medical Council is insisting on an examination. Such of the applicants who are not registrable under Section 22 (1) (iii), but are eligible to appear for the examination under Section 22 ( ) (iv) are informed accordingly.

(ii) Yes. In the case of some allopathic applicants.

(*e*) As per rule 99 of the Travancore Medical Practitioners' Rules, the aggrieved parties can appeal to the Government on the decisions of the Council and such appeal is decided by them on its own merits.

MR. A. NESAMONY: May I know, has the Government received a representation from South Travancore Medical Association on this subject?

HON'BLE MR. G. RAMACHANDRAN: I should enquire about it.

MR. A. NESAMONY: Are the conditions mentioned in (d) (ii) against the provisions of Section 22 sub-section (iii) which require only a continuous period of practice for 5 years ?

HON'BLE MR. G. RAMACHANDRAN: I do not think so. What is asked for is a period of continuity which will prove to the satisfaction of the Medical Council and if they feel dissatisfied they will make a concession. An examination test is sometimes insisted on but not always. Those who want to take advantage of it can sit for the examination and secure a pass.

MR. A. NESAMONY: Are the Government aware that certificates granted by Tahsildars to the effect that a certain practitioner has put in 5 years of practice in the line have been rejected by the Medical Council?

HON'BLE MR. G. RAMACHANDRAN: I can imagine such a thing happening some-times because after all Tahsildars are not technical men to grant the requisite certificates. The Medical Council may want something on which they could rely on the proficiency of the doctor and that only when they feel dissatisfied about the person. Such a thing does not happen always.

MR. A. NESAMONY: Any way will the Government be pleased to clarify the position by issuing a circular stating the kind of test that is expected to get proficiency so that no difficulty may arise on that point ?

HON'BLE MR. G. RAMACHANDRAN: There is no difficulty about it. The Government will do accordingly.

മത്സ്യം പിടിക്കാൻ ഉപകരിക്കുന്ന കപ്പലുകൾ.

311. MR. ALBERT LOPEZ (*Neyyattinkara II—Latin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർഗവണ്മെന്റുവകയായിമത്സ്യം പിടിക്കാൻ ഉപകരിക്കുന്ന മററു തരത്തിലുള്ള കപ്പലുകൾ ഉണ്ടോ? ഉണ്ടെങ്കിൽ എത്ര എണ്ണം?

(ബി) ഓരോന്നും എപ്പോൾ വാങ്ങിയെന്നും ഓരോന്നിന്റേയും വില എന്തെന്നും പ്രസ്താവിക്കുമോ?

(സി) ഈ കപ്പലുകൾ ഇപ്പോൾ എവിടെയെന്നും ഏതു തരത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നും സദയം പ്രസ്താവിക്കുമോ?

(ഡി) വാങ്ങിയതിനുശേഷം ഓരോന്നിൽനിന്നും മാസംതോറു മുള്ള ആദായത്തിന്റെയും പ്രവൃത്തനത്തിനുള്ള ചെലവിന്റെയും വിവരം കാണിക്കുന്ന സ്റ്റേറ്റുമെന്റു മേശമേൽ വയ്ക്കുമോ?

HON'BLE MR. K. M. KORAH : (എ) മത്സ്യം പിടിക്കുന്നതിനു വേണ്ടി ഗവൺമെന്റിന്റെ വകയായിട്ട് ഒരു കപ്പൽ ഉണ്ട്.

(ബി) അതു് വാങ്ങിച്ചതു് ൧൧൨൯ ജൂലായി മാസത്തിലാണ്. അതിന്റെ വില ൯൨,൫൦൦ രൂപയാണ്.

(സി) പ്രവൃത്തനരഹിതമായി ഇപ്പോൾ കൊച്ചിത്തുറമുഖത്തു കിടക്കുന്നു.

(ഡി) ഇപ്പോൾ ഉപയോഗിക്കുന്നില്ലാത്തതുകൊണ്ട് ആദായ മൊന്നുമില്ല.

MR. P. T. CHACKO : ഈ കപ്പൽ മത്സ്യം പിടിക്കാൻ കൊള്ളാ വുന്നതാണോയെന്നു പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH: മീൻപിടിക്കാൻ കൊള്ളാവുന്നതാ ണെന്നു വിദഗ്ദ്ധാഭിപ്രായം ലഭിച്ചതിനുശേഷമാണ് ഇതു് വാങ്ങിച്ചിട്ടു ള്ളതു്.

MR P T CHACKO : ഇപ്പോൾ അതു വില്ക്കുകയാണെങ്കിൽ എന്തു വില കിട്ടുമെന്നു പറയാമോ?

HON'BLE MR. K. M KORAH : ഇപ്പോൾ എന്തുവില കിട്ടുമെന്നു നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : ഈ കപ്പൽ ഇപ്പോൾ ഉപയോഗശൂന്യ മായിട്ടു കിടക്കുന്നതു എന്തുകൊണ്ടാണ് ?

HON'BLE MR. K. M. KORAH: ഇതു് ഒരു മൈൻസ്വീപ്പർ കപ്പൽ ആയിരുന്നു. അതിനെ മീൻപിടിക്കുന്നതിനു ഉപയോഗപ്പെടുത്തേണ്ടി വന്നപ്പോൾ ചില അറ്റകുറ്റപ്പണികൾ തീർക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനുവേണ്ടി കൊച്ചി എൻജനീയറിംഗ്ഗ കമ്പനിക്കാരെ ഏല്പിച്ചു. അറ്റകുറ്റപ്പണിക്കുശേഷം അവർ ഗവൺമെന്റിനെ തിരിച്ചേല്പിച്ചി ട്ടുണ്ടു. കാലതാമസമന്യേ അതു പ്രവൃത്തനത്തിലേർപ്പെടുന്നതാണ്.

MR. MANNAR K. GOPALAN NAIR (*Thiruvella I—General*) : കൂടുതൽ വില കിട്ടുകയാണെങ്കിൽ വില്ക്കുന്നതിനു ഗവൺമെന്റിനു വല്ല തടസ്സവു മുണ്ടോ?

HON'BLE MR. K. M KORAH : അതിനെപ്പറ്റി ഇതുവരെ ആലോ ചിച്ചിട്ടില്ല.

MR. S. KUTTEN (*Neyyattinkara I—General*) : ഈ കപ്പൽ ഇപ്പോൾ കടലിലാണോ അതോ കരയിലാണോ?

HON'BLE MR. K. M. KORAH : കൊച്ചി തുറമുഖത്താണെന്നു ഞാൻ പ്രസ്താവിച്ചു കഴിഞ്ഞു.

MR. ABDUL AZIZ : ഏതായാലും ഈ കപ്പൽ നഷ്ടപ്പെട്ടെന്നു ഗവണ്മെന്റിനു തോന്നിയിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങനെ തോന്നിയിട്ടില്ല.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) ഒരു വമ്പിച്ച തുക കൊടുത്തു ഈ കപ്പൽ വാങ്ങിച്ചതിനു പകരം കുറെ വള്ളങ്ങളും വാങ്ങിച്ചാൽ പോരായിരുന്നോ?

HON'BLE MR. K. M. KORAH : ഏതായാലും ഇതു വാങ്ങിച്ചു പോയല്ലോ.

MR. M. V. CHACKO (*Kunnathunad III—General*) : ഇതിന്റെ അററകുററപ്പണികൾ ഇനിമേൽ എന്തു ചെലവു വരുമെന്നു പറയാമോ?

HON'BLE MR. K. M. KORAH : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

## ചേർത്തല — ആലപ്പുഴ തോട്.

312 MR. KRISHNAN AIYAPPAN (*Sherthalai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല — ആലപ്പുഴ തോടുവെട്ടിനുവേണ്ടി ഇതുവരെ ഗവണ്മെന്റിനു എന്തു ചെലവായിട്ടുണ്ട്? എത്ര മൈൽ വെട്ടിത്തീർത്തിട്ടുണ്ട്?

(ബി) ഇനി എത്ര മൈൽകൂടി വെട്ടിയാൽ ഈ തോടു പൂർത്തിയാകും? അതിലേക്കു ഉദ്ദേശം എന്തു തുകകൂടി ചെലവാകും?

(സി) ഈ തോടുവെട്ടു പൂർത്തിയാക്കാത്തതുമൂലം വെട്ടിയിടത്തോളം ഭാഗത്തിന്റെ കിഴക്കും പടിഞ്ഞാറും ഉദ്ദേശം മുക്കാൽ മൈൽ വീതിയിലുള്ള സ്ഥലത്തെ നിലം പുരയിടങ്ങളിലെ കൃഷിക്കു വലുതായ നാശം സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

(ഡി) തോടുവെട്ടുജോലികൾ ഗവണ്മെന്റിൽനിന്നും ചെലവാക്കിയതിനേക്കാൾ കുറഞ്ഞതോതിൽ വെട്ടിത്തീർക്കുന്നതിനു കാൺട്രാക്ററു എടുത്തു നടത്താൻ പ്രൈവററു ഏജൻസികൾ തയ്യാറുള്ളപക്ഷം അങ്ങനെ കാൺട്രാക്ററു കൊടുക്കുന്നതിനു വിരോധമുണ്ടോ?

**HON'BLE MR. A. ATCHUTHAN:** (എ) ചേർത്തല — ആലപ്പുഴ തോടുവെട്ടുന്നതിന് ൧,൭൨,൮൪൭ രൂപ ഇതേവരെ ചെലവായിട്ടുണ്ട്. ൭ മൈൽ ൧൭൩൨ അടി ഇതുവരെ തീർന്നിട്ടുണ്ട്.

(ബി) ൩ മൈൽ ൪൪൭ അടി ഇനിയും വെട്ടിത്തീർക്കാനുണ്ട്. അതിന് ഏകദേശം മൂന്നര ലക്ഷം രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) അതിനെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇതു്. സ്ഥിതിഗതികൾ നന്നാകുമ്പോൾ പണി പൂർത്തിയാക്കുന്ന കാര്യത്തെക്കുറിച്ചാലോചിക്കുന്നതാണു.

**MR. KRISHNAN AIYAPPAN:** ആലപ്പുഴമുതൽ ചേർത്തലവരെയുള്ള തോടിനു വേണ്ടി സ്ഥലം പൊന്നുംവില കൊടുത്തു എടുത്തിരിക്കയാണെന്നു ഗവണ്മെൻറിനറിയാമോ?

**HON'BLE MR. A. ATCHUTHAN:** അറിയാം.

**MR. KRISHNAN AIYAPPAN:** ചേർത്തല താലൂക്കിലുള്ള മരുഭൂമിപ്രകൃതം മാററാനായിട്ടാണ് ഈ തോടുവെട്ടാരംഭിച്ചിട്ടുള്ളതെന്നറിയാമോ?

**HON'BLE MR. A. ATCHUTHAN:** പൊതുജനങ്ങളുടെ ഗതാഗതസൗകര്യത്തിനും വ്യവസായപരിപോഷണത്തിനുമായിട്ടാണ് ഇതു് വെട്ടുന്നതെന്നാണ് ഗവണ്മെൻറ് ധരിച്ചിരിക്കുന്നതു്.

**MR. EAPEN ARAKKAL** (*Ambalapuzha I—Latin Catholic*): ഈ തോട് എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

**HON'BLE MR. A. ATCHUTHAN:** എത്ര കാലംകൊണ്ടു് തീരുമെന്നു ഖണ്ഡിതമായി പറയാൻ സാധിക്കയില്ല. എങ്കിലും നിവൃത്തിയുള്ളിടത്തോളം വേഗത്തിൽ തീർക്കുമെന്നു പറയാം.

**MR. K. RAMAKRISHNA PILLAI** (*Ambalapuzha I—General*): ൧൧൨൩-ൽ ഈ തോടിനുവേണ്ടി എന്തു ചിലവായിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

**HON'BLE MR. A. ATCHUTHAN:** ൧,൭൨,൮൪൭ രൂപ

ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ.

---

313. **MR. MANNAR K. GOPALAN NAIR:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇലക്ട്രിക്കൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

[Mr. Mannar K. Gopalan Nair]

(എ) ആലപ്പുഴ ഇലക്ട്രിക്കൽ സ്റ്റോർകീപ്പർ ഇപ്പോൾ ആരാണ്?

(ബി) അദ്ദേഹത്തിന്റെ യോഗ്യതയും ഇപ്പോഴത്തെ ശമ്പളസ്കെയിലും എന്ത്?

(സി) അദ്ദേഹത്തിന്റെ മുമ്പുള്ള ജോലി എന്തായിരുന്നു?

(ഡി) അദ്ദേഹത്തിന്റെ ശമ്പളസ്കെയിൽ പരിഷ്കരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്ന്?

(ഇ) അദ്ദേഹത്തിന് അക്കൌണ്ട് ആഫീസറുമായി എന്തു ബന്ധമാണ്?

HON'BLE MR. A. ATCHUTHAN: (എ) മി. എസ്. ഹരിഹരയ്യർ.

(ബി) ഇ. എസ്. എൽ. സി., ട്രാവൻകൂർ അക്കൌണ്ട് ടെസ്റ്റ്, പി. ഡബ്ലിയു. ഡി. ടെസ്റ്റ്, ശമ്പളം ൧൨൫ മുതൽ ൧൭൫ വരെ.

(സി) ഇലക്ട്രിക് സ്റ്റോർ കീപ്പർ.

(ഡി) ഉണ്ട്. ൧൧൨൩ ചിങ്ങം ൧-ാം൹.

(ഇ) അക്കൌണ്ടാഫീസർ മി. എസ്. രാമസ്വാമിഅയ്യരുടെ ഇളയ സഹോദരൻ.

MR. MANNAR K. GOPALAN NAIR: അദ്ദേഹത്തിന്റെ പേരിൽ പരാതിവന്നതുകൊണ്ടാണ് അദ്ദേഹത്തെ ആലപ്പുഴയിൽ പേ റിവൈസ് ചെയ്തു ട്രാൻസ്ഫർ ചെയ്തത് എന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അറിവില്ല.

MR. MANNAR K. GOPALAN NAIR: ഇവിടത്തെ പതിവ് ഒരാളെപ്പറ്റി പരാതിയുണ്ടെങ്കിൽ ശമ്പളം കൂട്ടിക്കൊടുത്ത് സ്ഥലം മാറ്റുകയാണെന്നറിയാമോ?

HON'BLE MR. A. ATCHUTHAN: അറിവില്ല.

MR. K. A. MATHEW: ഈ ആളിനെ നിയമിച്ചതിൽ പിന്നീടാണോ പേ റിവൈസ് ചെയ്തത്?

HON'BLE MR. A. ATCHUTHAN: പേ റിവൈസ് ചെയ്തത് ൧-൧-൧൧൨൩-ലാണ്.

MR. K. A. MATHEW: അത് അദ്ദേഹത്തെ നിയമിച്ചതിനു ശേഷമാണോ?

HON'BLE MR. A. ATCHUTHAN: അതു ഇപ്പോൾ അറിയാൻ നിവൃത്തിയില്ല.

*Purchase of medicines.*

314 MR. ALEXANDER VAKAYIL : Will the Honourable Minister for Medical be pleased to state:

(a) is it a fact that the medical officers of local Government institutions are not allowed without previous sanction to make local purchase ; and

(b) if so, do the Government realise that such prohibition works prejudicially against patients for whom they are immediately needed?

HON'BLE MR. G. RAMACHANDRAN : (a) Yes.

(b) Not generally. As the purchase of medicines is controlled by the Head of the Department and Government Central Stores, it is not advisable to sanction local purchases by the Medical Officers in general.

MR. ALEXANDER VAKAYIL : രോഗികൾ ആശുപത്രികളിൽ വരുന്ന അവസരത്തിൽ അവിടെ മരുന്നില്ലാത്തതുകൊണ്ട് പ്രൈവററ് ഷാപ്പുകളിൽനിന്നും മരുന്നു വാങ്ങിച്ചുകൊണ്ടുവരുവാനായി ഡോക്ടറന്മാർ ഉപദേശിക്കുന്നു എന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ഉണ്ടായിരിക്കാം.

MR. ALEXANDER VAKAYIL : അങ്ങനെ ഉപദേശിക്കുമ്പോൾ മരുന്നു വാങ്ങിക്കാൻ സാധിക്കാത്ത അനേകം പാവപ്പെട്ട രോഗികൾ മരിക്കുന്നുണ്ടെന്നറിയാമോ?

HON'BLE MR. G. RAMACHANDRAN : ആ കാരണംകൊണ്ടുമാത്രം രോഗികൾ മരിക്കുന്നതായിട്ട് ഗവൺമെൻറിനറിവില്ല.

*Opening new dispensaries.*

315. MR. P. M. VARGHESE (*Thodupuzha II—General*) :Will the Honourable Minister for Medical be pleased to state whether Government intend opening dispensaries in all pakuthies without waiting for local free supply of site, building and furniture?

HON'BLE MR. G. RAMACHANDRAN: No.

MR. P. M. VARGHESE : അങ്ങനെ ആവശ്യമുള്ള സ്ഥലങ്ങളിൽ ജനങ്ങൾ സ്ഥലസൗകര്യങ്ങളും കെട്ടിടവും മററുപകരണങ്ങളും കൊടുക്കുകയാണെങ്കിൽ ഡിസ്പെൻസറിക്ക് അനുവാദം നൽകുന്നതായിട്ടറിയാമോ?

HON'BLE MR. G. RAMACHANDRAN : അതാണ് പതിവ്.

MR. P. M VARGHESE : അങ്ങനെ പതിവായി വച്ചാൽ ഈ സ്ഥലസൗകര്യങ്ങളും മററുപകരണങ്ങളും ഒന്നും കൊടുക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിൽ പാവങ്ങൾ എന്തുചെയ്യും?

HON'BLE MR. G. RAMACHANDRAN : അങ്ങനെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ആളുകൾ ഈ ഉപകരണങ്ങളൊന്നും കൊടുത്തില്ലെങ്കിലും ഗവൺമെന്റ് ഡിസ്പെൻസറി അനുവദിക്കുന്നുണ്ട്.

*Posting of Tamilian Officers in the Tamil areas.*

316. MR. R. CHELLASWAMI NADAR (*Vilavancode Hindu Nadar*): Will the Honurable Minister for General Administration be pleased to state whether the Government will post Tamilian Officers as far as possible in the Tamil areas of Travancore in various departments?

HON'BLE MR. A THANU PILLAI : The Question of posting as far as possible Tamil knowing Officers will be considered.

MR. R. CHELLASWAMI NADAR : May I know whether the Hon'ble Minister is aware that much difficulty is experienced by Malayalam knowing Officers who are Magistrates and Tahsildars for taking down depositions in Tamil?

HON'BLE MR. A. THANU PILLAI : കുറച്ചു പ്രയാസങ്ങൾ ചിലപ്പോൾ വന്നേക്കാം.

*Kanni crop in Vaikom.*

317. MR. P. GOPALAN (*Vaikom III—General*): Will the Hon'ble Minister for Agriculture be pleased to state whether theis aware that considerable damages have been caused to the ensuing Kanni crop in Vaikom taluk?

HON'BLE MR. K. M. KORAH : ഇല്ല.

MR. P. GOPALAN : അങ്ങനെ ആരെങ്കിലും ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : വൈക്കത്ത് കന്നികൃഷി കുഴപ്പത്തിലായി എന്ന് ആരും അറിയിച്ചിട്ടില്ല. എന്നാൽ വൈക്കം താലൂക്കിൽ ഉൾപ്പെട്ട വെച്ചൂർ, തലയാഴം, എന്നീ പകുതികളിൽ കന്നി കൃഷിക്കു കുഴപ്പമുണ്ടായി എന്ന് അറിഞ്ഞിട്ടുണ്ട്.

MR. P. GOPALAN : എന്തുകൊണ്ടാണ് കന്നികൃഷി മോശമായതെന്നറിയാമോ?

HON'BLE MR. K. M. KORAH : വെള്ളപ്പൊക്കംമൂലം.

MR. P. GOPALAN : വെള്ളപ്പൊക്കംകൊണ്ട് സാധാരണ ഇങ്ങനെ വരാറുണ്ടെന്നുള്ളത് അറിയാമോ?

HON'BLE MR. K. M. KORAH : സാധാരണ ഉണ്ടാകാറുണ്ട്.

*Advice from Sir C. P. Ramaswami Aiyar.*

318. MR. N. V. CHACKO (*Kunnathunad III—General*): Will the Honourable Prime Minister be pleased to state:

(*a*) whether the Government of Travancore are receiving any advice or instruction from Sir C. P. Ramaswami Aiyar at present either directly or indirectly; and

(*b*) whether there is any truth in the rumour that the Advocate-General visited Sir C. P. Ramaswami Aiyar recently?

HON'BLE MR. A. THANU PILLAI: (എ) ഇല്ല.

(ബി) അറിഞ്ഞുകൂടാ.

MR. N. V. CHACKO: സർവീസിലിരിക്കുന്ന ഒരാളായതുകൊണ്ട് അദ്ദേഹം അവധി എടുത്തുകൊണ്ടാണോ പോയത് എന്നറിയാമോ?

HON'BLE MR. A. THANU PILLAI: അറിഞ്ഞുകൂടാ.

*Land for Cardamom Cultivation.*

319. MR. N. P. VARGHESE (*Muvattupuzha I—General*): Will the Honourable Minister for land be pleased to state:

(*a*) Are Government aware that a large number of applicants who applied under the old cardamom rules to get land for cardamom cultivation deposited the premium and surveyed the land, have been hard hit by the new rules, because retrospective effect was given to it by the fact that they had to surrender the land and the improvements they effected without any compensation; and

(*b*) are Government aware that the promulgation of the new rules has dissuaded people from cardamom cultivation which is one of the most profitable cultivations in the hill districts?

HON'BLE MR. C. KESAVAN:

(*a*) No. The old cardamom rules allowed registry to bonafide applicants for cardamom cultivation. Subseqnently Government changed their policy in regard to the assignment of land. Lands occupied bonafide and improved upon are now being leased out to the respective occupants without auction for 12 years under the Kuthakapattom Rules for lease of cardamom lands.

(*b*) No.

MR. N. P. VARGHESE: Do Government intend to revise the rules?

HON'BLE MR. C. KESAVAN: There is no reason why it should be changed.

ഓരോ മന്ത്രിമാരുടേയും ആവശ്യത്തിനു ചിലവായിട്ടുള്ള

പെട്രോൾ.

320. MR. KALATHIL VELAYUDHAN NAIR (*Changanacherry II—General*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട [illegible] വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഓരോ മന്ത്രിമാരുടേയും ആവശ്യത്തിന് [illegible] മീനം, മേടം, ഇടവം, മിഥുനം ഈ മാസങ്ങളിൽ എത്ര ഗ്യാലൻ പെട്രോൾവീതം ചിലവായിട്ടുണ്ട്?

HON'BLE MR. A. ATCHUTHAN : : ൧൧൨൩ മീനം മുതൽ നാലുമാസങ്ങളിൽ മന്ത്രിമാർ ഉപയോഗിച്ചിട്ടുള്ള പെട്രോളിന്റെ കണക്ക് താഴെ പറയുന്ന രീതിയിലാകുന്നു.

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. പട്ടം എ. താണുപിള്ള

| | | | |
|---|---|---|---|
| മീനം | ൩൨ ഗ്യാലൻ | മേടം | ൧൦൦ ഗ്യാലൻ |
| ഇടവം | ൧൦൮ ,, | മിഥുനം | ൧൨൦ ,, |

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. എം. വറുഗീസ്.

| | | | |
|---|---|---|---|
| മീനം | ൨൪ ഗ്യാലൻ | മേടം | ൩൪ ഗ്യാലൻ |
| ഇടവം | ൧൩൦ ,, | മിഥുനം | ൧൨൪ ,, |

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. കേശവൻ

| | | | |
|---|---|---|---|
| മീനം | ൬൩ ഗ്യാലൻ | മേടം | ൧൩൦ ഗ്യാലൻ |
| ഇടവം | ൧൩൨ ,, | മിഥുനം | ൧൫൨ ,, |

ബഹുമാനപ്പെട്ട മന്ത്രി. ശ്രീ. കെ. എം. കോര

മിഥുനം ൮ ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ ജി. രാമചന്ദ്രൻ

മിഥുനം ൨൪ ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. അച്ചുതൻ

മിഥുനം ൮ ഗ്യാലൻ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ പി. എസ്. നടരാജപിള്ള

മിഥുനം ൮ ഗ്യാലൻ

**മത്സ്യവകുപ്പിന്റെ ഡിവിഷൻ ഇൻസ്പെക്ടറന്മാർ.**

321. MR. WILSON PETER (*Shertalai III—Latin Catholic*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മത്സ്യവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ?

(എ) മൽസ്യവകുപ്പിന്റെ കീഴിൽ എത്ര ഡിവിഷൻ ഇൻസ്പെക്ടറന്മാരും എത്ര സബ് ഇൻസ്പെക്ടറന്മാരും ഉണ്ട്?

(ബി) പുതിയ ഉപ്പു വിതരണസമ്പ്രദായത്തിന്റെ വെളിച്ചത്തിൽ അവരുടെ ജോലിയുടെ ഇന്നത്തെ രൂപമെന്ത്?

**HON'BLE MR. K. M. KORAH** : (എ) മൂന്ന് ഇൻസ്പെക്ടറന്മാരും ഇരുപതു സബ് ഇൻസ്പെക്ടറന്മാരും.

(ബി) ഇൻസ്പെക്ടറന്മാരിൽ രണ്ടുപേർ കായലുകളുടെയും ആറ്, തോട് മുതലായ പുറമ്പോക്കു ജലാശയങ്ങളുടെയും ചാർജ്ജുകൂടി വഹിക്കുന്നുണ്ട്. മൂന്ന് ഫിഷറി സബ് ഇൻസ്പെക്ടറന്മാർ കായലുകളുടെ ചാർജ്ജു മാത്രം വഹിക്കുന്നവരും ആകുന്നു. പതിനേഴുപേരും ഒരു ഇൻസ്പെക്ടരും മത്സ്യവ്യവസായികളുടെയിടയിൽ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതി വളർത്തുന്നതിലും മത്സ്യപരിപാലനം സംബന്ധിച്ചുള്ള നവീനമാർഗ്ഗങ്ങളെപ്പറ്റി ഉപദേശം കൊടുക്കുന്നതിലും ഏർപ്പെട്ടിരിക്കുന്നു.

**MR. WILSON PETER** : ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ചില പുറമ്പോക്കു ജലാശയങ്ങളും ഇപ്പോഴും വ്യക്തികളുടെ കയ്യിൽ ഇരിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

**HON'BLE MR. K. M. KORAH** : ഉണ്ട്, അതിനു വേണ്ട നടപടി നടത്തുന്നുണ്ട്.

### ചെമ്മീൻ കയററുമതി.

322. **MR. K. K. CHELLAPPAN PILLAI** (*Mavelikara II—General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കയററുമതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വിദേശങ്ങളിലേക്കു ചെമ്മീൻ കയററി അയയ്ക്കുന്നതിനു കേരളം വ്യവസായികൾക്കു നേരിട്ടിട്ടുള്ള വിഷമതകളെക്കുറിച്ചു അവർ നിവേദനം നടത്തിയിട്ടുള്ളതിന് എന്തു പരിഹാരം ചെയ്തിട്ടുണ്ട്?

**HON'BLE MR. K. M. KORAH** : റിസ്ട്രിക്ഷൻ എടുത്തുകളഞ്ഞിരിക്കുന്നു.

**MR. K. K. CHELLAPPAN PILLAI** : എന്നാണ് മാററിയത്?

**HON'BLE MR. K. M. KORAH** : ൩-൧-൧൯൫൭-ൽ.

**MR. K. K. CHELLAPPAN PILLAI** : അതുകാരണം ജനങ്ങളും വളരെ വൈഷമ്യം അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

**HON'BLE MR. K. M. KORAH** : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ഭക്ഷ്യനിയന്ത്രണം.

323. **MR. MOHAMMED MUSTAFA** (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

[Mr. Mohammed Mustafa.]

(എ) ഒരു പരീക്ഷണമെന്നവണ്ണം ഏതാനും താലൂക്കുകളിൽ ഭക്ഷ്യനിയന്ത്രണം ഉടനെ നിർത്തലാക്കുവാൻ ഒരു പദ്ധതി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ?

**HON'BLE MR. K. M. KORAH** : സംസ്ഥാനത്ത് നെല്ലുവിളവുള്ള ഏതാനും താലൂക്കുകളിൽ ഭക്ഷ്യധാന്യനിയന്ത്രണം നിറുത്തലാക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

**MR. MOHAMMED MUSTAFA** : പ്രധാനമന്ത്രി അവർകളുടെ ബഡ്ജററ് പ്രസംഗത്തിൽ സംസ്ഥാനത്തു കൂടുതൽ നെല്ല് വിളവുള്ള താലൂക്കുകളോടു ചേർത്ത് നെല്ല് കൂടുതൽ വിളവില്ലാത്ത ചില താലൂക്കുകളെക്കൂടി ഉൾപ്പെടുത്തി പറഞ്ഞതായി അറിയാമോ?

**HON'BLE MR. K. M. KORAH** : അങ്ങനെ ഉൾപ്പെടുത്തി പറഞ്ഞതായി അറിവില്ല. അതിനെ സംബന്ധിച്ച് ആലോചിക്കുന്നുവെന്നാണ് പറഞ്ഞത്.

**MR. K. A. MOHAMMED** : ഇതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

**HON'BLE MR. K. M. KORAH** : അങ്ങനെ നിർദ്ദേശങ്ങൾ ഒന്നും വേണമെന്നില്ല. എന്നാൽ ഇതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറുമായി ആലോചിക്കണമെന്നു വിചാരിക്കുന്നു.

**MR. T. A. ABDULLA** (*Ambalapuzha I—Muslim*) : ഇതിനെ സംബന്ധിച്ച് ഒരു ഫുഡ് ഡിബേററ് വയ്ക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

**HON'BLE MR. K. M. KORAH** : നന്നായിരിക്കാം.

**MR. T. A. ABDULLA** : മററു പല പ്രാവിൻസുകളിലും ഫുഡ് ഡിബേററ് വച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

**HON'BLE MR. K. M. KORAH** : ഉണ്ടായിരിക്കാം.

**MR. MOHAMMED MUSTAFA** : ഡീകൺട്രോൾ ഏർപ്പെടുത്തുന്നതുകൊണ്ടു ചെറിയ വരവുള്ള ആളുകൾക്ക് അതായതു ക്ലാർക്കന്മാർ മുതലായവർക്ക് പല വൈഷമ്യങ്ങളും ഉണ്ടാകുമെന്നറിയാമോ?

**HON'BLE MR. K. M. KORAH** : ചിലർക്ക് അങ്ങനെ വന്നേക്കാം.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഇൻഡ്യാ ഗവണ്മെൻറിന്റെ അനുവാദം കൂടാതെ കൺട്രോറം എടുക്കുന്നതിന് ഈ ഗവണ്മെൻറിന് അധികാരമുണ്ടോ?

HON'BLE MR. K. M. KORAH : പൂർണ്ണസ്വാതന്ത്ര്യമുണ്ട്. പക്ഷെ അവരോട് ആലോചിക്കുന്നതായിരിക്കും ഉത്തമം.

MR. E. P. POULOSE (*Muvattupuzha III—General*) : സാദ്ധ്യമായി വരുന്നപക്ഷം നമുക്ക് അവരുടെ നിർദ്ദേശങ്ങളിൽ വേണ്ട ഭേദഗതി ചെയ്യുന്നതിനു അധികാരമുണ്ടോ?

HON'BLE MR. K. M. KORAH : അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ഇനി ഫൈനാൻഷ്യൽ ബിസിനസ് ആണ്.

## FINANCIAL BUSINESS.

## DEMAND NO. VIII—GENERAL ADMINISTRATION (Contd.)

MR. C. NARAYANA PILLAI (*Mavelikara I—General*) : സർ, സെർവാൻടിസ് എന്ന സ്പാനിഷ് ഗ്രന്ഥകർത്താവ് ഡാൺക്വിക്സോട്ട് എന്നൊരു പ്രസിദ്ധഗ്രന്ഥം എഴുതിയിട്ടുണ്ട്. ഇന്നലെ ഇവിടെ നടന്ന പ്രതിപക്ഷകക്ഷിനേതാക്കന്മാരുടെ മന്ത്രിസഭയെപ്പററിയുള്ള വിമർശനങ്ങൾ കേട്ടുകൊണ്ടിരുന്നപ്പോൾ ആ മനോഹരമായ ഗ്രന്ഥത്തിലെ ചില വിനോദരംഗങ്ങളാണ് എന്റെ സ്മരണയിൽ വന്നത്. ജനകീയമന്ത്രിസഭയെപ്പററി അവർ അടിസ്ഥാനരഹിതങ്ങളായ ചില ആരോപണങ്ങൾ മനഃപൂർവ്വമായി സൃഷ്ടിച്ച് അതിനോട് സമരംചെയ്യുന്ന ഒരു സ്ഥിതിയിലാണു ഞാൻ അവരെ കണ്ടത്. അവർ ഭാവനയിൽ ഒരു ശത്രുവിനെ സൃഷ്ടിച്ചു സമരം ചെയ്യുകയായിരുന്നു; അവർ കാററാടിയന്ത്രത്തോട് പടവെട്ടുകയായിരുന്നു. അതു് അവരുടെ വിനോദമായിരുന്നുകൊള്ളട്ടെ. ആ ശിശുക്കളുടെ കളിപ്പാട്ടം പിടിച്ചുപറിച്ച് അവരെ കരയിക്കണമെന്നു എനിക്കുദ്ദേശമില്ല. അവരുടെ പ്രസംഗങ്ങളിൽ ഉന്നയിച്ച മിക്ക ആരോപണങ്ങൾക്കും ഒന്നൊന്നായി ഇവിടെ മറുപടികൾ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അവരുടെ വാദമുഖങ്ങൾ, ഒന്നും തന്നെ ഇനി അവശേഷിക്കുന്നില്ല.

സർ, ഈ ഉദ്യോഗസ്ഥന്മാരുടെയിടയിൽ നടക്കുന്ന അഴിമതികളെയും അക്രമങ്ങളെയുംപററി ഇവിടെ വ്യാപകമായ വിമർശനങ്ങൾ നടന്നു. ഇതിനു മുമ്പായിരുന്നെങ്കിൽ—ഈ സഭയിൽ

[Mr. C. Narayana Pillai.]

സന്നിഹിതരാകുവാനും ഈ ആക്ഷേപണങ്ങൾക്കു മറുപടി പറയുവാനും ഉള്ള അവകാശം നിഷേധിക്കണമെന്നു ശഠിക്കുമായിരുന്നു ഇങ്ങനെ പറഞ്ഞിരുന്നതെങ്കിൽ ആർക്കും അതു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. ഇന്നു തിരുവിതാംകൂർ ഭരിക്കുന്നതു് ജനകീയമന്ത്രിമാരാണ്.

MR. ABDUL AZIZ : സർ, ഒരു പോയിന്റ് ആഫ് ആർഡർ. ബഹു. മെമ്പർ ഇന്നലെ ഇവിടെ നടന്ന പ്രസംഗങ്ങൾ നേരിട്ടു കേട്ടിട്ടാണോ അതല്ല പത്രങ്ങൾ വായിച്ചറിഞ്ഞിട്ടാണോ ഈ വിമർശനങ്ങൾ ചെയ്യുന്നതെന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഇതു് ഒരു പോയിന്റ് ആഫ് ആർഡർ അല്ല.

MR. C. NARAYANA PILLAI : ഇന്നു ഇവിടെ ഉദ്യോഗസ്ഥന്മാരല്ല ഭരണം നടത്തുന്നതു്. ഇന്നിവിടെ ഭരണം നടത്തുന്നതു് മന്ത്രിമാരാണ്. ഉദ്യോഗസ്ഥന്മാർ അഴിമതി കാണിക്കുന്നുണ്ടെങ്കിൽ അതിനുള്ള ഉത്തരവാദിത്വം മന്ത്രിസഭയ്ക്കാണ്. മന്ത്രിമാർക്കു് ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ തിരുത്താൻ കഴിവില്ലെങ്കിൽ അതിനു മന്ത്രിമാരെയാണു പറയേണ്ടതു്. ഉദ്യോഗസ്ഥന്മാരെ കൈയ്യും കാലും ബന്ധിച്ചു് നിശ്ചേഷ്ടരാക്കിയശേഷം ഈ നിയമസഭയിൽവച്ചു് അവരെ അധിക്ഷേപിക്കുന്നതു് ഈ സഭയുടെ അന്തസ്സിനും അഭിമാനത്തിനും വിഹിതമല്ല. നിയമപരമായി ഈ സഭയിൽ ഹാജരാകാനുള്ള അവകാശം നിഷേധിച്ചശേഷം അവരെ ഈ സഭയിലെ അംഗങ്ങൾ അധിക്ഷേപിക്കുന്നതു് ഒരുതരത്തിലും ന്യായീകരിക്കത്തക്കതല്ല.

എന്റെ മാന്യ സ്നേഹിതന്മാരായ മുസ്ലീം ലീഗ് പാർട്ടിഅംഗങ്ങളുടെ പ്രസംഗങ്ങളെ ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്നു. എന്റെ സ്നേഹിതൻ മി. അസീസ്, അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേൾക്കുകയുണ്ടായോ എന്നൊരു ആശങ്ക പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകമാത്രമല്ല ഞാനതു മുഴുവൻ മനസ്സിലാക്കുകകൂടി ചെയ്തു എന്നു അദ്ദേഹത്തെ ആദ്യമായി അറിയിച്ചുകൊള്ളുന്നു. ശാരീരികമായ ചില ദൌർബല്യങ്ങൾകൊണ്ടു കേൾക്കുവാൻ കഴിഞ്ഞില്ലാ എന്നു വരാം. എന്നാൽ അതു കേട്ടാലും മനസ്സിലാക്കാൻ കഴിവില്ലാത്ത ഒരാൾ [illegible]നെപ്പറ്റി ആക്ഷേപിക്കുന്നതു് കേട്ടിട്ടു എനിക്കു ചിരി വരുന്നു. കണ്ണിനു കാഴ്ച കുറഞ്ഞവർക്കും ചെവി കേൾക്കാൻ പാടില്ലാത്തവർക്കും ശാസ്ത്രീയോപകരണങ്ങളാൽ ആശ്രയിക്കുവാൻ കഴിയുന്നതാണ്. എന്നാൽ തലയിൽ ഒന്നുമില്ലാത്തവർക്കു അതു നികത്തുവാൻ ഇന്നുവരെ യാതൊരു ശാസ്ത്രീയോപകരണങ്ങളും കണ്ടുപിടിച്ചിട്ടില്ല. (ചിരി) എന്റെ മുസ്ലീം സഹോദരന്മാരുടെ ആരോപണങ്ങളെപ്പറ്റി.

എനിക്കു പറയുവാനുള്ളതു് ഇതു് മതപരമായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു രാജ്യമല്ലെന്നാണ്. വർഗ്ഗീയതിമി പരിപാലിക്കേണ്ടതിന്റെ ആവശ്യകതയെ ഞാൻ മനസ്സിലാക്കുന്നുണ്ടു്. എന്നാൽ അതു് മതപരമായ ഒരു സൌജന്യമായിരിക്കരുതു്. ഈ ജനകീയമന്ത്രിസഭയിൽ അവർക്കുകൂടി പ്രവേശനം അനുവദിക്കുന്ന വിഷയത്തിൽ ഒരു തടസ്സമായി നില്ക്കുന്നതു് അവരുടെ വർഗ്ഗീയവാദം ഒന്നുമാത്രമാണെന്നു ഞാൻ അവരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. താൻ ഒരു പ്രത്യേക സമുദായത്തിൽ ജീവിക്കുന്നതുകൊണ്ടു തനിക്കു എന്തെങ്കിലും സൌജന്യങ്ങൾ വേണമെന്നു ആരെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ അതിനെ ഞാൻ സർവ്വശക്തികളും ഉപയോഗിച്ചു് പ്രതിഷേധിക്കുകതന്നെ ചെയ്യും. മതപരമായ അടിസ്ഥാനത്തിൽ ജീവിക്കണമെന്നു ആഗ്രഹമുള്ളവർ വർഗ്ഗീയമായ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തിരിക്കുന്ന പാകിസ്ഥാനിലേയ്ക്കു് പോകണമെന്നാണ് ഞാൻ പറയുന്നതു്.

MR. P. S. MOHAMMED : സർ, ഒരു പോയിന്റു് ആഫ് ആർഡർ. തിരുവിതാംകൂറിലെ മുസ്ലീങ്ങളായ ഞങ്ങളോടു്, ഇവിടെതന്നെ ജനിച്ചു്, ഇവിടത്തന്നെ ജീവിക്കാൻ അവകാശമുള്ള ഞങ്ങളോടു് ഇവിടത്തെ ഇരിപക്ഷകക്ഷിയിലെ ഒരംഗമായ മെമ്പർ പാകിസ്ഥാനിൽ പോകണമെന്നു പറയുന്നു. അങ്ങനെ പറയാമോ എന്നാണു അറിയേണ്ടതു്.

MR. PRESIDENT : പോകാൻ പറയുകയല്ലായിരുന്നു. ആ വാദം നടക്കണമെങ്കിൽ പാകിസ്ഥാനിൽ പോകണമെന്നായിരുന്നു പറഞ്ഞതു്.

MR. MOHAMMED MUSTAFA : സർ, ഒരു പോയിന്റു് ആഫ് ആർഡർ. കാൺഗ്രസ്സിനകത്തു വർഗ്ഗീയവാദികൾ ഉണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു.

MR. PRESIDENT : ഈ മാതിരിയുള്ള ചോദ്യങ്ങളൊന്നും പോയിന്റു് ആഫ് ആർഡറിന്റെ പരിധിയിൽ വരുന്നതല്ലെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞു.

MR. C. NARAYANA PILLAI : ഇന്നു ഒരു സി. പി. രാമസ്വാമി അയ്യർക്കുപകരം ഇവിടെ ആറു സി. പി. രാമസ്വാമിഅയ്യരന്മാർ ഭരിക്കുന്നതായി ഒരു പരാതിയുണ്ടായിട്ടുണ്ടു്. സർ, ഞാൻ അദ്ദേഹത്തെ ബഹുമാനിക്കതന്നെ ചെയ്യുന്നു. അദ്ദേഹം ഇവിടെനിന്നു പോയിട്ടും അദ്ദേഹത്തിന്റെ പ്രേതത്തെ ഇവിടെ വിട്ടിട്ടാണു് പോയിട്ടുള്ളതു്. സർ സി. പി. ഇവിടം ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഈ സഭയിൽ എഴുന്നേറ്റു നിന്നു അദ്ദേഹത്തെ പുകഴ്ത്തിയവരും അദ്ദേഹത്തിന്റെ സ്വതന്ത്ര തിരുവിതാംകൂറിനു തീവട്ടി പിടിച്ചവരും അദ്ദേഹത്തിന്റെ പുറകെ ഉദ്യോഗങ്ങൾ യാചിച്ചു ഓടിനടന്നവരും മന്ത്രിസഭയിൽ സി. പി. മാരെ കാണുന്നു എന്നു പറയുമ്പോൾ എനിക്കു ആശ്ചര്യമുണ്ടാകുന്നില്ല.

MR. ABDUL AZIZ: അങ്ങനെ ഓടിയിട്ടുള്ളവർ സ്റ്റേറ്റ് കോൺഗ്രസ് പാർട്ടിയിൽ എത്രയുണ്ടെന്നു പറയാമോ ?

MR. C. NARAYANA PILLAI: തമിഴ്നാട് കോൺഗ്രസ്സ് അംഗങ്ങളോടും എനിക്ക് ഒരു വാക്കു പറയാനുണ്ട്. സ്റ്റേറ്റ് കോൺഗ്രസ്സ് പാർട്ടി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെപ്പററി ഒരു ദുസ്സൂചന ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. തെക്കൻതിരുവിതാംകൂറിൽ കഴിഞ്ഞ പത്തുകൊല്ലക്കാലമായി പലവിധ ത്യാഗങ്ങളും സേവനങ്ങളും നടത്തി സ്വാതന്ത്ര്യം പിടിച്ചെടുത്ത ദേശാഭിമാനികളെയും രാജ്യഭക്തന്മാരെയും പുറംതള്ളി മനുഷ്യന്റെ വർഗ്ഗീയവികാരങ്ങളെ ഉദ്ദീപിപ്പിച്ച് നികൃഷ്ടമായ പ്രചരണം നാംപെട്ടുക്ക നടത്തി ഇന്നു സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും സ്ഥാനമാനങ്ങൾ അപഹരിക്കുവാൻ ഈ നിയമസഭയിൽ സന്നിഹിതരായവർ സ്റ്റേറ്റ് കോൺഗ്രസ്സ് തിരഞ്ഞെടുപ്പിനെപ്പററി പുച്ഛിക്കുന്നതും അവഹേളിക്കുന്നതും കേൾക്കുമ്പോൾ ലജ്ജകൊണ്ട് എന്റെ തല കുനിഞ്ഞുപോകുന്നു.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Sir, I deem it a privilege and duty as a member of this party to answer the allegations brought against this Government and this party. I should like to invite the attention of the Honourable members opposite to Constitutional facts, precedents, conventions and law. History and tradition will stand by the State Congress Government today to support its procedure and action. If only you had turned your attention to Jenning's Cabinet system giving history of England from 1808 onwards, you would not have brought forward allegations. With all the vehemence that a woman can command, I throw it back to the opposition. The constitution which we have been asked to frame today, to give birth to which we have gone through the teeth of pain during the last 10 years, is going to bloom into a full-blown democracy. Today, the constitution has not yet been written down. Therefore, we have to take the model of the West Minster Constitution. If you take that model and compare it with the proceedings of this party, this Government and this ministry, you will find that our proceedings are correct to the very letter of the precedents laid down by West-minster during the last century and a half. I would like to invite attention to one fact, namely, to the point of the leader of the opposition that the Prime Minister's choice of Ministers was not happy. I would just remind you of the Prime Minister's position in England. In John Morley's words the Prime Minister is the key-stone of the Cabinet-arch the grand vizier through whose cognisance all the affairs of Government go through and through whose advice every Minister has to be appointed or dismissed.

MR. K. SIVARAMA PILLAI (*Thovala I—General*): One question.

MISS ANNIE MASCARENE: I defy all questions.

There are events in history which I want to bring before you to prove the correctness of the position of the Prime Minister. The

history of Prime Ministers in England is not a uniform history. You must understand that Gladstone and Disraeli were autocrats whereas Palmerston was a weak Prime Minister. Peel is said to be the model of Prime Ministers and his actions and doings are now quoted with the sanction of law and precedents. To answer your charge that the Prime Minister's choice of Ministers was unhappy, I wish to remind you that according to constitutional procedure, the Prime Minister has got every right and liberty to choose his Ministers whoever they may be in whom he can command confidence. The history of Cabinet System in England has proved to the hilt that there were Prime Ministers who were autocratic, that there were Prime Ministers who were weak and that there were such Ministers like Gladstone, whose historic budget of 1860 was carried against the Prime Minister. There were Ministers without portfolio. That is how, General Smuts came into the Cabinet in 1916. That is how, Ramsay Mc Donald and Malcolm Mc Donald came into the Cabinet without being members of Parliament. Therefore the Prime Minister is in a position to give them a portfolio or not, to select them from the Parliament or outside. This is proved by history and tradition. During Queen Victoria's time, you will find that, Palmerston was once thrown over, that Clarendon was chosen as a Minister, whom Queen Victoria did not want. Any way, the Cabinet had chosen him. So she used all her influence to make him resign. The learned leader of the other party said that Mr. Nataraja Pillai was thrown overboard, because he had not the backing of the community. There is history and precedent and convention and constitutional procedure in support of that. Today standing on the threshold of history, with constitutional law and practice supporting me, I throw back all the charges. I wish to make a request to you. Today, standing on the bridge of endless time connecting the past with the future before us, while the twilight of the past and the lime light of the future blend harmoniously into a dream light of the present, vacillating between facts on one side and events of history on the other side, we have brought forth the child of democracy. The first experience of democarcy in every country is a sad disappointment. Democracy today has fallen flat on the door step of life.

MR. ABDUL AZIZ: A point of order, Sir.

MISS ANNIE MASCARENE: But the child will rise again and it will have its day with a bright future.

HON'BLE MR. G. RAMACHANDRAN: Sir, May I suggest that many points of order which are brought forward on the floor of the House by certain members are not really points of order.

MR. PRESIDENT: പറയുന്നതു കേട്ടതിനുശേഷമെ അതു പായിന്റ് ആഫ് ആർഡർ ആണോ അല്ലയൊ എന്നു നിശ്ചയിക്കാൻ ഒക്കുകയുള്ളു.

MR. ABDUL AZIZ: A point of order. പല ബഹു: മെമ്പറന്മാരും ഈ കാബിനറ്റിലേക്കുതന്നെ കട്ടുമോഷൻ അയച്ചിട്ടുണ്ട്. ബഹു: മെമ്പറും അങ്ങനെയുള്ള കട്ടുമോഷൻ അയച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് ആ കട്ടുമോഷനെത്തന്നെ എതിർത്തുകൊണ്ട് സംസാരിക്കാൻ അവകാശമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : മി മുസ്തഫയുടെ കട്ടുമോഷനെ അനുകൂലിയായിട്ടാണ് സംസാരിക്കുന്നതു്.

MR. K. R. ELANKATH: ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വാചകം പൂർത്തിയാക്കുന്നതിനിടയ്ക്ക് ഒരു പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവരാമോ?

MR. ABDUL RAZAAK (*Nedumangad I—Muslim*): May I ask whether the Honourable gentleman is speaking in the capacity of adviser to the Chair?

MISS ANNIE MASCARENE: Yesterday, my esteemed friend Mr. Aziz of six—ministerial reputation, and his immediate neighbour, the veritable advocate of motherhood in Travancore, reminded me in their speeches, juvenile expressions of an accused, sitting in judgment over his own case, quoting precedents, not true to historical facts—(*Bell.*)

MR. K. P. NILAKANTA PILLAI: Sir, we the members on this side of the House have been given an opportunity to know that there is at least an attempt to form an opposition to the Government which is shouldering the responsibility of administration today. That is good and augurs well for the future. The Tamil Nad Party and the Muslim League party if they had attempted at an earlier stage to remove the fluid state in which they have been functioning in this House we would not have been put to the painful duty of functioning as critics of administration as well. It is these circumstances that provided Mr. Sivarama Pillai with an opportunity to take exception to a cut motion that I had tabled under the Ministry. A token cut motion, which is for the reduction of a Rupee has various objects. The speech by which that cut motion is moved decides the orderliness as well as the object of the motion. My cut motion is not capable of the interpretation which he has chosen to put upon it. Now there is no Dewan and it is a popular Ministry that is carrying on the administration; and the Ministry is composed of Ministers who form the Government. So it was to impress the Government with the view point of the people that I tabled that motion. It was not intended to criticise the Ministers or what transpired in the Cabinet.

Apart from that, Sir, even the present opposition seems to me as disunited, rambling, contradictory and what can I say (*laughter*) weak. The major attack by the leader of the Tamil Nad Party

centered round, what has been called a cabinet crisis. I never heard about a cabinet crisis. Even if there was a cabinet crisis members on this side of the House will not get very much perturbed because we know recent events in Indian Dominion and elsewhere. Sir, the mighty Indian National Congress is administering the Indian Union. Despite there were ministerial crisis in Assam, East Punjab and West Bengal. It was rather usual in Sind. But, such a hue and cry was never raised. Inspite of cabinet crisis Congress Governments are still functioning in all these places. Ministers may resign, Sir, they may be removed, they may come and go, but the party who has the majority in the country, will continue to be in power.

Then much has been said about a statement not being issued after the so called cabinet crisis. I ask the question, granting there was a cabinet crisis, whether the collective nature of the cabinet responsibility will enable a minister to issue a statement. In Madras Mr. Subbarayan resigned but the insistent demad for a statement was turned down in the Legislature. Under such circumstances, what is this farce of an opposition about? While you have the sun here why worry about the moon.

Then Mr. Nesamony held out a threat, that if their points of view are not accepted by the Government in power today, they may go East and we will be compelled to go North. What can I say in reply? For the information of my friend I say, go east he may but go east we must because the east is the lebansram of Travancore.

Secondly the Muslim League was most unnaturally expecting a place in the Ministry. Sir, my friends on this side of the House have already exposed the hollowness of that claim. The party in power cannot have members of other parties who do not agree with them to co-operate in a ministry which has got a joint responsibility. Nowhere such a thing has been attempted. Therefore I may tell for the information of my Tamil Nad friends and Muslim League friends, that as long as they function as an independent political party their claims to be represented in the Ministry or in responsible offices will not be viewed with favour or in Mr. Nesamony's language unless his party is liquidated and he bids goodbye to it.

MR. A. NESAMONY : Who claimed representation ?

MR. K. P. NILAKANTA PILLAI : The Muslim League claimed.

MR. P. S. MOHAMMED : Certainly we did not claim.

MR. ABDUL RAZAAK : Sir, May I say that it is a flagrant lie

MR. K. P. NILAKANTA PILLAI : I leave it to the President to judge—

HON'BLE MR. G. RAMACHANDRAN : May I ask whether the expression "flagrant lie" is parliamentary ?

MR. PRESIDENT : It is not parliamentary.

HON'BLE MR. G. RAMACHANDRAN : Then, may I say that it must be withdrawn ?

MR. K. P. NILAKANTA PILLAI: Is that statement withdrawn, Sir, or shall I ask the President to make a statement whether the Muslim League Party wanted to be represented in the ministry?

MR. P. S. MOHAMMED: No, Sir, we did not want representation.

MR. ABDUL AZIZ: When a cut-motion is sent, does it not show that some head is to be cut off? Whose head my friend is going to cut off?

MR. K. P. NILAKANTA PILLAI: Sir, I only wish to put forward the constitutional position. If they refuse to understand, I am all the more sorry.

MR. THARIATHU KUNJITHOMMAN (*Muvaitupuzha II—General*): സർ, ഹജൂർവകുപ്പിനെപ്പററി സ്പഷ്ടപരമായ ചില നിർദ്ദേശങ്ങൾ കൊണ്ടുവരാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു പാർട്ടികളിൽ നിന്നു വന്ന വാദങ്ങൾക്കും ആരോപണങ്ങൾക്കും വേണ്ടിടത്തോളം മറുപടി പറഞ്ഞുകഴിഞ്ഞതിനാൽ ഞാനതിനൊരുമ്പെടുന്നില്ല. മന്ത്രിസഭയിൽ തങ്ങളിൽ ആരെയും ഉൾപ്പെടുത്തിയില്ലെന്നും അവർക്ക് ന്യായമായിട്ടുള്ള അവകാശങ്ങൾ പലതും പരിഗണിക്കപ്പെട്ടിട്ടില്ലെന്നും ആണ് അവരുടെ വാദസാരം.

MR. P. S. MOHAMMED: അങ്ങനെ പറഞ്ഞിട്ടില്ലെന്നു മനസ്സിലാക്കാമോ?

MR. THARIATHU KUNJITHOMMAN: പറഞ്ഞുവെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്.

MR. K. P. NILAKANTA PILLAI: I rise to a point of order. From yesterday's discussion we understood that the Muslim League party complained that they were not represented in the Ministry.

MR. P. S. MOHAMMED: അങ്ങനെ പറഞ്ഞിട്ടില്ല.

MR. PRESIDENT: ആ കാര്യത്തെപ്പററി ഇപ്പോൾ പറയേണ്ട ആവശ്യമില്ല. ഇപ്പോൾ അതിനെപ്പററി തെളിവെടുത്ത് ഒരു തീരുമാനമുണ്ടാക്കണമെന്നും ഞാൻ വിചാരിക്കുന്നില്ല.

MR. THARIATHU KUNJITHOMMAN: ഹജൂർവകുപ്പ് രാഷ്ട്രശരീരത്തിന്റെ ശിരസ്സും ഹൃദയവുമാണ്. അവിടെനിന്നാണ് സകല ഡിപ്പാർട്ടുമെന്റുകൾക്കും വേണ്ട നിർദ്ദേശങ്ങളും അനുമതികളും നൽകുന്നത്. അതുകൊണ്ട് ഹജൂർവകുപ്പ് ശുദ്ധവും കാര്യക്ഷമവുമായിരുന്നാൽ രാജ്യഭരണം പൊതുവിൽ ശുദ്ധവും കാര്യക്ഷമവുമായിരിക്കും. മുമ്പിലത്തെ ആ ദുഷിച്ച ഭരണത്തിന്റെ ഉന്നതനിലകളിൽ കയറിപ്പററിയ പലരും ഇന്നും ഹജൂർകച്ചേരിയിലുണ്ട്. മററു പല ഡിപ്പാർട്ടുമെന്റുകളിലും ഇത്തരക്കാർ പലരുമുണ്ട്. അഴിമതിയിൽ മുഴുകിയ ഈ

ഉദ്യോഗസ്ഥന്മാരെ മുഴുവൻ പുറംതള്ളി നമ്മുടെ ഗവണ്മെൻറിനെ ശുദ്ധമാക്കണം. പുതിയ നിയമനങ്ങൾ വളരെ നടക്കാനുള്ള ഒരു സന്ദർഭം വന്നിരിക്കുന്നു. അതെല്ലാം അനുക്രമമായ കയററം നൽകി സാധിക്കണമെന്നു വച്ചാണെങ്കിൽ ഉദ്യോഗംകൊണ്ടു കയറിയ അഴിമതിക്കാർ പലരും ഇനിയും ഉയർന്ന സ്ഥാനങ്ങളിൽ വരും. യോഗ്യന്മാരായ പുതിയ ആളുകളെ എടുത്തു് സർവ്വീസിനെ ഒന്നു ശുദ്ധമാക്കേണ്ടതു് അത്യാവശ്യമാണു്. അതുകൊണ്ടു് അനുക്രമമായ കയററം തീരെ കൊടുക്കാൻ പാടില്ലെന്നു പറയുന്നതായി ധരിക്കരുതു. യോഗ്യന്മാരായ ആളുകൾ ചിലരുള്ളവർക്കു പ്രമോഷൻ കൊടുക്കേണ്ടതാണു്. രാജ്യത്തിനുവേണ്ടി വളരെ ത്യാഗങ്ങളും യാതനകളുമനുഭവിച്ചിട്ടുള്ളവരും യോഗ്യന്മാരുമായ അനേകം ആളുകൾ ഇന്നു് സർവ്വീസിനു പുറത്തുണ്ടു്. അവരിൽനിന്നു് തിരഞ്ഞെടുത്തു നല്ല സ്ഥാനങ്ങളിൽ നിയമിക്കണം. ജനകീയഗവണ്മെൻറിനെ അവർ വിശ്വസ്തതയോടുകൂടി സേവിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിനു ബഹു. മന്ത്രിമാരെത്തന്നെ തെളിവായെടുക്കാമല്ലോ. കഴിവുള്ളിടത്തോളം പുറത്തുനിന്നുതന്നെ തിരഞ്ഞെടുത്തു് നല്ല സ്ഥാനങ്ങളിൽ നിയമിക്കുവാൻ ശ്രമിച്ചില്ലെങ്കിൽ സർവ്വീസ് നന്നാകയില്ലെന്നാണു് എൻെറ അഭിപ്രായം. ഇനിയൊന്നു പറയാനുള്ളതു് എല്ലാ ജനവിഭാഗങ്ങളിലേക്കും, രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും ഗവണ്മെൻറിൻെറ ശ്രദ്ധയും അനുഭാവവും സമഭാവനയോടെ പതിക്കണം എന്നാണു്. നെയ്യാററിൻകരമുതൽ കുട്ടനാടുവരെയുള്ള കോസ്റ്റൽപ്രദേശങ്ങളിലുള്ളവരാണു നമ്മുടെ മന്ത്രിമാർ. ഇടനാടുകളിൽനിന്നോ, മലനാടുകളിൽനിന്നോ, വിസ്തീർണ്ണത്തിലും ജനസംഖ്യയിലും മൂന്നിലൊന്നു വരുന്നതും തലസ്ഥാനത്തുനിന്നു അധികദൂരത്തുള്ളതും ചങ്ങനാശേരിക്കു വടക്കുള്ളതുമായ ഉത്തരതിരുവിതാംകൂറിൽനിന്നോ മന്ത്രിസഭയിലാരുമില്ല. മന്ത്രിമാരുടെ ആത്മാർത്ഥതയിൽ വിശ്വാസമുണ്ടെങ്കിലും അവർക്കു അപരിമേയമായ അറിവുണ്ടെന്നു വിശ്വസിക്കാൻ സാദ്ധ്യമല്ലല്ലോ. അവരുടെ സാഹചര്യങ്ങളിൽനിന്നു കിട്ടുന്ന അറിവു വച്ചേ അവർക്കു പ്രവർത്തിക്കാൻ സാധിക്കൂ. അതിനാൽ അവർ രാജ്യത്തിൻെറ എല്ലാ ഭാഗത്തും, വിശിഷ്യ ഉത്തരതിരുവിതാംകൂറിലും ധാരാളം സഞ്ചരിച്ചു ജനാവശ്യങ്ങളെ ശരിക്കറിയണം. വടക്കൻതിരുവിതാംകൂറിനെ വേണ്ടപോലെ പരിഗണിക്കുന്നില്ലെന്ന ആക്ഷേപത്തിനു ജനകീയഗവണ്മെൻറു മേലിൽ ഇടകൊടുക്കരുതു്. ഉദ്യോഗനിയമനങ്ങൾക്കു മൂന്നോ അഞ്ചോ അംഗങ്ങളടങ്ങിയ ഒരു കമ്മീഷൻ ഏർപ്പെടുത്തിയാൽ

[Mr. Thariathu Kunjithommau]

മന്ത്രിമാക്ക് അപവാദങ്ങളിൽനിന്നു മോചനവും മററു കാര്യങ്ങൾക്കു വേണ്ട സമയവും ലഭിക്കും. സമയംപോരാതിനാൽ നിറുത്തുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): സർ, ശ്രീമാൻ മുസ്തഫായുടെ ഉപക്ഷേപത്തെ എതിർക്കാനാണ് ഞാൻ നിൽക്കുന്നത്. ഇവിടെ ഒരു പ്രതിപക്ഷകക്ഷി ഉണ്ടെന്നു പ്രത്യേകമായി കണ്ടതു് ഇന്നലെയാണ്. അതിനു മുൻപു തമിഴ്നാട്ടു കാൺഗ്രസ്സ്പാർട്ടി വാക്കൌട്ടു നടത്തിയതു ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതു് ഒരു തേയിലപ്പാത്രത്തിലെ കൊടുങ്കാററുപോലെ വേഗം സമാപിച്ചു. ഇന്നലെ ഇവിടെക്കണ്ട എതിർപ്പ് ആ മട്ടിലുള്ളതല്ല.

MR. R. K. RAM (*Agasteeswaram—General*) இறங்கிப்போனது Representative Body-யில் இருந்து என்று தெரியுமா?

MR. MANNATHU PADMANABHA PILLAI: ആ കാര്യം തെരിയും. മുസ്ലീംലീഗുപാർട്ടിയും തമിഴ്നാട്ടുകാൺഗ്രസ്സ് പാർട്ടിയും കാൺഗ്രസ്സിന്റെ തീരപ്രദേശങ്ങളെ ഉടയ്ക്കുന്നവർ കൂടിയും വാരിയോടുകൂടിയ തിരമാലകളാണ് ഇന്നലെ അടിച്ചതു്.

MR. T. A. ABDULLA (*Ambalapuzha I—Muslim*): ഗവണ്മെന്റു കക്ഷി എന്നൊന്നുണ്ടെന്നു് ഇന്നലെയല്ലേ മനസ്സിലായതു്?

MR. MANNATHU PADMANABHA PILLAI: അതിനു മുൻപും മനസ്സിലായിട്ടുണ്ട്.

ആ തിരമാല അടിച്ചു എങ്കിലും അതിനു ചില പതയും നുരയും ഉണ്ടെന്നല്ലാതെ കാര്യമായൊന്നുമില്ലെന്നു മനസ്സിലായി. ഒന്നാമതായി മുസ്ലീംലീഗുപാർട്ടി ആവശ്യപ്പെടുന്നതു് ഇവിടത്തെ ക്യാബിനററിൽ അവർക്കുംകൂടി സ്ഥാനം വേണമെന്നുള്ളതാണ്.

MR. P. S. MOHAMMED: ഞങ്ങൾ അങ്ങനെ ആവശ്യപ്പെടുന്നില്ല.

MR. MANNATHU PADMANABHA PILLAI: ശരി. ഞാൻ ശരിച്ചതു് പറയുകയാണ്. അങ്ങനെ ബഹുമാനപ്പെട്ട ലീഗുപാർട്ടി മെമ്പറന്മാർ ആഗ്രഹിച്ചതിനെപ്പററി എനിക്ക് എതിരഭിപ്രായമില്ല. ഇവിടത്തെ മുസ്ലീങ്ങൾക്ക് ഈ മന്ത്രിസഭയിൽ ഒരു മന്ത്രിയാകാൻ അവകാശമുണ്ട്. പക്ഷേ അതിനർഹതയെന്നുള്ള നില അവർ സ്വീകരിച്ചില്ലെന്നേയുള്ളു. മുസ്ലീം ലീഗിന്റെ രാഷ്ട്രീയാഭിപ്രായം നീക്കി അതു് വെറും ഒരു സാമുദായികയോഗമായിത്തീർന്നശേഷം അതു് ഈ രാജ്യത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയസംഘടനയിൽ ചേർന്നു് പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയം പ്രാപിക്കാൻ ശ്രമിക്കണം. ആ പാർട്ടിക്ക

ഭൂരിപക്ഷം കിട്ടുമെങ്കിൽ അവർക്ക് മന്ത്രിയാകാൻ പ്രയാസമുണ്ടാകുന്നതല്ല. അല്ലാതെ, ഒരു ഭൂരിപക്ഷകക്ഷി ഇവിടെ മന്ത്രിസഭ രൂപീകരിച്ചു; ആ മന്ത്രിസഭയിൽ ഒരു മുസ്ലീംപാർട്ടിഅംഗത്തിനെക്കൂടി കൂട്ടിച്ചേർത്തില്ലാ എന്നു പറയുന്നതു തെറ്റാണെന്നാണ് ഞാൻ കരുതുന്നതു്.

ഇനി വേറൊരു കാര്യംകൂടി പറയാം. മുസ്ലീം ലീഗുപാർട്ടിക്കാർ പറയുന്നതു് മുൻപു സ്വേച്ഛാഭരണം നടത്തിയ സർ, സി. പി. രാമസ്വാമിഅയ്യരെപ്പോലെയുള്ള ആറു സർ സി. പി. രാമസ്വാമിഅയ്യരന്മാരാണു് ഇന്നു ഭരണം നടത്തുന്നതെന്നാണ്. മുസ്ലീം ലീഗിൽനിന്നു ഒരു മന്ത്രിയെക്കൂടി എടുത്തു് മോട്ടോർകാറും മണിമന്ദിരവും കൊടുത്താൽ ഇതിനു പരിഹാരം ഉണ്ടാകുമോ എന്നു ഞാൻ എന്റെ മുസ്ലീം സ്നേഹിതന്മാരോടു ചോദിക്കുന്നു. അതിനാൽ ഇതു് രാജ്യക്ഷേമത്തിനെ കരുതിയോ നീതിന്യായത്തെ പരിഗണിച്ചോ ഉള്ള അഭിപ്രായമായി ഞാൻ കരുതുന്നില്ല. മന്ത്രിപദമാകുന്ന മുന്തിരിങ്ങാപ്പഴത്തിനുവേണ്ടി കുതിച്ചുചാടി ഒടുവിൽ കിട്ടാതെ അതു പുളിക്കും എന്നു പറയുന്നതു പോലെയാണ് മുസ്ലീം ലീഗുകാരുടെ മന്ത്രിസഭാവാദം. തമിഴ്നാട്ടു കോൺഗ്രസ്സിന്റെ വാദഗതി ഇതിലും വിശേഷമാണ്. തിരഞ്ഞെടുപ്പു കാലത്തു സ്റ്റേറ്റുകോൺഗ്രസ്സിനെപ്പറ്റി എന്തെല്ലാം ആക്ഷേപങ്ങൾ തമിഴ്നാട്ടുകോൺഗ്രസ്സ് പറഞ്ഞുവോ അതിന്റെയെല്ലാം സംഗ്രഹവും പകർപ്പുമായിരുന്നു ഇന്നലെ അവർ ഇവിടെ നടത്തിയ അവകാശവാദം. സ്റ്റേറ്റുകോൺഗ്രസ്സ് നീതിനടത്തുന്നില്ലാ എന്നു പറയാനുള്ള കാലം ആയിട്ടില്ല. സ്റ്റേറ്റുകോൺഗ്രസ്സിന്റെ അഴിമതി ആയാലും അവരുടെ ഭരണം ദോഷമായാലും ഇങ്ങനെ പറയാനുള്ള കാലം വരുന്നതേയുള്ളു എന്നാണു എന്റെ അഭിപ്രായം.

MR. ABDUL AZIZ: കഴിഞ്ഞ ദിവസം കണിയാപുരത്തുള്ള ഒരു കരയോഗത്തിൽവച്ചു് ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചതു് എന്താണെന്നു് ഓർക്കുന്നുണ്ടോ?

MR. MANNATHU PADMANABHA PILLAI: ഞാൻ ഇപ്പോൾ അസംബ്ലിയിൽ നിൽക്കുകയാണ്. കരയോഗത്തിലല്ല. തെക്കൻ തിരുവിതാംകൂറിലെ തമിഴ്നാട്ടുകാരുടെ വാദം തിരഞ്ഞെടുപ്പുകാലത്തിലെ ആരോപണങ്ങളുടെ സമാഹാരമാണ്. ഇവിടെ തമിഴ്നാട്ടുകോൺഗ്രസ്സ് പാർട്ടിലീഡർ കൂടെക്കൂടെ പറയുന്നതു് [illegible] എന്നാണ്. അങ്ങിനെ ഇനിയെങ്കിലും പറയാതിരിക്കണം. തെക്കൻ തിരുവിതാംകൂർ തമിഴ്നാട്ടു് ആണെന്നു പറയുന്നതിനെ ഞാൻ എതിർക്കുന്നു. കന്യാ

[Mr. Mannathu Padmanabha Pillai]

കുമാരിമുതൽ കാസർകോട്ടുവരെ ഒന്നായി നീണ്ടുകിടക്കുന്നതു് മലയാള രാജ്യമാണെന്നു ചരിത്രവും ഭൂമിശാസ്ത്രവും തെളിവുകൾ തരുന്നുണ്ടു്.

MR. KOCHUKRISHNA PILLAI (*Kalkulam I—General*): எந்த பூர்வ காலத்திலிருந்து என்று சொல்லமுடியுமா?

MR. MANNATHU PADMANABHA PILLAI: അതു് ഒരു തമിഴ്നാടാണെന്നു പറയുന്നതിനെ ഞാൻ ശക്തിപൂർവ്വം എതിർക്കുന്നു. തമിഴ്നാടു വാദപ്രകാരം പത്മനാഭപുരവും ശുചീന്ദ്രവും കന്യാകുമാരിയും വിട്ടുകൊടുക്കാൻ ഞങ്ങൾ തയ്യാറില്ലെന്നും അതു ഞങ്ങളുടേയുംകൂടി വകയാണെന്നും ഞാൻ ഓർമ്മപ്പെടുത്തുന്നു. തമിഴ്നാട്ടെന്ന വാദത്തിൽ ആരു ശ്രമിച്ചാലും അതിനെ അങ്ങിനെയല്ലാതാക്കുന്നതിനുവേണ്ടി രാജ്യസ്നേഹമുള്ളവരെല്ലാം ശ്രമിക്കുന്നതാണു്.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): அங்குள்ள 'ஆலயங்களுக்குச் சென்று பார்த்தால் மெம்பருக்குத் தெரிய வரும்.

MR. MANNATHU PADMANABHA PILLAI: ഈ മലയാളരാജ്യത്തു് ശരിയല്ലാത്ത തമിഴ് സംസാരിക്കുന്ന ചിലർ ഉണ്ടെന്നു വിചാരിച്ചു് ഇതു് തമിഴ്നാട് ആകുമെങ്കിൽ, ദേശാഭിമാനമില്ലാതെ ഇവിടെ ചില മെമ്പറന്മാർ ഇംഗ്ലീഷു സംസാരിക്കുന്നതുകൊണ്ടു് ഇതു് ഒരു ഇംഗ്ലീഷു പാർലമെൻറായി തീരുന്നതാണോ? അതിനാൽ ഈ വാദഗതി നീക്കി തിരുവിതാംകൂർ ഒന്നാണെന്ന വിശ്വാസത്തോടുകൂടി ജാതിമതഭേദം മറന്നു് രാഷ്ട്രീയകാര്യങ്ങളെ ചിന്തിക്കുവാനും സംസാരിക്കുവാനും തയാറാകേണ്ടതാണു്. അല്ലാതെ ഇന്നത്തെ മന്ത്രിമാർക്കു പ്രവർത്തിക്കാൻ സൗകര്യം കൊടുക്കാതിരിക്കത്തക്കവണ്ണം മുൻപത്തെ ഭരണാധികാരി ചെയ്തതിനു ഉത്തരം പറയണമെന്നുള്ള ശാഠ്യത്തെ എതിർക്കാതിരിക്കാൻ സാധ്യമല്ല.

MR. ABDUL MAJEED (*Chirayinkil III—Muslim*): സർ, ഒരു മന്ത്രിസഭയെ നിരൂപണം ചെയ്യുവാനുള്ള ഉദ്ദേശത്തോടുകൂടി ഒരു പ്രതിപക്ഷകക്ഷി ഉണ്ടാകുന്നതു് എന്നെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ ഒരു കാര്യമാണു്. പക്ഷെ ഇന്നലെ ഇവിടെ നടന്ന ചില പ്രസംഗങ്ങൾ നിറഞ്ഞ നിരാശയോടുകൂടിയാണു് ഞാൻ കേട്ടതു്. ഒരു രാഷ്ട്രീയകക്ഷി എന്ന നിലയിൽ പ്രവർത്തിക്കേണ്ടതെങ്ങിനെ എന്നുള്ളതിന്റെ അജ്ഞതയാണു് ആ പ്രസംഗത്തിൽ നിഴലിച്ചതു്. ചില അപ്ലിക്കേഷണങ്ങളുടെ വിതരണത്തിൽ, മന്ത്രിസഭയിലെ ഒരംഗമായിത്തീരാനുള്ള അത്യാശയാണു് അതിൽ കണ്ടതു്. ഈ സന്ദർഭ

ത്തിൽ ഒരു കാര്യം ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ മി. അബ്ദുൽ അസീസ്, അദ്ദേഹം ചെയ്ത പ്രസംഗത്തിൽ സർ സി. പി. രാമസ്വാമിഅയ്യരെ ഒന്നിലധികം തവണ അനുസ്മരിക്കുകയുണ്ടായി. ഞാൻ അതിൽ അദ്ദേഹത്തോടു കൃതജ്ഞനാണ്. ആ പേർ അദ്ദേഹം ഒരു തവണ സ്മരിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇന്നിവിടെ സർ, സി. പി. ഇല്ലല്ലോ എന്നുള്ള വേദനയോടു കൂടി വിയർത്തു വീർപ്പുമുട്ടിക്കൊണ്ട് മി. അസീസ് അദ്ദേഹത്തിന്റെ പേർ ഇപ്പോഴും അനുസ്മരിച്ചുപോകുന്നതിൽ തെററില്ല. മി. അസീസിന്റെ പൂർവ്വചരിത്രത്തിലേക്കു കടക്കുവാൻ ഞാൻ വിചാരിക്കുന്നില്ലെങ്കിലും ഈ രാജ്യത്തെ ഞെട്ടിച്ചതും ശ്രീ. രാജേന്ദ്രനെ ബലിയർപ്പിച്ചതും രാജ്യത്തിന്റെ രൂക്ഷമായ വിമർശനത്തിനു പാത്രമായിത്തീർന്നതുമായ പേട്ടസംഭവത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്ക് എത്രമാത്രമെന്നു എനിക്കു മനസ്സിലാക്കുവാൻ കഴിയും. അന്ന് ആലപ്പുഴവച്ച് മി. അസീസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അദ്ദേഹം എന്താണു പ്രസംഗിച്ചതെന്നു എനിക്കു നല്ലവണ്ണം അറിയാം. ഇവിടത്തെ സ്റ്റേറ്റുകാൺഗ്രസ്സ് പ്രവർത്തകന്മാരെ സംഹരിക്കുവാനായി തിരുവിതാംകൂറിനു വെളിയിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ട കരിം സാഹിബ്ബിന്റെ നിർദ്ദേശം വഹിച്ചുകൊണ്ട് അദ്ദേഹം അവിടെ എന്തെല്ലാം വിക്രിയകൾ കാണിച്ചിട്ടുണ്ടെന്നുള്ളത് ഈ രാജ്യവാസികൾക്ക് നല്ലപോലെ അറിവുള്ളതാണ്. മി. അസീസ്സ് ആ വിധത്തിൽ സർ സി. പി. രാമസ്വാമിഅയ്യരുടെ പേര് മറക്കാതെ ഉച്ചരിക്കുന്നതു തെററല്ല.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കാം. ഇപ്പോൾ ഈ രാജ്യത്തെ മുസ്ലിംലീഗ് ഒരു ന്യൂനപക്ഷകക്ഷിയാണെന്നുള്ള അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നലെവരെ മുസ്ലീംലീഗുകാർ ഒരു ന്യൂനപക്ഷകക്ഷിയല്ലം, ഒരു പ്രത്യേക രാഷ്ട്രമാണ് എന്നു വാദിച്ചുകൊണ്ടിരുന്നു. ഇന്ന് അവർ അതു പറയുന്നില്ലല്ലൊ എന്ന ആശ്വാസം എനിക്കുണ്ട്. ഇവിടെ ഒരു സങ്കലിതമന്ത്രിസഭ ഉണ്ടാകാത്തതിന്റെ കാരണം അവരുടെ വാദത്തിൽ അടങ്ങിയിരിക്കുന്നു. ഇൻഡ്യൻ യൂണിയനിലെ നെഹ്റുക്യാബിനററിൽ കാൺഗ്രസ്സുകാർ അല്ലാത്തവർ ഇല്ലേ എന്നവർ ചോദിക്കുന്നു. പണ്ഡിററ് നെഹ്റുവിന്റെ ക്യാബിനററിൽ കാൺഗ്രസ്സുകാർ അല്ലാത്തവരായി ഉണ്ടെങ്കിലും മറേറതെങ്കിലും കക്ഷിയിൽപെട്ടു നിൽക്കുന്നവരെ ആ ക്യാബിനററിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള വസ്തുത എന്റെ

[Mr. Abdul Majeed]

ബഹുമാന്യമെമ്പറന്മാർ ധരിക്കുന്നതു നന്നായിരിക്കും. മൈസൂറിൽ മുസ്ലീം ലീഗുകാർകൂടി ക്യാബിനറ്റിൽ ഉൾപ്പെട്ടിട്ടുണ്ടു. മദ്രാസിൽ അതു് മുസ്ലീം ലീഗുകാർ മൈസൂർ സ്റ്റേറ്റുകോൺഗ്രസ്സിൽ ചേരണമെന്നുള്ള അവരുടെ തീരുമാനം ഉണ്ടായിക്കഴിഞ്ഞതിനുശേഷമാണു് ഇതുണ്ടായതു്. ആ തീരുമാനപ്രകാരം കാൺഗ്രസ്സിൽ ചേരുവാനുള്ള നടപടികൾ അവിടത്തെ മുസ്ലീം ലീഗുകാർ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുകയുമാണു്.

സർ, ഇന്നലെ ഇവിടെ നടന്ന പ്രസംഗങ്ങളെ ഞാൻ വളരെ ഖേദത്തോടുകൂടി വീക്ഷിക്കുകയാണു ചെയ്യുന്നതു്. ഒരു പ്രതിപക്ഷകക്ഷിയിൽനിന്നു നിശിതമായ നിരൂപണങ്ങൾ ഉണ്ടാകുന്നതു് സ്വാഗതാർഹമാണു്. രാജ്യത്തെ പുരോഗമനത്തിൽനിന്നും പുരോഗമനത്തിലേക്കു നീക്കാൻ അതു സഹായകമായിരിക്കേണ്ടതുമാണു്. പക്ഷേ അവർ ചെയ്യുന്ന നിരൂപണങ്ങൾ പ്രായോഗികമാകുവാനുള്ള അന്തരീക്ഷത്തെയും സാഹചര്യത്തെയും സൃഷ്ടിക്കുവാനുള്ള ചുമതലകൂടി അവർ ഏറ്റെടുക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

MR. PONNARA G. SREEDHAR (*Nedumangad II—General*): സർ, മന്ത്രിസഭയുടെ പ്രാതിനിധ്യസ്വഭാവത്തെ സംബന്ധിച്ചു് പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ ഈ കാര്യത്തെക്കുറിച്ചുതന്നെ ചർവ്വിതചർവ്വണം നടത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ജനറൽ ഡിസ്കഷൻ നടന്നപ്പോൾ എനിക്കു പ്രസംഗിക്കുവാൻ സമയം ലഭിച്ചില്ല. എനിക്കു പറയുവാനുണ്ടായിരുന്നതു്. ഈ ഡിമാൻറു വരുമ്പോഴെങ്കിലും പറയാം എന്നാണു ഞാൻ കരുതിയിരുന്നതു. അതു ചില പ്രാദേശിക കാര്യങ്ങളെ സംബന്ധിച്ചായിരുന്നു. എന്നാൽ ഇവിടെ നടന്ന ചില പ്രസംഗങ്ങൾ കേട്ടതിനുശേഷം ഞാൻ പറയണമെന്നു വിചാരിച്ചിരുന്ന ആ പ്രാദേശികകാര്യങ്ങൾ വല്ല ഹർജികളോമറ്റോ അയച്ചു ഗവർമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തി കഴിവുള്ള പരിഹാരം നേടാം എന്നും പകരം ഇവിടെ നടന്ന ഗുരുതരമായ ചില കാര്യങ്ങളെ സംബന്ധിച്ചു് പറയുകയാണു നല്ലതെന്നും എനിക്കു തോന്നുന്നു.

രണ്ടു വിഭാഗക്കാരാണു് ബഹു. മന്ത്രിമാരേയും ഭരണകൂടം ഏറ്റെടുത്തിരിക്കുന്ന സ്റ്റേറ്റുകോൺഗ്രസ്സിനേയും ഇവിടെ എതിർത്തതു്. ഈ ഒരോ വിഭാഗത്തിൻെറയും വാദമുഖങ്ങളെപ്പറ്റി പ്രത്യേകം ചർച്ച ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. തമിഴ്നാടു കാൺഗ്രസ്സ് പാർട്ടിയിൽനിന്നും മുസ്ലീംലീഗിൽനിന്നും മന്ത്രിസഭയിലേക്കു ആളുകളെ

ഏടുത്തില്ലാ എന്ന പരാതിയാണു പ്രധാനമായി പറഞ്ഞുകേട്ടതു്. ഈ ഇരുപതാംനൂററാണ്ടിലും ദേശീയാടിസ്ഥാനത്തിലുള്ള യാതൊരു ചിന്താഗതിയും തങ്ങളിൽ കടന്നുകൂടാതെ കഴിയുന്ന സ്നേഹിതന്മാരാണു് മുസ്ലീം ലീഗുകാർ. ഇനിയും ഇത്തരം വർഗ്ഗീയപ്പിത്തലാട്ടങ്ങൾ തിരുവിതാംകൂറിൽ ചിലപ്പോൾ കാണുമെന്നവർ വിചാരിക്കുന്നു. ഇന്നലെ അവരിൽ ചിലർ സ്വാതന്ത്ര്യത്തെപ്പററിയും ഉത്തരവാദഭരണം സമ്പാദിച്ചതിനെപ്പററിയും വളരെ ആവേശത്തോടുകൂടി പ്രസംഗിക്കുന്നതു കേട്ടു. എനിക്കു് ഈ അവസരത്തിൽ ഒരു കാര്യം ഓർമ്മവരുന്നു. ഇൻഡ്യൻനാഷണൽ കാൺഗ്രസ്സിന്റെ പ്രസിഡന്റു് ആയിരുന്ന ആചാര്യകൃപലാനി ഇവിടെ വന്ന സമയം അദ്ദേഹത്തെ മനഃപൂർവ്വം ആക്ഷേപിക്കുവാൻ ഇന്നലെ ഇവിടെ പ്രസംഗിച്ച ഒരു മാന്യൻ കായംകുളത്തുവച്ചു് ഒരു ശ്രമിച്ചതായി എനിക്കറിയാം. ഒരു കൈതച്ചേരിച്ചിൽതന്നെ ഉണ്ടാകുവാൻ ശ്രമങ്ങൾ നടന്നു. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ പ്രസിഡന്റിനെയാണു് അവർ ആക്ഷേപിക്കുവാൻ തയ്യാറായതു്. ഇവിടത്തെ മുസ്ലീം സമുദായത്തിൽ ദേശീയബോധം എത്ര വിരളമാണെന്നുള്ളതു ഇതുകൊണ്ടു മനസ്സിലാക്കാവുന്നതാണു്.

MR. P. S. MOHAMMED: ആചാര്യകൃപലാനി ആലപ്പുഴ വന്ന അവസരത്തിൽ അവിടെവച്ചു മുസ്ലീംങ്ങൾ അനേകം സംഖ്യ അദ്ദേഹത്തിനു സംഭാവന ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബഹു. മെമ്പർക്കറിയാമോ ?

MR. PONNARA G. SREEDHAR : ഒന്നോ രണ്ടോപേർ സംഭാവന ചെയ്തിട്ടുണ്ടായിരിക്കണം. പക്ഷേ അതുകൊണ്ടുമാത്രം ഞാൻ പറഞ്ഞതു് ഇല്ലാതായി പോകുന്നില്ല. അദ്ദേഹം കായംകുളത്തു വന്നപ്പോൾ അവിടെ കാണിച്ച ബഹളങ്ങൾ എന്തെല്ലാമായിരുന്നു എന്നുള്ളതിനു ഞാൻ മാത്രമല്ലാ ദൃക്സാക്ഷിയായിരുന്നതു. പ്രധാനമന്ത്രി ശ്രീ. പട്ടം താണുപിള്ള അവർകൾകൂടി ആ കാഴ്ച കണ്ടതാണു്. അന്നത്തെ ഗവണ്മെന്റിന്റെ ആവശ്യമനുസരിച്ചു് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ മുഖത്തു ചെളി വാരി എറിയുവാൻ ശ്രമിച്ച ആ വിദ്വാന്മാർ ഇന്നു ചോദിക്കുകയാണു് "ഞങ്ങൾക്കു മന്ത്രിസഭയിൽ ഓഹരി ഇല്ലേ" എന്നു്. ഇവിടെ ആരും ഒന്നും ഓഹരിവയ്ക്കുവാൻ പോകുന്നില്ല.

MR. P. S. MOHAMMED : മെമ്പർ പറയുന്നതുപോലെ ഞങ്ങളാരും ഓഹരി ചോദിച്ചില്ല.

**MR. PONNARA G. SREEDHAR :** അതിപ്പോഴും പറയുന്നതാണു്. മുൻപു പറഞ്ഞതു് ശരിക്കുള്ള ഓ[illegible]രി [illegible]ണമെന്നതന്നെയാണു്. വളരെ ത്യാഗങ്ങൾ അനുഭവിച്ചു് കഷ്ടപ്പെട്ടതിന്റെ ഫലമായിട്ടാണു് ഉത്തരവാദഭരണം നമുക്കു കൈവന്നിരിക്കുന്നതു്. ഈ ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ച ആളുകളെ വേണമെങ്കിൽ പുറംതള്ളി എന്നുകൂടി പറയാവുന്ന ഒരു നിലയാണു് അവലംബിച്ചുകൊണ്ടാണു് അക്കാലത്തു് ഇതിനു പ്രതിബന്ധങ്ങൾ ഉണ്ടാക്കിയും ഉണ്ടാക്കുന്നവരുടെ പുറകെ നടന്നും കഴിഞ്ഞുകൂടിയ ആളുകളെക്കൂടി സ്റ്റേറ്റുകാൺഗ്രസ്സുപാർട്ടിയിൽ ഉൾപ്പെടുത്തിയതു്. എന്നെപ്പോലെയുള്ള ആളുകളുടെ അഭിപ്രായം പറയുകയാണെങ്കിൽ ആ വിധം എല്ലാവരെയും ഉൾപ്പെടുത്തുവാൻ ശ്രമിച്ചതു് ശരിയല്ലതന്നെ. എന്നാൽ കഴിഞ്ഞതെല്ലാം പോകട്ടെ. ആ പ്രവൃത്തിയല്ല ഇപ്പോൾ ദൃശ്യം എല്ലാം ഉണ്ടാക്കിയിരിക്കുന്നതു്. നാട്ടിൽ അസംതൃപ്തരായി ഒരു കൂട്ടം ഉണ്ടായിരിക്കാൻ പാടില്ലെന്നുള്ള ഉദ്ദേശത്തോടുകൂടി സ്റ്റേറ്റുകാൺഗ്രസ്സ് പാർട്ടിയോടു ഒട്ടിയും ഒട്ടാതെയും നിൽക്കുന്ന ചിലരെക്കൂടി ആലോചിച്ചു് ഈ ഹാളിനുള്ളിൽ കടത്തിയതിന്റെ ഫലമാണു് ഇന്നു രണ്ടു ദിവസമായി ഇവിടെ കണ്ടതു്. പാടുപെട്ടതും ബുദ്ധിമുട്ടിയതും കണ്ടുകൊണ്ടു് അവരുടെ നേരെ കല്ലെറിയാൻ തുടങ്ങിയവരെയും വൃഥാവിലിരുന്നവരെയും സ്റ്റേറ്റുകാൺഗ്രസ്സ് ഇണക്കുവാൻ ശ്രമിച്ചു. അക്കാലത്തു ഞാൻ അന്നു പറഞ്ഞു അതു പാടില്ലെന്നു്. അന്നു് അക്കൂട്ടർക്കു് തിരഞ്ഞെടുപ്പിൽ വിജയിക്കണമെങ്കിൽ സ്റ്റേറ്റു കാൺഗ്രസ്സിന്റെ പിൻതുണ വേണ്ടിയിരുന്നു.

**MR. ABDUL AZIZ :** Was it at the instance of the member that I came in ?

**MR. PONNARA G. SREEDHAR :** ആ ചോദ്യം ഇവിടെ സംഗതമാണെന്നു് തോന്നുന്നില്ല. മറ്റു ചില സ്നേഹിതന്മാർ ഈ രാജ്യത്തുനിന്നും പിരിഞ്ഞുപോകാൻ ആഗ്രഹിക്കുന്നതായി അവരുടെ പ്രസംഗങ്ങളിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചു. അതും ആരെയോ തോല്പിക്കാൻവേണ്ടിയാണെന്നു തോന്നിപ്പോകും. എന്താണു്, ഈ തമിഴ്നാടുകാൺഗ്രസ്സുകാർക്കു വേണ്ടതെന്നു് ആരെങ്കിലും ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം. തിരുവിതാംകൂർമഹാരാജാവും മഹാരാജാവിന്റെ ആൾക്കാരുമൊക്കെ ഈ രാജ്യത്തെ ഏതു തരത്തിലും ഭരിക്കാം. അതിൽ ഒന്നും അവർക്കു വിരോധമില്ല. സർ. സി. പി. രാമസ്വാമി അയ്യരോടാണെങ്കിൽ അവർക്കു യാതൊരു വിരോധവുമില്ല. അദ്ദേഹത്തിന്റെ ഭരണം എത്ര ചീത്തയായിരുന്നാലും നാട്ടിനെയും നാട്ടാരെയും

അദ്ദേഹം എത്രമാത്രം ക്രോധിച്ചാലും തമിഴ്നാട്ടുകാൺഗ്രസ്സുകാക്ക് വിരോധമില്ല. എന്നാൽ ഇവിടെ ജനങ്ങളുടെ ഭരണം വരുന്നതു് അവക്കു വിരോധമാണ്. സ്വാതന്ത്ര്യവാദികളെന്നു ഭാവിച്ച് സാധുക്കളായ ജനങ്ങളെ തെററിദ്ധരിപ്പിച്ച് അവരുടെ വോട്ടു സമ്പാദിച്ച് ഒരു പാർട്ടിയായി ഇവിടെ കടന്നുവന്നിരിക്കുകയാണു. ഈ രാജ്യം വിട്ടു പോകാൻ അവർ വെമ്പുന്നു. അതിന്നാരും തടസ്സക്കാരല്ലാ.

MR. ABDUL AZIZ : മുസ്ലിംലീഗിന്റെയും അതുപോലുള്ള മററു കാൺഗ്രസ്സിൽപെടാത്ത ആളുകളുടേയും പുറകെ നടന്നാണ് പല സ്റ്റേററുകാൺഗ്രസ്സുസ്ഥാനാർത്ഥികളും വോട്ടു സമ്പാദിച്ചതെന്നു മെമ്പർക്കറിയാമോ ?

MR. PONNARA G. SREEDHAR : എനിക്കു പലതും അറിയാം. ആരാണ് കെട്ടിവച്ച പണംപോലും നഷ്ടപ്പെട്ടുമെന്നു ഭയന്നു് കമ്പിയടിച്ച് ആളുകളെ വരുത്തിയതെന്നും മററുമുള്ളതും എനിക്കു അറിയാം.

എനിക്ക് ഈ അവസരത്തിൽ മി. നേശമണിയോടു ചോദിക്കുവാനുള്ളതു്, ഈ അവസരത്തിൽ വേണോ തമിഴ്നാട്ടുപ്രശ്നവുംമററും ആലോചനക്കെടുക്കുവാൻ എന്നാണ്. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ തീരുമാനമനുസരിച്ച് പ്രവർത്തിക്കുവാൻ നാമെല്ലാം ബാദ്ധ്യസ്ഥരല്ലേ ? (ബെൽ)

MR. N. S. KOCHUKUNJU (*Changanacherry IV—Paraya*) : ഈ രാജ്യത്തെ ഏതാണ്ടു അറുപത്തഞ്ചു ലക്ഷത്തോളം വരുന്ന ജനസമുദായത്തെ പ്രതിനിധീകരിക്കുന്ന സ്റ്റേററുകാൺഗ്രസ്സുപാർട്ടിയുടെ നേരെ ഇന്നലെ ഉണ്ടായ അതിരുകടന്നതായ വിമർശനത്തിനു ആവശ്യമുള്ളിടത്തോളം മറുപടികൾ ഈ പാർട്ടിയിൽനിന്നുതന്നെ ഉണ്ടായിട്ടുണ്ട്. ഈ പാർട്ടിയുടെ അന്തസ്സിനും അഭിമാനത്തിനും അതിൽ കവിഞ്ഞു കൂടുതലായി പറയുന്നതു് വിഹിതമല്ല.

തിരുവിതാംകൂറിലെ ജനസമുദായം ഈ രാജ്യത്തെ അസമത്വം അനുഭവിക്കുന്ന ജനസഞ്ചയത്തിന് ഏതെങ്കിലും വിധത്തിൽ രക്ഷ പ്രാപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായി പത്തുപന്ത്രണ്ടു വർഷത്തെ അതിദീർഘമായ യാതനകൾ അനുഭവിച്ചു തുടർച്ചയായ കഷ്ടപ്പാടുകളുടെ ഫലമായി ഉണ്ടായ ഇന്നത്തെ ജനകീയഗവണ്മെന്റിന്റെ നേരെ ഇന്നലെ നടന്ന രൂക്ഷമായ വിമർശനം ഒരു പുത്തരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ രണ്ടു പാർട്ടിയിൽനിന്ന് സ്റ്റേററുകാൺഗ്ര

[Mr. N. S. Kochukunju.]

സ്റ്റിന്റെ ആരംഭംമുതൽ ഇന്നുവരെയും അതിന്റെ ലക്ഷ്യത്തിന് പല തരത്തിലുള്ള പ്രതിക്രിയകളും തടസ്സങ്ങളും ആണ് ഉണ്ടായിക്കൊണ്ടിരുന്നതു്. അതു് കേവലം സ്വാഭാവികമാണ്. സ്വാതന്ത്ര്യത്തിന് ആകാംക്ഷയുള്ളവരും ഈ രാജ്യത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവരും ആയ സ്റ്റേററുകാൺഗ്രസ്സുപാർട്ടിയുടെ നേരെ ഈ കക്ഷികൾ നടത്തുന്ന വിമർശനങ്ങളുടെ സ്വഭാവം എന്താണെന്നു മനസ്സിലാക്കാൻ സ്റ്റേററുകാൺഗ്രസ്സുപാർട്ടിക്ക് കഴിയുമെന്നാണ് എന്റെ വിശ്വാസം. ഒരു വിധത്തിൽ നോക്കുകയാണെങ്കിൽ ഇവിടെ സ്വേച്ഛാധികാരഭരണം നടത്തിക്കൊണ്ടിരുന്ന സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെനിന്നും വിട്ടുപോയതിന്റെ ഒരു ദയനീയരംഗം അല്ലേ ഇന്നലെ ഇവിടെ നടന്നതു് എന്നു വിചാരിക്കുന്നതിൽ വലിയ തെററില്ല. ഈ പാർട്ടികൾ രണ്ടും മന്ത്രിസഭാസ്ഥാനം തങ്ങൾക്കു വേണമെന്നു് തുടർച്ചയായി വാദിക്കുന്നുണ്ടെങ്കിലും അവരുടെ സംഭാഷണങ്ങളിൽനിന്നും അവർ അതാഗ്രഹിക്കുന്നില്ലേ എന്നു സംശയിക്കുവാൻ ന്യായം കാണുന്നുണ്ട്. ഇന്നലെ ഇവിടെ നടന്ന രൂക്ഷമായ വിമർശനങ്ങളിൽനിന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞതു് ഇതാണ്. ഒരു പാർട്ടിക്ക് ആഗ്രഹിച്ചതു് ലഭിച്ചു. മറെറാരു പാർട്ടിക്ക് ആഗ്രഹിച്ചതു് ലഭിച്ചില്ല. അതിന്റെ കൊതിഗർവ്വാണ് ഇവിടെ കണ്ടതു്. ഇന്നത്തെ ഉത്തരവാദഭരണത്തെ ഇവർ വാനോളം പുകഴ്ത്തുന്നുണ്ടെങ്കിലും ഇവിടത്തെ ഉത്തരവാദഭരണലബ്ധിയിൽ ഈ കക്ഷികൾ തടസ്സക്കാരായിരുന്നു എന്നുള്ളതു് മറച്ചുവയ്ക്കാവുന്നതല്ല. അതുകൊണ്ട്, എനിക്കു പറയുവാനുള്ളതു് ഉത്തരവാദഭരണപ്രാപ്തിക്കുവേണ്ടി ഏതു പാർട്ടിക്കാരോ ശ്രമിച്ചതും ത്യാഗങ്ങളും അനുഭവിച്ചതും ക്ലേശിച്ചതും, അവർക്കതു കിട്ടി; മററുള്ളവർക്ക് അതിൽ ഖേദിക്കേണ്ട കാര്യമേ ഇല്ലെന്നാണ്.

ഈ അവസരത്തിൽ വേറെ ഒരു കാര്യം എന്റെ ഓർമ്മയിൽ വരുന്നു. അടുത്ത കാലംവരെ സ്റ്റേററുകാൺഗ്രസ്സുപാർട്ടിയോടു് വളരെ മൈത്രിയോടെ കഴിഞ്ഞുകൊണ്ടിരുന്ന മുസ്‌ലിംലീഗുപാർട്ടി എന്തുകൊണ്ടാണു പൊടുന്നനവെ ഇത്ര രൂക്ഷമായ ഒരു നില അവലംബിച്ചതെന്നു് ഞാൻ ആലോചിക്കുന്നു. ഞാൻ മുമ്പു് പറഞ്ഞതുപോലെ മന്ത്രിസഭയിൽ അവർക്കുകൂടി സ്ഥാനം ലഭിക്കാത്തതിലുള്ള വൈരാഗ്യം ആയിരിക്കണം അതിനുള്ള കാരണം. (ബെൽ)

MR. D. KRISHNAN POTTI (*Kottarakara II—General*) : സർ, ഈ ധനാഭ്യർത്ഥനയെപ്പററിയുള്ള വാദപ്രതിവാദം ഏററവും സജീവമായി കണ്ടതിൽ ഞാൻ സന്തോഷിക്കുന്നു. ആപ്പോസിഷൻ പാർട്ടിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ അവരുടെ ഉറപ്പുചിട്ടകൾ എല്ലാം മേശപ്പുറത്തു വച്ചുകൊണ്ട് ഗവണ്മെൻറിനെ നിശിതമായി വിമർശിച്ചുകണ്ടതും ചാരിതാർത്ഥ്യജനകംതന്നെയാണ്. ഈ സംഗതിയിൽ തമിഴനാട്ടുകാൺഗ്രസ്സിലെ അംഗങ്ങൾക്കും മുസ്ലിംലീഗുപാർട്ടിയിലെ അംഗങ്ങൾക്കും ഏതാണ്ടു പരസ്പരധാരണയും അഭിപ്രായൈക്യവും കണ്ടതും ശ്രദ്ധേയമാണ്. ഇന്നത്തെ ഭരണകൂടത്തിന് പ്രതിപക്ഷകക്ഷിയിൽനിന്ന് പ്രതീക്ഷിക്കാവുന്ന എതിർപ്പിൻെറ വാദഗതിയുടെ രൂപം എന്തായിരിക്കുമെന്ന് ഈ സഭയ്ക്കും പൊതുജനങ്ങൾക്കും അറിയുവാൻ ഇതൊരവസരം നൽകിയെന്നുള്ളതിന് സംശയമില്ല. ആ നിലയിൽ സ്റ്റേററുകാൺഗ്രസ്സ് പാർട്ടി ആപ്പോസിഷൻ പാർട്ടിയെ അഭിനന്ദിക്കുകതന്നെ വേണം.

മുസ്ലിംലീഗുപാർട്ടിയുടെ വാദഗതി എല്ലാംകൂടി ഒരു വിഷയത്തിൽ ചെന്നവസാനിക്കുന്നു. അതായതു് അവർക്കു മന്ത്രിസഭയിൽ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്നുള്ളതാണ് അതു്. അതിനുവേണ്ടി അവർ ഇവിടെ കൊണ്ടുവന്ന വാദമുഖങ്ങൾ വളരെ വിചിത്രമായിരിക്കുന്നു. ഇന്നത്തെ മന്ത്രിമാർ സർ സി. പി. രാമസ്വാമി അയ്യരെപ്പോലെ സ്റ്റേററുകാർ ഉപയോഗിക്കുന്നു എന്നും, മണിമന്ദിരങ്ങളിൽ താമസിക്കുന്നു എന്നും, മററും ഈ സഭയുടെ അന്തസ്സിന് തീരെ യോജിക്കാത്ത ആരോപണങ്ങൾ അവർ പുറപ്പെടുവിക്കയുണ്ടായി. രാജ്യസേവനത്തിനും ജനകീയതാല്പര്യങ്ങൾക്കും പര്യാപ്തമായ സൃഷ്ടിപരമായ വിമർശനങ്ങൾ പുറപ്പെടുവിക്കേണ്ട ഈ സന്ദർഭം ഇങ്ങനെയുള്ള കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതു് പരിതാപകരമായിപ്പോയി എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

സർ, ഏതാണ്ടു ഫ്ര വ മാസത്തിനുമുമ്പ് ആരും അറിയാതെ ഈ രാജ്യം വിട്ടു ചരിത്രപ്രസിദ്ധനായിത്തീർന്നിട്ടുള്ള സർ സി. പി. രാമസ്വാമി അയ്യരെപ്പററിയുള്ള ചിന്ത ബഹുമാനപ്പെട്ട ചില മെംബറന്മാരുടെ സ്മരണമണ്ഡലത്തിൽ നിന്നും ഇപ്പോഴും വിട്ടുമാറാതിരിക്കുന്നതു് ഒരു പക്ഷേ അവർ അന്നു ദർശിച്ചിരുന്ന ചില മോഹനസ്വപ്നങ്ങളുടെ അപ്രതീക്ഷിതമായ ഓർമ്മകൊണ്ടായിരിക്കാം. എനിക്കു പറയുവാനു

[Mr. D. Krishnan Potti.]
ഇതു് ഇപ്പോഴം നടന്നതുപോലെയുള്ള പ്രസ്താവനകഠം നമ്മെ ഒരടിപോലും മുമ്പോട്ടു കൊണ്ടുപോകുവാൻ സഹായിക്കുകയില്ല എന്നാണു്. ബഹുമാന്യന്മാരായ മുസ്ലിംലീഗു പാർട്ടിയിലെ അംഗങ്ങഠം ഒന്നു് ആത്മപരിശോധനചെയ്തു നോക്കട്ടെ. ഈ ഘട്ടം ഉദ്ദേശിനമുള്ളതാണു്? ഈ നാട്ടിലെ ജനങ്ങളുടെ വിയർപ്പുതുള്ളിയിൽ നിന്നും ഊറ്റി എടുത്ത നമ്മുടെ ഭണ്ഡാരത്തിലെ ഇകപ്പിൽനിന്നും ൨൦ ലക്ഷത്തിൽപരം രൂപ വരുന്ന ഒരു സംഖ്യ അവരുടെ അംഗീകാരത്തിനായി മുമ്പിൽ കൊണ്ടുവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ, അവശതയിലിരിക്കുന്ന അനേകായിരം സാധുജനങ്ങളുടെ ജീവിതസൌകര്യത്തേയും സാധുക്കളായ സർക്കാർ ജീവനക്കാരുടെ സങ്കടങ്ങളേയും അതുപോലുള്ള അനേകായിരം കാര്യങ്ങളേയും കുറിച്ചു ചർച്ചചെയ്യുന്ന സന്ദർഭത്തിൽ ഒരു പ്രതിപക്ഷകക്ഷിയെന്ന നിലക്കു് ഗവൺമെൻറിൻെറ ചെയ്തികളെ നിശിതമായി വിമർശിക്കുകയും ഗവൺമെൻറിനു മാർഗ്ഗദർശനം ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതായ സന്ദർഭത്തിൽ ഈ മാതിരിയുള്ള സങ്കുചിതമനഃസ്ഥിതിയോടുകൂടി സ്വാർത്ഥലാഭത്തിനുവേണ്ടി വാദിച്ചതു് തുലോം ലജ്ജാകരമല്ലേ? ഇന്നത്തെ മന്ത്രിസഭയെ ഒന്നടങ്കം അധിക്ഷേപിക്കുകയും അതേസമയം അതിനകത്തു കടന്നുകൂടുന്നതിന് ആവേശംകൊള്ളുകയും ചെയ്യുന്നതു് കാണുമ്പോഠം രാജ്യക്ഷേമമാണോ സ്വാർത്ഥലാഭമാണോ ഇതിൻെറ ഒക്കെ മുന്നിൽ എന്നു് ആരും ചോദിച്ചുപോകും.

സർ, മുസ്ലിംലീഗു കോൺഗ്രസ്സിൽ വർഗ്ഗീയത ആരോപിക്കുന്നതു് കേഠംക്കുമ്പോഠം ചെകുത്താൻ വേദമോതുന്നതാണു എനിക്കു് ഓർമ്മവരുന്നതു. സ്റ്റേററുകാൺഗ്രസ്സിൻെറ രാഷ്ട്രീയ പരിപാടികളോടു പരിപൂർണ്ണമായി യോജിക്കുന്ന യാതൊരു വ്യക്തിക്കും സമുദായത്തിനും പ്രാതിനിദ്ധ്യം സ്റ്റേററുകാൺഗ്രസ്സ് പാർട്ടി നിഷേധിച്ചിട്ടില്ല. എന്നാൽ രാഷ്ട്രീയകാര്യങ്ങളിൽ സ്വന്തമായ അഭിപ്രായം വച്ചുകൊണ്ടു് ദേശീയമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ജനകീയസംഘടനയിൽ പങ്കാളിത്വം വേണമെന്നു പറയുന്നതു ആരും അനുവദിക്കുകയില്ല.

MR. P. S. MOHAMMED: സ്വന്തമായ അഭിപ്രായം പുലർത്തുവാൻ വേണ്ടി മന്ത്രിസഭയിൽ പ്രവേശിക്കണമെന്നു് മുസ്ലിംലീഗുകാർ ആവശ്യപ്പെട്ടതായി മെംബർ വിചാരിക്കുന്നു എങ്കിൽ അതു ശരിയല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

MR. D. KRISHNAN POTTI. അങ്ങിനെയാണെങ്കിൽ ബഹു. മുസ്ലിംലീഗു മെംബർമാരോട്ട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു; അവർ തിരുവിതാംകൂർ മുസ്ലിംലീഗിനു് ഒരു നേതൃത്വം കൊടുക്കണമെന്നു്. ആ സംഘടനയെ അതിന്റെ രാഷ്ട്രീയപരിപാടിയിൽ നിന്നും മോചിപ്പിക്കുകയാണെങ്കിൽ ലീഗിനെ സ്വാഗതംചെയ്യുന്നതിനു് ഞങ്ങൾക്കു് സന്തോഷമേയുള്ളു. അങ്ങിനെ സ്റ്റേററുകാൺഗ്രസ്സുപാർട്ടിയുമായി സഹകരിക്കുവാനും അവരോടുകൂടി ചേർന്നു് രാജ്യശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുവാനും മുസ്ലിംലീഗുകാർ തയ്യാറാകട്ടെ. സർ, തമിഴ്‌നാട്ടു കാൺഗ്രസ്സുകാരും മുസ്ലിംലീഗുകാരും ഇന്നലെ ശ്രീമാൻ പി. എസ്സ്. നടരാജപിള്ളയെപ്പററിയും പിന്നോക്കസമുദായത്തെപ്പററിയും മുതലക്കണ്ണുനീർ പൊഴിക്കുന്നതുകണ്ടു. അതിനെപ്പററി എന്തെങ്കിലും പറയുവാൻ ഞാൻ വിചാരിക്കുന്നില്ല. ബഹു: തമിഴ്‌നാട്ടു കാൺഗ്രസ്സു് പാർട്ടി നേതാവു് ഗവർമ്മെൻറിന്റെ നേക്കു കുറെ വെല്ലുവിളി നടത്തുകയുണ്ടായി. അതിനു് അർഹിക്കുന്ന രീതിയിലുള്ള മറുപടി കൊടുക്കുന്നതിനുള്ള ശക്തി ഇന്നത്തെ ഗവർമ്മെൻറിനുണ്ടെന്നു് അദ്ദേഹത്തിനു് അറിയാമെന്നു് ഞാൻ വിശ്വസിക്കുന്നു. എങ്കിലും വളരെ വിനീതമായും പ്രതിപക്ഷബഹുമാനത്തോടുകൂടിയും തമിഴ്‌നാട്ടു കാൺഗ്രസ്സുകാരോടെനിക്കൊന്നു പറയുവാനുണ്ടു്. തമിഴ സംസ്കാരത്തിനു് യാതൊരു മാലിന്യവും വരുത്താതെ അതിന്റെ ഉൽകൃഷ്ടമായ പാരമ്പര്യം പുലർത്തുന്നതിനു് ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾ ആരുംതന്നെ തടസ്സക്കാരായി നിൽക്കുന്നില്ലെന്നും നിൽക്കുകയില്ലെന്നും അവർ ധരിക്കണം.

The House adjourned at 1 p. m. for lunch and re-assembled at 2 p. m., the President in the Chair.

MR. P. K. KUNJU (*Karunagapalli II—Muslim*) : സർ, പ്രധാനമന്ത്രി മറുപടിപറയുന്നതിനു മുമ്പായി എനിക്കു് രണ്ടുവാക്കു സംസാരിച്ചാൽ കൊള്ളാമെന്നുണ്ടു്. എന്റെ പേഴ്സണൽ ആയ ഒരു കാര്യമാണു. അതിലേക്കു് എനിക്കു് ൫ മിനിട്ടുസമയം തരണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ബഹുമാനപ്പെട്ട മെംബർക്കു് അതിലേയ്ക്കു് ൫ മിനിട്ടുസമയം അനുവദിക്കാം.

MR. P. K. KUNJU : സർ, എന്നെ സംബന്ധിച്ച് അതിഗൗരവമായ ഒരു പ്രസ്താവന ഇന്നു രാവിലെ ഒരു ബഹുമാന്യമെംബർ ഇവിടെ ചെയ്തതായി ഞാൻ അറിഞ്ഞു. എന്നെ തിരഞ്ഞെടുത്തയച്ച നിയോജകമണ്ഡലത്തെ സംബന്ധിക്കുന്ന ഒരു അത്യാവശ്യകാര്യത്തിൽ ഇന്നു രാവിലെ ഇടപെടേണ്ടിവന്നതുകൊണ്ട് രാവിലത്തെ സമ്മേളനത്തിൽ എനിക്കു പങ്കെടുക്കുവാൻ സാധിച്ചില്ല. എന്റെ അഭാവത്തിൽ എന്റെ അസാന്നിദ്ധ്യത്തിൽ, എന്റെ അന്തസ്സിനേയും മാനത്തേയും സാരമായി ബാധിക്കുന്ന ചില ആരോപണങ്ങൾ അടിസ്ഥാനരഹിതമായി ഈ സഭയിൽ ആ ബഹുമാനപ്പെട്ട മെംബർ പുറപ്പെടുവിക്കയുണ്ടായി. അതു് മറെറാന്നുമല്ല. ഭാരതീയർക്കു പൊതുവെ ബഹുമാന്യനായ ശ്രീ കൃപലാനി കായംകുളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തെ ആക്ഷേപിക്കുവാൻവേണ്ടി അവിടെ ആരോ എന്തോ പ്രവർത്തിച്ചുവെന്നും ചില അലങ്കോലങ്ങളോ ബഹളമോ എന്തൊക്കെയോ നടന്നു എന്നും ആണ്. കായംകുളമെന്നും മുസ്ലീം എന്നും ഇന്നലെ ഇവിടെ പ്രസംഗിച്ച മുസ്ലിംലീഗുമെമ്പർ എന്നുംമററും ആ പ്രസ്താവനയിൽ വന്നതുകൊണ്ട് അതു് എന്നെ സ്പർശിക്കുന്ന ഒരു കാര്യമാണെന്നു സംശയിച്ചേക്കാനിടയുള്ളതുകൊണ്ടാണു ഞാൻ ഇങ്ങനെ ഒരു വിശദീകരണത്തിനു തയാറായതു്. ശ്രീ. കൃപലാനി കായംകുളം സന്ദർശിച്ച അവസരത്തിൽ ഞാൻ കായംകുളത്തുപോലും ഉണ്ടായിരുന്നില്ല. ഇന്നു ഈ സഭയിൽ ഹാജരായിരിക്കുന്ന എന്റെ സ്നേഹിതൻ ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ളയെപ്പോലെയുള്ള സ്ഥലത്തെ പ്രമുഖകോൺഗ്രസ്സ് പ്രമാണികൾക്കു അതിന്റെ പരമാർത്ഥം നല്ലപോലെ അറിയാവുന്നതാണു. എന്റെ മേൽ ദുരുദ്ദേശപരമായി, തെററിദ്ധാരണകൾ ഉളവാക്കുന്നതിനുള്ള ഒരു ഏജൻസി അവശ്യാർത്ഥം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറും അതിൽപ്പെടും. മെമ്പർക്കു നേരിട്ടിക്കഥ അറിയാവുന്നതിൽ കൂടുതൽ ആ സ്ഥലത്തെ പൊതുജനങ്ങൾക്കറിയാം. എന്റെ എതിർസ്ഥാനാർത്ഥിയായി നിന്നു, ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനു മത്സരിച്ച ഒരു കമ്മ്യൂണിസ്റ്റ് യുവാവിന്റെ പ്രവൃത്തനഫലമായിട്ടാണ് കായംകുളത്ത് ആ അനിഷ്ടസംഭവമെല്ലാം ഉണ്ടായതു്. യാഥാർത്ഥ്യങ്ങൾ തെററിധരിപ്പിക്കത്തക്കവിധത്തിൽ ഇത്തരം പ്രസ്താവനകൾ ബഹുമാനപ്പെട്ട മെംബറന്മാർ ഉത്തരവാദിത്വരഹിതമായി ഈ സഭയിൽ ചെയ്യാതിരുന്നാൽ കൊള്ളാമെന്നും അങ്ങിനെ ചെയ്യുന്നപക്ഷം ആളുകൾതമ്മിൽ ഉണ്ടായി

രിക്കേണ്ട പരസ്പര സൗഹാർദ്ദത്തിനും പ്രതിപക്ഷബഹുമാനത്തിനും ഭംഗം വരുത്തുവാനെ ഉപകരിക്കയുള്ളു എന്നുമാണു എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു്. ഇവിടെ നടക്കുന്ന പ്രസ്താവനകളുടെ പ്രത്യാഘാതങ്ങൾ പത്രങ്ങൾ മുഖേന നിഴലിക്കാതെ ഇരിക്കുകയില്ലെന്നു ഓർക്കുമ്പോൾ അയഥാർത്ഥങ്ങളായ പ്രസ്താവനകൾ നാട്ടിൽ ആശാവഹമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്നതിനുതകുമെന്നുള്ളതിൽ കവിഞ്ഞു് പ്രയോജനമൊന്നുമില്ലെന്നു ദേശീയബോധമുള്ളവരെന്നു പറയപ്പെടുന്ന സ്നേഹിതന്മാർ ധരിക്കണം. ഏതായാലും [illegible]ൻെറ മേൽ ചെയ്ത പ്രസ്താവന തികച്ചും അടിസ്ഥാനരഹിതമാകയാൽ ഞാൻ അതിനെ ആവർത്തിച്ചു ശക്തമായി നിഷേധിക്കുന്നു.

HON'BLE MR. A. THANU PILLAI : സർ, ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ഇവിടെ നടന്ന പ്രസംഗങ്ങളെല്ലാം ഞാൻ വളരെ ശ്രദ്ധയോടുകൂടിത്തന്നെ കേട്ടു. പ്രധാനമായ പല സംഗതികളും ഈ പ്രസംഗങ്ങളിൽ പരാമർശിക്കപ്പെട്ടു. അതിൽ മിനിസ്ട്രിയുടെ ഘടന, മിനിസ്ട്രിയിലുണ്ടായ മാററങ്ങൾ, മുതലായവയാണു് എതിർകക്ഷികളിലെ അംഗങ്ങളിൽ പലരും ഉന്നയിച്ചതു്. ഈ മാതിരിയുള്ള ഒരു സന്ദർഭത്തിൽ ഗവൺമെൻറിനെ നയിക്കുന്ന ഒരു പ്രൈംമിനിസ്റ്ററുടെ ചുമതലകൾ നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടാണു ഞാൻ ഇവിടെ ചിലതു പറയണമെന്നാഗ്രഹിക്കുന്നതു്. ഞാൻ പറയുന്നതിൽ രുചിക്കാത്തതായി ഏതെങ്കിലും കക്ഷിക്കോ അംഗത്തിനോ എന്തെങ്കിലും കാണാൻ സാധിക്കുന്നുവെങ്കിൽ അതിൽ ദുരുദ്ദേശം യാതൊന്നും തന്നെ ഇല്ലെന്നും, നാട്ടിൻെറ ഭാവി കഴിയുന്നതും ശോഭനമാക്കണമെന്നുള്ള ഏക ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഇതു പറയുന്നതെന്നും എൻെറ എല്ലാ സ്നേഹിതന്മാരും ധരിക്കണമെന്നു ഞാൻ വിനയത്തോടുകൂടി അപേക്ഷിക്കുന്നു.

സർ, നമ്മുടെ നാട്ടിൽ വളരെ ജാതികളും, മതങ്ങളും പ്രധാനമായി രണ്ടുഭാഷകളുമുണ്ടു്. എന്നാൽ തിരുവിതാംകൂർ ഒന്നാണെന്നുള്ള ലക്ഷ്യത്തിൽ നമ്മുടെ നാട്ടിൻെറ ക്ഷേമത്തെയും അതിലെ ജനങ്ങളുടെ സൗഭാഗ്യങ്ങളെയും വർദ്ധിപ്പിക്കുവാൻ കഴിവുള്ളതു ചെയ്യണമെന്നുള്ള ഗവൺമെൻറിൻെറ ആഗ്രഹത്തെ നിറവേററുവാൻ നിങ്ങളെല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നാണു് എനിക്കു നിങ്ങളോടു അപേക്ഷിക്കുവാനുള്ളതു. അതിനു് നിങ്ങളെല്ലാവരും കടപ്പെട്ടവരും ആണല്ലോ. ഇവിടെ ഉത്തരവാദഭരണത്തിനുവേണ്ടി നാമെല്ലാവരും തീവ്രമായി യത്നിച്ചു. സ്റേററുകാൺഗ്രസ്സ് അതിനുവേണ്ടി വളരെ

[Hon'ble Mr. A. Thanu Pillai.]

പ്രയത്നംചെയ്തു. ബ്രിട്ടീഷ് മോഡലിലുള്ള ഒരു ഭരണസംപ്രദായമാണ് നമുക്കു ഇവിടെ വേണ്ടതെന്നു നാം ആവശ്യപ്പെട്ടു. അതിൽ നാട്ടിലെ എല്ലാ ജനങ്ങളും യോജിച്ചു. സർ സി. പി. രാമസ്വാമിഅയ്യർ ഇവിടത്തെ ദിവാൻജിയായിരുന്ന കാലത്തു് അദ്ദേഹം നമ്മുടെ ആ അഭിലാഷത്തെ തടയാൻ വളരെ ശ്രമിച്ചു് എന്നുള്ളതു് വളരെ വാസ്തവമാണ്. അക്കാലത്തു അദ്ദേഹത്തോടു യോജിച്ചുനിന്നു നമ്മുടെ ഉദ്ദേശത്തെയും, ശ്രമങ്ങളെയും വിഫലപ്പെടുത്തുവാൻ ശ്രമിച്ചവരും വളരെയുണ്ടായിരുന്നു. ആ കാര്യങ്ങളെല്ലാം നാം ഇവിടെ വലുതാക്കി പറഞ്ഞതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നു ഏതായാലും നമ്മുടെ ഉദ്ദേശം സാധിച്ചു. അതനുസരിച്ചു ഒരു ഭരണസംപ്രദായം രൂപീകരിക്കുന്നതിനായി ഈ സമിതിയെയും വിളിച്ചു കൂട്ടിയിട്ടുണ്ട്.

എന്നാൽ ഈ സമിതി ഈ ജോലി ചെയ്തുതീർക്കുന്നതിനുമുമ്പുതന്നെ ബ്രിട്ടീഷുഭരണരീതിയിലുള്ള ഉത്തരവാദഭരണത്തിന്റെ സ്വഭാവത്തിൽ ഇവിടെ ഒരു ഭരണരീതി ഇടക്കാലത്തേക്കു നടപ്പിലാക്കുവാൻ മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചു. അല്ലാതെ, ഇവിടെ ബഹുമാനപ്പെട്ട ചില മെംബറന്മാർ പ്രസ്താവിച്ചതുപോലെ ഏതെങ്കിലും രീതിയിലുള്ള ഒരു ഭരണം ആകട്ടെ എന്നു തിരുമനസ്സുകൊണ്ടു കല്പിച്ചില്ല. ഇൻററിം കാൺസ്റ്റിറ്റ്യൂഷൻ ആക്ട് എന്നു പറയപ്പെടുന്ന ആ നിയമത്തിൽ ആ രീതിയിലുള്ള ഒരു ഭരണസമ്പ്രദായം നടപ്പിലാക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. ബ്രിട്ടീഷ് ക്യാബിനററു ഭരണരീതി നമുക്കു വേണമോ, വേണ്ടയോ എന്നു ഞാൻ എല്ലാവരോടും ചോദിക്കുന്നു. ആ രീതിയാണ് ഡെമോക്രാററിക് സിസ്റ്റം എന്നു നാം വിചാരിക്കുന്നുണ്ടെങ്കിൽ, ആ സിസ്റ്റമാണ് ഇവിടെയും നടപ്പിലാക്കുവാൻ നാം ആഗ്രഹിക്കുന്നതെങ്കിൽ, ഇന്നു് മഹാരാജാവുതിരുമനസ്സുകൊണ്ടു് കല്പിച്ചനുവദിച്ചിരിക്കുന്ന ഭരണരീതിയെപ്പററി നമുക്കു യാതൊരാക്ഷേപവും പുറപ്പെടുവിക്കുവാൻ സാദ്ധ്യമല്ല തന്നെ. ആ രീതിയിലുള്ള ഒരു ഭരണസമ്പ്രദായം ഇവിടെ നടപ്പാക്കണമെങ്കിൽ, അതിനു അനുരൂപമായ രീതിയിലല്ലാതെ ഇവിടത്തെ ക്യാബിനററിനു പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കണം. അതു മനസ്സിലാക്കി ഇന്നത്തെ ക്യാബിനററിനെയും, ക്യാബിനററിന്റെ രൂപീകരണത്തിനുണ്ടായ പരിതഃസ്ഥിതിയെയും പററി വിമർശിക്കുന്നതു് കുറെക്കൂടി ഉത്തമമായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്.

സർ, ക്യാബിനററു രൂപീകരിക്കുന്ന കാര്യത്തിൽ എന്താണ് തെററു ചെയ്തതു ? പ്രൈംമിനിസ്റ്ററായാലും ശരി, ക്യാബിനററു ഒന്നാകെയായാലും ശരി, ആ തെററു ആരാണ് ചെയ്തതു് എന്നുള്ള കാര്യത്തെപ്പററി പല അഭ്യൂഹങ്ങളും, ആരോപണങ്ങളും ഇവിടെ പുറപ്പെട്ടുവിച്ചുകണ്ടു. പ്രൈംമിനിസ്റ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ചു്, ഞാൻ നടത്തിയ ക്യാബിനററിന്റെ രൂപീകരണത്തെപ്പററിയും അതിന്റെ ഭരണഘടനയെപ്പററിയും ഇവിടെ വിമർശനം നടത്തുവാൻ അനുവദിക്കാവുന്നതല്ലെന്ന കാര്യം ഞാൻ പ്രസിഡണ്ടു് അവർകളുടെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. എങ്കിലും എന്റെ നിർദ്ദേശത്തിനു അല്പം ഭേദഗതി ചെയ്തുകൊണ്ടു് പ്രസിഡണ്ടു് അവർകൾ അതപ്പററി സംസാരിക്കുവാൻ അനുവദിച്ചതിനാൽ ഈ കാര്യത്തെപ്പററി അല്പം പ്രസ്താവിക്കുവാൻ ഈ സഭയിൽ ഇടയായി. മി. നേശമണിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, "Owing to the ruling of the chair, I am not prying into the secrets of the cabinet crisis, nor am I going to ask the ministers to tell us how it originated and how it ended."
അതു് വളരെ ശരിയായ ഒരു നിലയാണ്. അതുകൊണ്ടു് അതിനപ്പുറം പോകേണ്ട ആവശ്യമില്ലെന്നു അദ്ദേഹം തന്നെ സമ്മതിച്ചിരിക്കുന്നു. ക്യാബിനററിന്റെ ജീവിതത്തിൽ പലതും സംഭവിക്കാം. അതിനുള്ളിൽ പല ചരിത്രങ്ങളും കണ്ടേക്കാം. എന്നാൽ ഈ നിയമസഭ നോക്കേണ്ടതു് ക്യാബിനററു എങ്ങനെ പ്രവർത്തിക്കുന്നു. തുടർന്നു കൊണ്ടുപോകണമോ, അതല്ല അവസാനിപ്പിക്കണമോ, ക്യാബിനററിനെക്കൊണ്ടു് എങ്ങനെ ഭംഗിയായി പ്രവർത്തിപ്പിക്കണം, ഇങ്ങനെയുള്ള കാര്യങ്ങളെല്ലാമാണു. ഈ വക പ്രശ്നങ്ങൾ മുൻപിൽവച്ചുകൊണ്ടു് ഈ സഭ ക്യാബിനററിനെപ്പററി വിമർശിക്കുകയാണു വേണ്ടതു്. മി. നേശമണിയുടെ ഈ പ്രസ്താവനയും അതനുസരിച്ചു പ്രസിഡൻറിന്റെ റൂളിംഗിനോടു് ഇന്നു് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന നിലയും ശരിയാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു അതിലേയ്ക്കു ഞാൻ കടക്കുന്നില്ല.

അതിൽ പിന്നീടു് തമിഴ്നാട്ടു് കാൺഗ്രസ്സിലെ അംഗങ്ങൾ ആരുംതന്നെ അതേപ്പററി യാതൊരു പ്രസ്താവനയും ചെയ്തിട്ടില്ലെന്നാണ് എന്റെ ഓർമ്മ. എന്നാൽ മുസ്ലിംലീഗുകാർ അങ്ങനെയല്ല ചെയ്തതു്. അവർ പ്രസിഡൻറിന്റെ റൂളിംഗിനു അപ്പുറത്തു

[Hon'ble Mr. A. Thanu Pillai]

പോയി. പിന്നീട് അതു നിഷേധിച്ചുവെങ്കിലും ഈ മന്ത്രിസഭയിൽ അവർക്ക് സ്ഥാനമില്ലാത്തതുകൊണ്ട് അവർ ചെയ്ത പ്രസംഗങ്ങളിൽ അവർ പരിഭവിക്കുക തന്നെ ചെയ്തു എന്നു ഞാൻ വിചാരിക്കുന്നു. എനിക്ക് അവർ ചെയ്ത പ്രസംഗങ്ങളുടെ പൂർണ്ണമായ രൂപം കിട്ടിയിട്ടില്ല. എങ്കിലും ഞാൻ ചിലതു് നോട്ടുചെയ്തു എടുത്തിട്ടുണ്ട്. മി. പി. എസ്. മഹമ്മദ ക്യാബിനററിൽ ഒരു മുസ്ലിമിനെ ഉൾപ്പെടുത്താത്തതു് ശരിയായില്ല എന്നുള്ള അഭിപ്രായഗതിയിലാണ് പ്രസംഗിച്ചതു്. മററു മെംബറന്മാർ മുസ്‌ലിംലീഗിലെ ഒരു മെംബറെ എങ്കിലും ക്യാബിനററിൽ ഉൾപ്പെടുത്താതിരുന്നതിനെപ്പറ്റി ഇന്നത്തെ മന്ത്രിസഭയെ കുററപ്പെടുത്തുകയാണു ചെയ്തതു്. മി. അബ്ദുൽ റസാക്കു പറഞ്ഞതു, അതുതന്നെയായിരുന്നു. ഇവിടെ ഉത്തരവാദഭരണം വേണമെന്ന് എല്ലാവരും പറഞ്ഞു. ആ ഉത്തരവാദഭരണത്തിൽ എല്ലാ കക്ഷികളും താല്പര്യങ്ങളും ഉൾക്കൊള്ളുമെങ്കിലും ഏതെങ്കിലും ഒരു കക്ഷിയുടെ ഭരണം...

MR. P. S. MOHAMMED : ഞാൻ പറഞ്ഞതു് പറഞ്ഞിട്ടില്ല എന്നു പറയുന്നില്ല. ക്യാബിനററു രൂപീകരിക്കുന്ന സന്ദർഭത്തിൽ ഒരു മുസ്ലീമിനെക്കൂടി ഉൾപ്പെടുത്താതിരിക്കത്തക്കവിധം മുസ്ലീംസമുദായത്തിന് എന്തു കുറവാണുള്ളതു എന്നു ചൂണ്ടിക്കാണിക്കുക മാത്രമാണു ഞങ്ങൾ ചെയ്തതു. —

HON'BLE MR. G. RAMACHANDRAN : ഒരു കൊയിലിഷൻ ഗവണ്മെൻറ് വേണമെന്ന് ഈ മുസ്ലിം സഹോദരന്മാർ പറഞ്ഞിട്ടില്ലേ?

HON'BLE MR. A. THANU PILLAI : അങ്ങനെ വ്യക്തമായി പറഞ്ഞോ എന്നു എനിക്കു നിശ്ചയമില്ല. ഏതായാലും അവരിൽ നിന്ന് മിനിസ്ട്രിയിലേക്ക് ഒരാളെക്കൂടി എടുക്കാത്തതിൽ അവർ പരിഭവിച്ചു എന്നുള്ളതിനു തർക്കമില്ല.

HON'BLE MR. G. RAMACHANDRAN : മദ്രാസിലെയും, മൈസൂരിലെയും, ഡൽഹിയിലെയും ഉദാഹരണങ്ങൾ തന്നെ ഈ അഭിപ്രായം സ്ഥാപിക്കാൻവേണ്ടി ഉദ്ധരിച്ചതാണ്.

HON'BLE MR. A. THANU PILLAI : ശരിയാണ്. എന്നാൽ അതിനെപ്പററി എനിക്കു പറയേണ്ട കാര്യമൊന്നുമില്ല. അവർ എന്തു പറഞ്ഞു എന്നാണ് നോക്കേണ്ടതു്. ക്യാബിനററിൽ പ്രതിപക്ഷകക്ഷികളിൽനിന്ന് ഓരോ അംഗത്തെക്കൂടി ചേർക്കാമായിരുന്നില്ലേ എന്നാണു ചോദ്യം. കക്ഷി ഭേദവും, ജാതിഭേദവും എല്ലാം ഉണ്ടെങ്കിലും, ഭാഷകൾക്കും വ്യത്യാസമുണ്ടെങ്കിലും നമ്മുടെ നാട്ട് ഒന്നാണു എന്ന് മി. നേശ

മണി പറഞ്ഞു. അദ്ദേഹം ആ അഭിപ്രായം പുറപ്പെടുവിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. തിരുവിതാംകൂറിന്റെ ഇന്റഗ്രിറ്റി പരിപാലിക്കുന്നിടത്തോളം കാലം തിരുവിതാംകൂറിൽ തന്നെ ചേൎന്നു നിൽക്കുവാൻ തമിഴ്നാട്ടുകാരും ആഗ്രഹിക്കുന്നുണ്ടെന്നും, തിരുവിതാംകൂറിന്റെ ഇന്റഗ്രിറ്റി പരിപാലിക്കുന്നതിൽ വിമുഖത കാണിക്കുമ്പോൾ മാത്രമെ തങ്ങൾ കിഴക്കോട്ടു പോകുകയുള്ളു എന്നും തമിഴ്നാട്ടു് കാൺഗ്രസ്സുപാർട്ടിയുടെ നേതാവു് ഇവിടെ പ്രസ്താവിച്ചു. തിരുവിതാംകൂറിന്റെ ഇന്റഗ്രിറ്റി പാലിക്കുന്നതിൽ തമിഴ്നാട്ടു കാൺഗ്രസ്സുകാരേക്കാൾ, ഒട്ടുംതന്നെ പുറകോട്ടു സ്റ്റേറ്റുകാൺഗ്രസ്സും പോകുന്നതല്ല, പിന്നെ എന്താണു് തമിഴ്നാട്ടു കാൺഗ്രസ്സുകാൎക്കു വേണ്ടതു്?

തങ്ങൾ ഒരു സ്വതന്ത്രമായ സംഘടനയായിതന്നെ നിൽക്കുവാനാണു വിചാരിക്കുന്നതെന്നു മി. നേശമണി വീണ്ടും പറയുന്നു. അതിനെപ്പറ്റി അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും പുനരാലോചന ചെയ്യണമെന്നാണു എനിക്കു പറയുവാനുള്ളതു്. ഇവിടെ സംസ്ഥാപിതമാകുന്ന ക്യാബിനറ്റിലെന്നുമാത്രമല്ല, എല്ലാ കാൎയ്യങ്ങളിലും തന്നെ എല്ലാ വിഭാഗക്കാരെയും, എല്ലാ താൽപൎയ്യങ്ങളെയും പ്രതിനിധീകരിക്കുകയും, ഉൾക്കൊള്ളുകയും ചെയ്യണമെന്നു് തമിഴ്നാട്ടു കാൺഗ്രസ്സുകാർ പറയുന്നു. ആ അഭിപ്രായത്തെ ഞാൻ വളരെ ആദരിക്കുന്നു. മുസ്ലീംലീഗിലെ അംഗങ്ങൾ പറയുന്നതും അതുതന്നെയാണു്. എനിക്കു അതിൽ പരിപൂൎണ്ണമായ യോജിപ്പാണുള്ളതു. സ്റ്റേറ്റുകാൺഗ്രസ്സിന്റെ ആദൎശവും അതുതന്നെയാണു്. എന്നാൽ ഒരു കാൎയ്യം മനസ്സിലാക്കണം. ഇന്നു് പ്രവൎത്തനത്തിലിരിക്കുന്ന ഒരു ഗവണ്മെന്റിനു് സകല വിഭാഗക്കാരെയും, സകല താൽപൎയ്യങ്ങളെയും ഉൾക്കൊള്ളിക്കണമെങ്കിൽ ആ ഗവണ്മെന്റിന്റെ ആദൎശത്തെയും ലക്ഷ്യത്തെയും ഈ വിഭാഗക്കാരെല്ലാം പിൻതാങ്ങുകയും, ഗവണ്മെന്റിനോടു സഹകരിക്കുകയും ചെയ്യണം. ഇന്നു് ഗവണ്മെന്റു ഏറ്റെടുത്തിരിക്കുന്ന സ്റ്റേറ്റുകാൺഗ്രസ്സുപാർട്ടിയിൽ എന്തുകൊണ്ടു തമിഴ്നാട്ടുകാൺഗ്രസ്സുകാൎക്കും മുസ്ലീംലീഗുകാൎക്കും ഉൾപ്പെടുവാൻ പാടില്ല, എന്നു ഞാൻ ചോദിക്കുന്നു. ഗവണ്മെന്റിന്റെ രൂപീകരണത്തിൽ എല്ലാം ജനവിഭാഗങ്ങളെയും ഉൾക്കൊള്ളിക്കത്തക്ക ഒരു അന്തരീക്ഷം ഇന്നു് സ്റ്റേറ്റുകാൺഗ്രസ്സിനുള്ളതു പോലെ തമിഴ്നാട്ടു കാൺഗ്രസ്സിനോ, മുസ്ലീംലീഗിനോ ഇല്ല. അതുകൊണ്ടു് സ്റ്റേറ്റുകാൺഗ്രസ്സ് പാർട്ടിയുടെ ആദൎശത്തിലും, ലക്ഷ്യത്തിലും അവർ വിശ്വസിക്കുകയും സഹകരിക്കുകയുമാണു് ആദ്യമായി ചെയ്യേണ്ടതു്. നമുക്കു ബ്രിട്ടീഷുക്യാബിനറ്റു് സിസ്റ്റമാണു ഇവിടെ

[Hon'ble Mr. A. Thanu Pillai]

വേണമെന്നു പറഞ്ഞു. ഇൻഡ്യയിലും അങ്ങിനെ സ്ഥിതിചെയ്യുന്നു. അതു വിചാരിച്ച്, തമിഴ്നാട്ടുകാൺഗ്രസ്സ്, പ്രാദേശികമായി തമിഴ് സംസാരിക്കുന്നവരുടെ സംഘടനയായി, ഒരു പ്രത്യേക വിഭാഗമായി നില്ക്കുന്നിടത്തോളം കാലം തിരുവിതാംകൂർ രാജ്യത്തെ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു പാർട്ടിയായി നില്ക്കുവാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. അതുപോലെ, ഒരു പ്രത്യേക മതവിഭാഗമായ മുസ്ലീം ജനതയെ മാത്രം ഉൾക്കൊള്ളുന്ന മുസ്ലീംലീഗു പാർട്ടിക്കു ഇവിടത്തെ എല്ലാ ജനവിഭാഗങ്ങളെയും, പ്രദേശങ്ങളെയും പ്രതിനിധീകരിക്കുവാൻ കഴിയുമോ? ഇങ്ങനെ കേവലം പ്രാദേശികങ്ങളായ സംഘടനകളും ജാതിമതസംഘടനകളും രാജ്യത്തെ ഒന്നാകെ ദേശീയമായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഉദ്യമിച്ചുവരുന്ന സ്റ്റേറ്റുകാൺഗ്രസിൽ ചേർന്ന് രാജ്യക്ഷേമത്തിനു ഉപകരിക്കുന്ന പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുവാനോ, പങ്കുകൊള്ളുവാനോ എന്തുകൊണ്ടു പാടില്ല എന്നാണു ഞാൻ ചോദിക്കുന്നതു? ഇവിടത്തെ ഭൂരിപക്ഷകക്ഷിയാണു ഇപ്പോൾ ഭരണം നടത്തുന്നതു. ജനാധിപത്യഭരണം നടപ്പിലിരിക്കുന്ന രാജ്യങ്ങളിലുള്ള സമ്പ്രദായം അതാണ്. ആ കക്ഷി രൂപീകരിക്കുന്ന ക്യാബിനറ്റിൽ പ്രാദേശികമോ, ജാതീയമോ ആയ മറ്റു പാർട്ടികളിലെ അംഗങ്ങളെ ഉൾപ്പെടുത്തുക എന്നതു രാജ്യതന്ത്രജ്ഞതയ്ക്കു പറ്റിയ ഒരു മാർഗ്ഗമായിരിക്കുകയില്ല. നേരെമറിച്ച്, ഐക്യശ്രേയസ്സാണ്, സകല ജനവിഭാഗങ്ങളുടെയും ക്ഷേമമാണ് തമിഴ്നാട്ടു കാൺഗ്രസ്സിന്റെയും, മുസ്ലീംലീഗിന്റെയും ലക്ഷ്യമെങ്കിൽ സ്റ്റേറ്റുകാൺഗ്രസ്സുമായി സഹകരിക്കുന്നതിൽ അവർക്കു എന്തു പ്രതിബന്ധമാണുള്ളതെന്ന് ഞാൻ വീണ്ടും ചോദിക്കുന്നു. ഈ ചോദ്യം ഞാൻ ഇപ്പോൾ ചോദിക്കുന്ന ചോദ്യമല്ല. മുമ്പു പല അവസരങ്ങളിലും ഇതേ ചോദ്യം ഞാൻ അവരോടു ചോദിച്ചിട്ടുണ്ട്. മി. നേശമണിയോടും ആ ചോദ്യം ഞാൻ ചോദിച്ചു. അദ്ദേഹം അതിനു അന്നു പറഞ്ഞ മറുപടിയേക്കാൾ, സമാധാനകരമല്ലാത്ത നിലയിലാണ് അദ്ദേഹം ഇന്നു പറയുന്ന മറുപടി. തിരുവിതാംകൂറിൽ എല്ലാ ജനവിഭാഗങ്ങളെയും, എല്ലാ പ്രദേശങ്ങളെയും പരിപൂർണ്ണമായി പ്രതിനിധീകരിക്കുന്ന ഒരു മന്ത്രിസഭ വേണമെന്നു ഞാനും പറയുന്നു. തമിഴർ വേണ്ടാ എന്നു ഞാൻ പറഞ്ഞില്ല. എന്നാൽ തമിഴർ പ്രത്യേകമായി നില്ക്കണമെന്നുള്ള അടിസ്ഥാനത്തിന്മേൽ ഒരു രാഷ്ട്രീയകക്ഷി പാടില്ല എന്നു ഞാൻ പറയും. അതുപോലെ [illegible] ഒരു സമുദായമായിത്തന്നെ നിന്നുകൊണ്ട്

ഒരു പ്രത്യേകകക്ഷി രൂപീകരിക്കുന്നതു ശരിയല്ല എന്നു ഞാൻ പറയുന്നു. ഒരു പ്രതിപക്ഷകക്ഷി വേണ്ടേ എന്നു ചിലർ ചോദിക്കുന്നു. വേണം. രാഷ്ട്രീയ മർമ്മത്തേയും താൽപര്യങ്ങളെയും അടിസ്ഥാനമാക്കി ഒരു പ്രതിപക്ഷകക്ഷി ഉണ്ടാകുകതന്നെ വേണം. അങ്ങനെ പ്രതിപക്ഷ കക്ഷികൾ ഉണ്ടാകുമെന്നുതന്നെയാണെന്റെ വിശ്വാസം. ഇന്നു സ്റ്റേറ്റു കോൺഗ്രസിൽപെട്ടുനിൽക്കുന്ന അംഗങ്ങളിൽ പലരും, അങ്ങനെ ഒരു പ്രതിപക്ഷകക്ഷിയുണ്ടാകുമ്പോൾ, ആ കക്ഷിയിൽ ചേർന്നു നില്ക്കുമെന്നും ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ അതിൽ ഒരു തെറ്റുമില്ല. രാഷ്ട്രീയമായും സാമ്പത്തികമായും ലക്ഷ്യവ്യത്യാസവും താല്പര്യവ്യത്യാസവും ഉള്ളവർ പ്രത്യേക കക്ഷികളായി നിന്നു പ്രവർത്തിക്കാതെ തരമില്ല. അതു രാജ്യത്തിന്റെ ശ്രേയസ്സിനും അത്യാവശ്യമാണ്. അങ്ങനെ രാഷ്ട്രീയവും സാമ്പത്തികവുമായ അടിസ്ഥാനത്തിന്മേൽ ഉള്ള പ്രതിപക്ഷകക്ഷികളുണ്ട് നമുക്കു ഉണ്ടാകേണ്ടതു്. തമിഴ്‌നാട്ടിൽനിന്നുതന്നെ അതിൽ ഏതെങ്കിലും കക്ഷിയിൽ, എന്റെ അഭിപ്രായമനുസരിച്ചു രൂപം പ്രാപിക്കുന്ന ഏതു കക്ഷിയിലായാലും വേണ്ടുകയില്ല, ചേരുന്നതു സ്വാഗതാർഹമായിരിക്കും. അല്ലാതെ മതത്തെ അടിസ്ഥാനമാക്കിയോ, ഭാഷയെ അടിസ്ഥാനമാക്കിയോ, അതുമല്ലെങ്കിൽ പ്രദേശത്തെ അടിസ്ഥാനമാക്കിയോ കക്ഷികൾ ഉണ്ടാകുന്നതു ആശാസ്യമല്ലെന്നും അങ്ങനെ ഒരന്തരീക്ഷം പുലർത്തുന്നതു രാജ്യശ്രേയസ്സിനു ഒരിക്കലും പറ്റിയതല്ലെന്നും ആ നയം സ്വീകരിക്കുവാൻ സ്റ്റേറ്റുകോൺഗ്രസിനോ, ഇന്നത്തെ മന്ത്രിസഭയ്ക്കോ നിവൃത്തിയില്ലെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈ വസ്തുത ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും ധരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങനെ ചെയ്താൽ ഇവിടെ കേട്ട പരാതികൾക്കോ, ഇവിടെ കണ്ട അസ്വസ്ഥതകൾക്കോ സ്ഥാനം ഉണ്ടായിരിക്കുന്നതല്ല.

മുസ്ലീംലീഗിലെ ഒരംഗത്തെ ക്യാബിനററിൽ എടുത്തില്ലെങ്കിൽ വേണ്ടാ, സ്റ്റേററു് കോൺഗ്രസിൽ ഒരു മുസ്ലീം ഉണ്ടല്ലോ, അദ്ദേഹത്തെ എടുക്കരുതോ, എന്നു ചോദിച്ചാൽ ആ ചോദ്യം ശരിയല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മന്ത്രിസഭയിലേയ്ക്കു ആളുകളെ എടുക്കുമ്പോൾ പലതും നോക്കേണ്ടതായിവരും. അതുകൊണ്ടു മി. അബ്ദുൽ അസീസിന്റെ ആ ചോദ്യത്തിനു വളരെ പ്രസക്തിയുണ്ടോ എന്നു സംശയമാണ്. അദ്ദേഹം "മുൻപു ഇവിടെ ഒരു സ്വേച്ഛാധികാരിയേ ഉണ്ടായിരുന്നുള്ളു, ഇന്നു ആറു സ്വേച്ഛാധികാരികൾ ഉണ്ടു" എന്നു പറഞ്ഞു. എന്തുകൊണ്ടാണു അങ്ങനെ അദ്ദേഹം പറഞ്ഞതെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്തു സ്വേച്ഛാധികാരമാണു ഈ മന്ത്രിമാർ കാണി

[Hon'ble Mr. A. Thanu Pillai]

ച്ചതു്? ചില സ്നേഹിതന്മാർ പറഞ്ഞു, ചോദ്യത്തിനു ഉത്തരം പറയു
ന്നില്ല എന്നു്. മന്ത്രിമാർ ഉത്തരം പറയുമ്പോൾ അവർ പറയുന്ന
ഉത്തരത്തിന്റെ ചുമതലകൂടി അവർ വഹിക്കേണ്ടതുണ്ടു്. ഇവിടെ
ചോദിച്ചു, മൈസൂർ ഗവണ്മെന്റിൽ ഒരു മുസ്ലീം മെമ്പറെ ഉൾപ്പെടു
ത്തിയിട്ടുണ്ടോ എന്നു്. അതിനു ഞാൻ മറുപടി പറഞ്ഞു അറിവില്ലെന്നു്.
എനിക്കു് ഔദ്യോഗികനിലയിൽ അങ്ങനെ മറുപടി പറയുവാനേ നിർവ്വാ
ഹമുള്ളൂ. മൈസൂരിൽ ഒരു മുസ്ലീം മെമ്പറെക്കൂടി അവിടത്തെ മന്ത്രി
സഭയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം എനിക്കു് മററുതരത്തിൽ
അറിയാമെങ്കിൽ ആ അറിവു് മി. അബ്ദുൽഅസ്സീസിനും, മി. മഹ[illegible]ഡിനും
ഇല്ലേ എന്നു ഞാൻ ചോദിക്കുന്നു. അപ്പോൾ ഞാൻ പറയേണ്ട ഉത്തരം
എന്റെ വ്യക്തിപരമായ നിലയിലല്ല, ഗവണ്മെന്റിന്റെ പ്രതിനിധി
യെന്ന നിലയിലാണു്. അതിനാൽ ബഹുമാനപ്പെട്ട മെംബറന്മാരേ
ക്കാൾ കൂടുതലായി എനിക്കു അറിവില്ലാത്ത കാര്യങ്ങളെപ്പററി ഗവണ്മെ
ന്റിനു് പ്രത്യേകമായ വല്ല അറിവും ഉണ്ടോ എന്നു അറിയുവാൻവേണ്ടി
ചോദ്യങ്ങൾ ചോദിക്കാമെന്നല്ലാതെ, ഗവണ്മെന്റിനു് അറിവുകിട്ടു
വാൻ സൗകര്യമില്ലാത്ത കാര്യങ്ങളെപ്പററി മന്ത്രിമാരോടു ചോദ്യങ്ങൾ
ചോദിക്കുന്നതുതന്നെ ശരിയല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.
മി. അബ്ദുൽ അസ്സീസ് ചോദിച്ച ആ ചോദ്യത്തിനു്, മൈസൂർഗവ
ണ്മെന്റു ഔദ്യോഗികമായി ഇന്നാരെയെല്ലാം തങ്ങളുടെ മന്ത്രിസഭയിലെ
അംഗങ്ങളായി നിയമിച്ചിരിക്കുന്നു എന്നു് ഇവിടത്തെ മന്ത്രിസഭയ്ക്കു
എഴുതി അറിയിച്ചിരുന്നുവെങ്കിൽ, നിശ്ചയമായും ഞാൻ ആ മറുപടിപറ
യുകയില്ലായിരുന്നു. അതുപോലെതന്നെ പല ചോദ്യങ്ങൾക്കും ഉത്തരം
പറയേണ്ടിവരുമ്പോൾ മെംബറന്മാരെ പൂർണ്ണമായി തൃപ്തിപ്പെടുത്തുവാൻ
മന്ത്രിമാർക്കു സാധിക്കാതെ വന്നിട്ടുണ്ടു്. ഗവണ്മെന്റു ഉത്തരം പറയു
മ്പോൾ ഒന്നു നോക്കേണ്ടതുണ്ടു്. ആ ഉത്തരം ശരിയായിരിക്കണം.
കടലാസിൽമാത്രം കണ്ടതുകൊണ്ടു അതു ശരിയാണു എന്നു ധരിച്ചു്
ഉത്തരം ഗവണ്മെന്റിനു പറയുവാൻ നിവൃത്തിയില്ല. കടലാസ്സുകൾ
എന്തെല്ലാം കാണുന്നു? തിരുവിതാംകൂറിലെ പത്രങ്ങളിൽ കാണുന്ന
എല്ലാ കാര്യങ്ങളേയുംവച്ചുകൊണ്ടു് പ്രധാനമന്ത്രി ഉത്തരം പറയുവാൻ
തുടങ്ങിയാൽ ആ പ്രധാനമന്ത്രിക്കു ഇവിടെ വളരെക്കാലം ആ സ്ഥാനം
വഹിച്ചുകൊണ്ടിരിക്കുവാൻ സാദ്ധ്യമല്ലാതെവരും. ഔദ്യോഗികമായ
അറിവുകളില്ലാത്ത കാര്യങ്ങളെപ്പററി ചോദ്യം ചോദിച്ചാൽ, അറിവില്ല
എന്നല്ലാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

MR. ABDUL AZIZ : സ്വന്തനിലയിൽ അനുഭവപ്പെട്ടും ബോദ്ധ്യപ്പെട്ടും ഇരിക്കുന്ന ഒരു വസ്തുത ഈ സഭയെ അറിയിക്കുന്നതു രാജ്യശ്രേയസ്സിനു ആവശ്യമാണെന്നു കണ്ടാൽ ഔദ്യോഗികമായ അറിവില്ലെങ്കിൽ തന്നെയും ഉത്തരം പറയുന്നതിൽ എന്തു ദോഷമാണുള്ളതു്?

HON'BLE MR. A. THANU PILLAI : സ്വന്തനിലയിൽ പല അറിവുകളും ഉണ്ടായിരിക്കും. ആ അറിവുകളെല്ലാം ശരിയായിരിക്കണമെന്നില്ല. പലതും തെറ്റായിരിക്കും. ആ അറിവിനെ അടിസ്ഥാനമാക്കി ഉത്തരം പറയുന്നതു ശരിയല്ല. ഇവിടെ ഒരാൾ ചോദിച്ചു അഡ്വക്കേറ്റു ജനറൽ സർ. സി. പി. രാമസ്വാമിഅയ്യരെ പോയി കണ്ടോ എന്നു്. അഡ്വക്കേറ്റുജനറൽ കണ്ടില്ല എന്നു ഉത്തരം പറഞ്ഞു. അഡ്വക്കേറ്റുജനറൽ എന്ന നിലയിൽ ആരും പോയില്ല; സർ സി. പി. രാമസ്വാമിഅയ്യരെ കണ്ടിട്ടില്ല. എന്നാൽ, ഇന്നു് അഡ്വക്കേറ്റുജനറൽ ആയിരിക്കുന്ന ആൾ എവിടെയെല്ലാം പോയി, എന്തെല്ലാം കണ്ടു എന്നു ഞാൻ അന്വേഷിക്കണമെന്നു പറഞ്ഞാൽ എന്റെ നില വളരെ വളരെ പരുങ്ങലിലാകും. (ചിരി) ഇതൊക്കെ നോക്കുകയാണോ എന്റെ ജോലി? ആ ഉത്തരം ഞാൻ പറയുമ്പോൾ ഞങ്ങൾ ജനപ്രതിനിധികളെ വിശ്വസിക്കുന്നില്ല, അവരെ ആദരിക്കുന്നില്ല, സ്വേച്ഛാധിപതികളാണു് ആറുപേരും എന്നിങ്ങനെയുള്ള ആരോപണങ്ങൾ കൊണ്ടുവരുന്നതു യാഥാർത്ഥ്യം മനസ്സിലാക്കാതെയാണെന്നു ധരിക്കണം.

MR. N. V. CHACKO : അഡ്വക്കേറ്റു ജനറലിനെപ്പറ്റിയുള്ള ചോദ്യം ചോദിച്ചതു് ഞാനാണു്. പ്രധാനമന്ത്രി പറഞ്ഞ ഉത്തരത്തിൽനിന്നു് അദ്ദേഹം ഇപ്പോൾ പ്രസ്താവിച്ചതുപോലുള്ള പരാതി എനിക്കില്ല.

HON'BLE MR. A. THANU PILLAI : മി. എൻ. വി. ചാക്കോക്കു് ചോദ്യം ചോദിക്കണമെന്നല്ലാതെ ഉത്തരം പറയുന്നതിൽ പരാതിയൊന്നുമില്ല (ചിരി) മി. എൻ. വി. ചാക്കോയെ എനിക്കു നല്ലതുപോലെ അറിയാം. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെപ്പറ്റി ഞാൻ സംശയിച്ചിട്ടേയില്ല.

ഞാൻ പറയുന്നതു് ഈമാതിരി ചോദ്യങ്ങൾ ചോദിച്ചു് ഗവണ്മെന്റിനെ അലട്ടരുതെന്നാണു്. വലിയ ചുമതല ഗവണ്മെന്റിനുണ്ടു്. എന്തെങ്കിലും തെറ്റു് മന്ത്രിമാരിലൊരാൾ ഈ സഭയിൽ പറഞ്ഞാൽ അതു ഒരുപക്ഷെ ഇൻഡ്യാഗവണ്മെന്റിനെക്കൂടി ബാധിക്കുന്നതായിരിക്കും. ഡാക്ടർ അംബദ്കർ ഇൻഡ്യൻ ക്യാബിനറ്റിൽ ഉണ്ടോ എന്നു ഒരു

[Hon'ble Mr. A. Thanu Pillai]

ബഹുമാനപ്പെട്ട മെംബര ചോദിച്ചു. ഗവണ്മെൻറിനറിവില്ല. അതുകൊണ്ടു ഗവണ്മെൻറുഭാഗത്തുനിന്നും പറഞ്ഞ മറുപടി ആ മെംബറെ തൃപ്തിപ്പെടുത്തിയില്ല. ഗവണ്മെൻറു വസ്തുതകൾ മനഃപൂർവ്വമായി മറച്ചുവക്കുകയാണ് എന്നു കുററപ്പെടുത്തുന്നു. ഗവണ്മെൻറിനു ചില സ്റ്റേറ്റ്മെൻറുകൾ ഉണ്ട്. ഉത്തരം ഇന്ന രീതിയിലേ പറയാവൂ എന്നുണ്ട്. അതുകൊണ്ട് ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടതും മെംബറന്മാർക്കു ശരിയായി അറിയാൻ നിവൃത്തിയില്ലാത്തതുമായ കാര്യങ്ങളെപ്പറ്റിമാത്രമേ ചോദിക്കാവൂ. നിങ്ങൾക്കും എനിക്കും അറിവുള്ള കാര്യങ്ങൾ ഒരു മിനിസ്റ്ററോടു ചോദിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണുണ്ടാകാൻ പോകുന്നത്?

ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ ഇവിടത്തെ എതിർ കക്ഷിയിൽപ്പെട്ട എല്ലാ സ്നേഹിതന്മാരും നല്ലവണ്ണം ആലോചിക്കണം. നമുക്കു യോജിച്ചു പ്രവർത്തിക്കാം. അഭിപ്രായങ്ങൾ യോജിച്ചു നില്ക്കുന്ന സംഗതികളെ സംബന്ധിച്ചിടത്തോളം എങ്കിലും കക്ഷികൾ ഒന്നായിനിന്നു രാജ്യക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതാണ്. എന്തിനുവേണ്ടിയാണു തമിഴ്നാടുകോൺഗ്രസ്സുകാർ പ്രത്യേകമായി നിൽക്കുന്നത്? മി. നേശമണി പ്രത്യേകമായി നിൽക്കുമെന്നു പറഞ്ഞു. ഈ നാടിനെ വേറെ എടുത്തെങ്കിലും ചേർക്കുകയോ, ഒരു ഐക്യകേരളമുണ്ടാകുകയോ ചെയ്യുകയാണെങ്കിൽ അപ്പോൾ തമിഴനാടിൻെറ നില എന്തായിരിക്കണമെന്നുള്ളതിനെപ്പററി അവർക്കു ആലോചിക്കുവാൻ അവകാശമുണ്ട്. എന്നാൽ ഇന്നു അവരെ വിഷമിപ്പിക്കാവുന്നതോ, അപകടത്തിൽപ്പെടുത്താവുന്നതോ ആയ പ്രശ്നങ്ങളൊന്നുംതന്നെയില്ല. തിരുവിതാംകൂറിൻെറ ഇൻറഗ്രിറ്റിക്കുവേണ്ടി നാമെല്ലാവരും നിലകൊള്ളുന്നു. കന്യാകുമാരിമുതൽ പറവൂർവരെയുള്ള ആളുകൾ രാജ്യശ്രേയസ്സിനുവേണ്ടി യോജിച്ചുനിന്നു പ്രവർത്തിക്കേണ്ട ആവശ്യം നമുക്കെല്ലാവർക്കും ഉണ്ട്. അപ്പുറം രാജ്യശ്രേയസ്സിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ തമിഴ്നാടു കോൺഗ്രസിൻെറയും സ്റ്റേററ് കോൺഗ്രസിൻെറയും പ്രഖ്യാപിതനയങ്ങൾതമ്മിൽ എന്താണു വ്യത്യാസം? തമിഴ എന്നുള്ളതൊഴിച്ചാൽ പിന്നെ യാതൊരു വ്യത്യാസവും ഞാൻ കാണുന്നില്ല. രാജ്യത്തിൻെറ ശ്രേയസ്സും രാജ്യവാസികളുടെ ക്ഷേമവുമാണ് അവരുടെ ലക്ഷ്യമെങ്കിൽ അതുതന്നെയാണ് സ്റ്റേററ് കോൺഗ്രസ്സിൻെറയും ലക്ഷ്യം.

ഏതായാലും ഇൻഡ്യൻ നാഷനൽ കാൺഗ്രസ് നാട്ടുരാജ്യങ്ങളിൽകൂടി പ്രവൎത്തനം തുടങ്ങുവാൻ തീരുമാനിച്ചിരിക്കുന്നു. നാമൊക്കെ അതിന്റെ ഘടകങ്ങളാകാതിരിക്കുവാൻ നിവൃത്തിയില്ല. ഹിമാലയം മുതൽ കന്യാകുമാരിവരെയുള്ള സകല രാഷ്ട്രീയസംഘടനകളും ഇൻഡ്യൻ നാഷനൽ കാൺഗ്രസിനു കീഴിൽ കൊണ്ടുവരണമെന്നുള്ളതാണു് അവരുടേയും നമ്മുടേയും ആഗ്രഹം. ആ നിലയ്ക്കു നമുക്കു യോജിച്ചു പ്രവൎത്തിക്കരുതോ എന്നു ഞാൻ ചോദിക്കുന്നു. മി. നേശമണി അദ്ദേഹത്തിന്റെ തീരുമാനം പുനരാലോചന ചെയ്യുമെന്നുതന്നെയാണു് എന്റെ വിശ്വാസം. കുറച്ചുസമയം കഴിയുമ്പോൾ അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും ഇതെപ്പററി കൂടുതലായി ചിന്തിക്കുമെന്നും ഇന്നത്തെ ഗവണ്മെന്റിന്റെ പ്രവൎത്തനം തമിഴ്നാട്ടിൽ കൂടുതലായി സംഘടിപ്പിക്കുന്നതുകൊണ്ടും തമിഴ്നാട്ടുകാൺഗ്രസ്സിലും, സ്റ്റേററുകാൺഗ്രസ്സിലും പെട്ട ആളുകൾ ഇൻഡ്യൻനാഷനൽ കാൺഗ്രസ്സിൽചേൎന്നു് യോജിച്ചു പ്രവൎത്തിക്കുന്നതുകൊണ്ടും സംജാതമാകുന്ന ശോഭനമായ ഒരന്തരീക്ഷത്തിന്റെ പ്രകാശത്തിൽ തെറ്റിദ്ധാരണകൾ എല്ലാം നീങ്ങുമെന്നും, അതോടുകൂടി നമുക്കു് ഈ നാട്ടിന്റെ നന്മയ്ക്കുവേണ്ടി യോജിച്ചു പ്രവൎത്തിക്കുവാനുള്ള ഒരു സന്ദർഭം ഉണ്ടാകുമെന്നുമാണു് എന്റെ വിശ്വാസം അതിനുള്ള സമയം എത്രയും വേഗത്തിൽ ആട്ടപ്പിക്കണം.

മുസ്ലീങ്ങളെപ്പററിയാണെങ്കിൽ, ഇവിടെ നടന്ന പ്രസംഗങ്ങൾ എല്ലാം എന്നെ ദുഃഖിപ്പിക്കുകയാണു ചെയ്തതു്. ഇതിനൊന്നിനും ആവശ്യം ഉണ്ടായിരുന്നില്ല. സാമുദായികമായി ചിന്തിക്കുമ്പോൾ എന്തെങ്കിലും അസഹിഷ്ണുതകളോ, നൈരാശ്യങ്ങളോ വന്നാൽ ആളുകളുടെ ഭാഷ വികൃതമായിപ്പോകുന്നതു് ഇതിനുമുൻപും ഞാൻ കണ്ടിട്ടുണ്ടു. അതിന്റെ ആവശ്യം ഇവിടെ ഉണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. സ്റ്റേററുകാൺഗ്രസ്സുകാർ മുസ്ലിംലീഗിനോടു് ഇതിനു മുൻപുതന്നെ പറഞ്ഞിട്ടുണ്ടു് വെളിയിൽ ലീഗിന്റെ നില എന്തായിരുന്നാലും മുസ്ലിം ലീഗെന്നോ, അമുസ്ലിംലീഗെന്നോ ഉള്ള ഭേദം നമ്മുടെ രാജ്യത്തിനു് ആവശ്യമില്ലെന്നു്. മുസ്ലീങ്ങൾ മുസ്ലീങ്ങളായി നിൽക്കുന്നതിൽ ആൎക്കും ആക്ഷേപമില്ല. പക്ഷെ, ഒരു രാഷ്ട്രീയകക്ഷിയിൽ മുസ്ലീങ്ങൾക്കും അമുസ്ലീങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ടു് മുസ്ലിംലീഗു അംഗങ്ങൾകൂടി സ്റ്റേററ്കാൺഗ്രസിൽ ചേരരുതോ എന്നു ഞാൻ അവരോടു് ചോദിച്ചു. മിക്കവാറും അവർ സമ്മതിക്കുകയും ചെയ്തതാണു.

MR. PRESIDENT : ഇനി മൂന്നു മിനിട്ടു സമയമേ ഉള്ളൂ.

HON'BLE MR. A. THANU PILLAI : സർ, എന്റെ പ്രസംഗം വേഗം അവസാനിപ്പിച്ചുകൊള്ളാം. എന്റെ മനോഭാവവും, എന്റെ കക്ഷിയുടെ മനോഭാവവും എന്റെ സ്നേഹിതന്മാർ ശരിക്കു മനസിലാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെ ചെയ്ത പ്രസംഗങ്ങളുടെ കൂട്ടത്തിൽ പലതും പറയുകയുണ്ടായി. ആ കൂട്ടത്തിൽ ഇവിടെ മുസ്ലീംങ്ങൾക്കു ഉദ്യോഗത്തിൽ വേണ്ടിടത്തോളം പ്രാതിനിധ്യമില്ല എന്നു പറഞ്ഞു. ഗവണ്മെന്റു അതുസംബന്ധിച്ച് വ്യവസ്ഥപ്പെടുത്തുവാൻ ശ്രമിക്കുന്നതാണ്. എങ്കിലും പരാതിപ്പെടുന്നതുപോലെ മുസ്ലീംങ്ങൾക്ക് ഉദ്യോഗത്തിൽ പ്രാതിനിധ്യക്കുറവൊന്നുമില്ല. ഇവിടത്തെ ജുഡിഷ്യറിയിലായാലും, മററു തുറകളിലായാലും മുസ്ലീംങ്ങളുടെ നില എന്താണെന്നു ഞങ്ങൾ നോക്കി. അവിടെങ്ങും മുസ്ലീംങ്ങൾ പുറകിലല്ല നിൽക്കുന്നത്. ആ കാര്യത്തിൽ സർ സി. പി. രാമസ്വാമിഅയ്യർ ആർക്കും ദ്രോഹമൊന്നും ചെയ്തിട്ടില്ല. ഈ ഗവണ്മെന്റും അങ്ങനെ ചെയ്യാൻപോകുന്നില്ല. സെക്രട്ടേറിയേറ്റിലും മുസ്ലീംങ്ങളുടെ പ്രതിനിധ്യം മോശമല്ല. പൊതുവേ വിദ്യാഭ്യാസംചെയ്തിട്ടുള്ളവരുടെ എണ്ണവും സമുദായത്തിന്റെ നിലയും കാര്യക്ഷമതയും എല്ലാം നോക്കി ആർക്കും വ്യത്യാസമില്ലാതെ ഈ കാര്യത്തിൽ നീതിയായി പ്രവർത്തിക്കുന്നതാണെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മന്ത്രിമാർ രാജിവച്ചകാലത്ത് അവർക്ക് ശമ്പളം കൊടുത്തില്ലേ, അതു തെററല്ലേ, എന്നു മി. ശിവരാമപിള്ള ചോദിച്ചു. വളരെ കരുതിക്കൂട്ടി ചോദിച്ച ഒരു ചോദ്യമാണതെന്നു ഞാൻ വിചാരിക്കുന്നില്ല. തന്റെ വാദമുഖം സാധൂകരിക്കുവാൻവേണ്ടി ഒരു ഉദാഹരണമായി ഇദ്ദേഹം ചൂണ്ടിക്കാണിച്ചു എന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. അവർ രാജിവച്ചകാലത്തു ജോലി ചെയ്തുകൊണ്ടുതന്നെയിരുന്നു. രാജി സ്വീകരിച്ചിട്ടുമില്ലായിരുന്നു. വേറെ വലുതായ കാര്യങ്ങളൊന്നും പറയുവാനില്ലാത്തപ്പോഴാണ ഈവക നിസ്സാരകാര്യങ്ങൾ കൊണ്ടുവരുന്നതെന്ന എനിക്കു നല്ലപോലെ അറിയാം. ചിലപ്പോൾ ഞാനും അങ്ങനെയൊക്കെ ചെയ്തിട്ടുണ്ട്.

അടുത്തത് പെൻഷൻവയസ്സിനെപ്പററിയാണ്. പെൻഷൻ വയസ്സ് ൫൫ ആക്കിയത് മി. നേശമണിപറഞ്ഞതുപോലെ യുദ്ധം നിമിത്തം ഇവിടെ നിയമനത്തിനു വേണ്ടത്ര ആളുകൾ, ഇല്ലാതിരുന്ന

കാലത്തായിരുന്നു. ഇപ്പോൾ യുദ്ധം കഴിഞ്ഞു, ഉദ്യോഗാർത്ഥികൾ ധാരാളം ആളുകൾ ഉണ്ട്. അതുകൊണ്ടാണ് പെൻഷൻ വയസ്സ് പഴയതുപോലെ അൻപത്തഞ്ചാക്കിയത്. അല്ലാതെ സ്റ്റേററ് കോൺഗ്രസ്സുകാർക്ക് ഉദ്യോഗം കൊടുക്കാനല്ല. നിയമനങ്ങൾ നടന്നുകഴിയുമ്പോൾ ജനങ്ങൾ അതു ശരിക്കു മനസ്സിലാക്കിക്കൊള്ളും.

മറെറാന്നു എൻ. ജി. ഒ. ക്കാരെപ്പററിയാണ്. എല്ലാവരെയും ശിക്ഷിച്ചില്ലെന്നു മി. നേശമണി പറഞ്ഞു. ആ കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകാം. [illegible] ശിക്ഷിച്ചവരെ ക്രൂരമായി ശിക്ഷിച്ചുവെന്നു വരാം. അല്ലാത്തപക്ഷം മററുള്ളവർക്കു കൊടുത്ത ശിക്ഷ വളരെ കുറഞ്ഞുപോയി എന്നു വരാം. ഏതായാലും ആരെയും പക്ഷപാതപരമായി ഗവണ്മെൻറു ശിക്ഷിച്ചിട്ടില്ല. ശിക്ഷയിൽ ഭേദബുദ്ധി കാണിച്ചിട്ടുമില്ല.

ഇപ്പോൾ പെൻഷൻപററുന്ന ഒഴിവുകൾ ധാരാളമായി ഉണ്ടാകുമെന്നും, അവിടെ പകരം ജോലിക്കു ആളില്ലാതെ വരുമെന്നും ചിലർ ഭയപ്പെടുന്നതായി കണ്ടു. അങ്ങനെയൊന്നും വരികയില്ല. എല്ലായിടത്തും ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതാണ്.

ഇവിടെ പബ്ലിക് സർവീസ് റിക്രൂട്ടുമെൻറു രൂൾ നടപ്പിലിരിക്കുന്നു. അതു പോരാ, ഒരു കമ്മിഷൻതന്നെ വേണമെന്നു ചിലർ അഭിപ്രായപ്പെട്ടു. ഒരു പബ്ലിക് സർവീസ് കമ്മിഷൻ വേണമോ, വേണ്ടയോ എന്നുള്ളതിനെപ്പററി ആലോചിച്ചു തീരുമാനിക്കാവുന്നതാണ്. എന്നാൽ ഒരുകാര്യം ബഹുമാനപ്പെട്ട മെംബറന്മാർ ധരിക്കണം. ആദ്യമായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ പബ്ലിക് സർവീസ കമ്മിഷണരാണ് തിരഞ്ഞെടുക്കുന്നത്. വളരെ കുറച്ചു ഉദ്യോഗങ്ങൾ മാത്രമേ ഗവണ്മെൻറു നിയമനം നടത്തുന്നുള്ളു. ബാക്കിയുള്ള നിയമനങ്ങളെല്ലാം പ്രമോഷൻകൊടുത്തു ചെയ്യുന്നതാണ്. ആദ്യമായി ഗവണ്മെൻറു ചെയ്യുന്ന നിയമനങ്ങൾ വല്ല ഒരു ജഡ്ജിയോ, ഒരു സർക്കാർ വക്കീലോ ആകാമെന്നല്ലാതെ മറെറാരു ഉദ്യോഗസ്ഥനും ആയിരിക്കയില്ല. മററുള്ളതെല്ലാം പബ്ലിക് സർവീസ് കമ്മിഷണരാണു നടത്തുന്നത്.

ഉദ്യോഗസ്ഥന്മാരെപ്പററി മി. സി. നാരായണപിള്ള പറയുന്നതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അഴിമതികൾ നിന്നില്ലെങ്കിൽ മന്ത്രിമാരെത്തന്നെയാണ് കുററം പറയേണ്ടത്. ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കുറച്ചഴിമതികൾ ഇപ്പോഴുമുണ്ടെന്നു എനിക്കറിയാം. എന്നാൽ

[Hon'ble Mr. A. Thanu Pillai]

പണ്ടത്തെപ്പോലെയില്ല. അഴിമതികൾ ഉണ്ടാകുവാൻ പണ്ടുണ്ടായിരുന്ന കാരണങ്ങൾ ഇപ്പോഴില്ല. ഈ അവസരത്തിൽ ഉദ്യോഗസ്ഥന്മാരോടും എനിക്കു ഒന്നു പറയുവാനുണ്ട്. അഴിമതികൾ കണ്ടാൽ, യാതൊരു ഭയവും ഗവണ്മെൻറു കാണിക്കുന്നതല്ലെന്നു അവർ ധരിക്കണം. കഴിഞ്ഞ രണ്ടു മൂന്നുമാസത്തിനിടയ്ക്കു ഈ കാര്യത്തിൽ വലുതായൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നു ഗവണ്മെൻറിനറിയാം. എങ്കിലും കിട്ടുന്നവരെ ഗവണ്മെൻറു വിടാറില്ല. കിട്ടാതെ പിടിക്കയുമില്ല. സംശയംവെച്ചു ആരെയും ശിക്ഷിക്കുന്നതല്ല. സർവീസിലുള്ളവർക്കു സുസ്ഥിതിവേണമെന്നു ഗവണ്മെൻറിനു ആഗ്രഹമുണ്ട്. അവർ വിശ്വസ്തതയോടുകൂടി ഗവണ്മെൻറിനെ സേവിക്കണം. അങ്ങനെ സേവിക്കുന്നവർക്കു ഒരു സുസ്ഥിതിയുണ്ടായിരിക്കേണ്ടതുമാണ്. അഴിമതി ഇപ്പോഴുമുണ്ട്, വളരെ ഉച്ചത്തിൽ തന്നെ ആ പരാതി ഇപ്പോഴും കേട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ഉദ്യോഗസ്ഥന്മാർ ആ കാര്യത്തിൽ വളരെ ജാഗ്രതയോടുകൂടി ഇരിക്കണമെന്നു ഞാൻ അവരെ അറിയിച്ചുകൊള്ളുന്നു.

മുസ്ലീംസമുദായത്തിലെ അംഗങ്ങൾക്കു റംസാൻ പ്രമാണിച്ച് വേണ്ടിടത്തോളം അരികൊടുത്തില്ല എന്നു ഇവിടെ പറഞ്ഞു. പലരും പറഞ്ഞുവന്ന കൂട്ടത്തിൽ ഈ കാര്യവും ഒരു കാരണമായി പറഞ്ഞു എന്നേ ഞാൻ വിചാരിക്കുന്നുള്ളു. പള്ളികൾക്കു ഓരോ ചാക്കരി ഇതിലേക്കു പ്രത്യേകമായി കൊടുത്തിട്ടുണ്ട്. ഓണം വന്നാലും, ക്രിസ്തുമസ്സ് വന്നാലും വിശേഷവിധിയായി ഗവണ്മെൻറു ഒന്നുംതന്നെ ചെയ്യാൻ പോകുന്നില്ല. അതുകൊണ്ടു ആ പരാതിയും അടിസ്ഥാനരഹിതമാണെന്നു പറയേണ്ടിയിരിക്കുന്നു.

MR. P. S. MOHAMMED: ഒരു ചാക്കരി പള്ളിക്കു കൊടുത്തു എന്നു പറഞ്ഞതു ശരിയാണു. ഞാൻ പറഞ്ഞ പരാതി അതല്ല. റംസാൻദിവസം സാധുക്കളായ ആളുകൾക്കു ആഹാരം കൊടുക്കുന്നതിനായി ഒരു ചാക്കരിവീതം കൊടുത്തിട്ടുള്ളൂ. എന്നാൽ മുൻപ്, അന്നദിവസം മുസ്ലീംസമുദായത്തിൽപ്പെട്ട വ്യക്തികൾക്ക് സ്പെഷ്യൽ ചാർട്ടിൻപ്രകാരം അരി കൊടുത്തുവന്നിരുന്നു. ഈയാണ്ടിൽ അതുണ്ടായില്ല.

HON'BLE MR. A. THANU PILLAI : ഈ രാജ്യത്തെ ഭക്ഷ്യനില ഇപ്പോഴും തൃപ്തികരമല്ല. സ്പെഷ്യൽ ചിട്ടിൻപ്രകാരം അരികൊടുക്കുന്ന സമ്പ്രദായംതന്നെ ചുരുക്കിയിരിക്കയാണു്. ഏതായാലും മുസ്ലിംസമുദായത്തെ അവഗണിച്ചോ, അല്ലാത്തപക്ഷം അവരുടെ ആവശ്യത്തെ വിസ്മരിച്ചോ ചെയ്ത ഒരു പ്രവൃത്തിയാണു് ഇതെന്നു ധരിക്കരുതു്.

HON'BLE MR. K. M KORAH : സർ, ഇതുസംബന്ധിച്ചു്, ഒരുവാക്കു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. റേഷൻപ്രമാണിച്ചു് ൧൯൪൬-ൽ ഒരു ചാക്കരി കൊടുത്തുവന്നു, ൧൯൪൭-ൽ മുക്കാൽ ചാക്കരിയാണു് കൊടുത്തതു്. ൧൯൪൮-ൽ ഒരു ചാക്കരി കൊടുത്തു.

HON'BLE MR. A. THANU PILLAI : സർ, അവസാനമായി എനിക്കു പറയുവാനുള്ളതു് ഇതാണു്. കുറ്റങ്ങളും കുറവുകളും ഉണ്ടാകാം. സൃഷ്ടിപരങ്ങളായ നിരൂപണങ്ങൾ എപ്പോഴും സ്വാഗതാർഹങ്ങൾതന്നെയാണു്. എന്നാൽ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം. ഇവിടെ നടന്ന വാദഗതിയിൽ ഉപയോഗിക്കേണ്ടിവന്ന ചില വാഗ്പ്രയോഗങ്ങൾ സമുദായങ്ങൾ തമ്മിലും അംഗങ്ങൾ തമ്മിലും അതിനുമുൻപുണ്ടായിരുന്ന സൗഹാർദ്ദത്തെ ഭഞ്ജിക്കുവാൻ ഇടയാകരുതു്. തമിഴ്നാട്ടു കാൺഗ്രസ്സ് ആയാലുംശരി, മുസ്ലിംലീഗുകാരായാലുംശരി, തിരുവിതാംകൂർ നമ്മുടെ രാജ്യമാണു്. മിനിസ്ട്രിക്കു തെറ്റുവരാം. ആ തെറ്റുകൾ ചൂണ്ടിക്കാണിക്കേണ്ടതു വളരെ ആവശ്യമാണു്. അത്തരം വിമർശനങ്ങൾ കേൾക്കുന്നതു മന്ത്രിമാർക്കു സന്തോഷവുമാണു്. പക്ഷെ കക്ഷിഭിന്നതയ്ക്കു അധീനമായി വർത്തിക്കുന്ന ഒരു മനസ്ഥിതിയോടുകൂടി അല്ലാതെ, രാഷ്ട്രത്തിന്റെ ഭാവി ശോഭനമാക്കിത്തീർക്കുവാൻ എല്ലാവരും യോജിച്ചു പ്രയത്നിക്കണമെന്നു അപേക്ഷിച്ചുകൊണ്ടും ഇവിടെ ചെയ്ത വിമർശനങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

MR. PRESIDENT : മി. മുസ്തഫാ ഈ ഉപക്ഷേപം പ്രസ്സുചെയ്യുന്നുവോ?

MR. MOHAMMED MUSTAFA : ഇല്ല.

The question that a sum of Rs. 20,.5,239 be granted under Demand No. VIII—General Administration was put to vote and carried.

The grant was made.

DEMAND IX—ADMINISTRATION OF JUSTICE

HON'BLE MR. A. THANU PILLAI: I move for a grant of Rs. 26,53,729 under demand IX—Administration of justice.

MR. PRESIDENT: ടോട്ടൽ കട്ടിനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മിസ്റ്റർ പാൾ എ. തളിയത്തിനെ ക്ഷണിച്ചുകൊള്ളുന്നു.

MR. PAUL A. THALIAT: Sir, I move to reduce the total allotment of Rs. 26,53,729 under Demand No. IX by Re. 1 to discuss the general policy of the Department. നീതിന്യായഭരണത്തെപ്പറ്റി പലരാളും അഭിഭാഷകന്മാർ അടങ്ങിയിരിക്കുന്ന ഈ സഭയിൽ ഒരു സാധാരണക്കാരന്റെ അനുഭവം മാത്രം പറയണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

സർ, ഇവിടത്തെ നീതിന്യായഭരണത്തിൽ സാധാരണക്കാരനെ ഏറ്റവും ഭാരമായ നിലയിൽ ബാധിക്കുന്നതു് കേസ്സുകൾ തീരുമാനം ചെയ്യുന്നതിനുള്ള കാലതാമസമാണ്. സാധാരണഗതിയിൽ ഒരു കേസ്സ് വിസ്തരിച്ചു തീരുമാനം ചെയ്യുന്നതിന് രണ്ടും മൂന്നും നാലും വർഷവും ചിലപ്പോൾ ആയുസ്സുമുഴുവൻ തന്നെയും വേണ്ടിവരുന്നു. അതുകൊണ്ടു ഇങ്ങനെയുള്ള കാലതാമസത്തിനു് കാരണം കണ്ടുപിടിച്ചു പരിഹാരം ഉണ്ടാക്കണമെന്നപേക്ഷിക്കുന്നു.

സർ, അടുത്ത ഒരു ദിവസം ഒരാൾ ഗവൺമെന്റിലേക്ക് സമർപ്പിച്ചിരിക്കുന്ന ഒരു മെമ്മോറിയലിന്റെ പകർപ്പു എനിക്കും കിട്ടി. അതിൽ നമ്മുടെ ഹൈക്കോടതിയെപ്പറ്റി പറഞ്ഞിരിക്കുന്ന ആരോപണങ്ങൾ വളരെ ശക്തിയും ഗൗരവവും ഉള്ളതാണ്. അതിൽ പറയുന്ന ആരോപണങ്ങൾ ശരിയാണെങ്കിൽ ഇങ്ങനെയുള്ള ഒരു ഹൈക്കോടതി നമുക്ക് ഉണ്ടാകാതിരിക്കുകയാണ് വേണ്ടതു്. അതുകൊണ്ടു ആ ആരോപണങ്ങളിൽ എത്രത്തോളം പരമാർത്ഥമുണ്ടെന്നു അന്വേഷിച്ചു വാസ്തവമെന്നു കണ്ടാൽ അതിനു ഉത്തരവാദിത്വം വഹിക്കുന്ന ജഡ്ജിമാരുടെ പേരിലോ, അതല്ല ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു കാണുന്നപക്ഷം എത്ര ഉന്നതസ്ഥാനത്തിലിരിക്കുന്ന ആളായാലും ആ മെമ്മോറിയലയച്ച ആളിന്റെ പേരിലോ നടപടി നടത്തേണ്ടതാകുന്നു.

**MR. P. S. MOHAMMED:** ഏതെല്ലാമാണ് മെമ്മോറിയലിൽ പറയുന്ന ആരോപണങ്ങൾ?

**MR. PAUL A. THALIAT:** സമയം ഇല്ലാത്തതുകൊണ്ട് ആ മെമ്മോറിയലിന്റെ ഡീറ്റെയിൽസ് എന്താണെന്ന് പറവാൻ നിവൃത്തിയില്ല. ഗവർമ്മെന്റിന്റെ കയ്യിൽ കൊടുത്ത ഒരു മെമ്മോറിയലിനെപ്പററി ഗവർമ്മെന്ററിയാൻ പറഞ്ഞു എന്നേ ഉള്ളൂ.

മറെറാരു കാര്യം ഈ ഡിപ്പാർട്ടുമെന്റിലെ കീഴ്ജീവനക്കാരുടെ കൈക്കൂലിയെപ്പററിയാണ്. സാധാരണ ജനങ്ങൾ പറയാറുണ്ട് മുൻസിഫ കോടതിയിലെ തൂപ്പുകാർപോലും കൈക്കൂലി വാങ്ങിക്കുമെന്ന്. അവിടെ കൈക്കൂലി സർവ്വസാധാരണമായ ഒന്നാണ്. അവിടെ ചിലപ്പോൾ പ്രതി അറിയാതെ കേസ്സുകൾ വിധിക്കാറുണ്ടെന്നു എന്റെ അനുഭവത്തിൽ നിന്നു തന്നെ എനിക്കു പറയുവാൻ സാധിക്കും. എന്റെ പേരിൽ ഞാൻ അറിയാതെ വിധിയുണ്ടാകുവാൻ ഇടവന്നിട്ടുണ്ട്. എന്റെ പേരിൽ വിധി നടത്താൻ വന്നപ്പോഴാണ് ഇങ്ങനെയൊരു കേസ്സുണ്ടെന്നറിയുവാൻ ഇടയായതു്. കഴിഞ്ഞ നിയമസഭയിൽ ഞാൻ ഒരു മെംബറായിരുന്ന കാലത്താണ് ഇതു സംഭവിച്ചതെന്നു പറയുമ്പോൾ സാധാരണക്കാർക്ക് ഈ നീതിന്യായക്കോടതികളിൽ നിന്നു ലഭിക്കുന്ന നീതിയും ന്യായവും എങ്ങിനെയിരിക്കുമെന്ന് ഊഹിക്കാവുന്നതാണല്ലോ.

മറെറാരു കാര്യം ഇവിടത്തെ എക്സിക്യൂട്ടീവും ജുഡീഷ്യറിയും വേർതിരിക്കുന്നതിനെപ്പററിയാണ്. ഇവിടത്തെ മജിസ്റ്റ്രേട്ടന്മാരും, അഡി. പേഷ്കാരന്മാരും, പേഷ്കാരന്മാരും എക്സിക്യൂട്ടീവ് അധികാരത്തോടൊപ്പം ജുഡീഷ്യൽ അധികാരവും വഹിച്ചുകൊണ്ടു പോകുന്നു. ഈ നില വ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. എക്സിക്യൂട്ടീവും ജുഡീഷ്യറിയും രണ്ടും രണ്ടായിത്തന്നെ ഇരിക്കേണ്ടതാണ്. ശരിയായ നിയമനിർമ്മാണം നടത്തി എക്സിക്യൂട്ടീവിനെ ജുഡീഷ്യറിയിൽ നിന്നു വിശ്ലേഷം ചെയ്യപ്പെടുത്തുന്ന കാര്യം കൂടി മന്ത്രിസഭ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. മദ്രാസ്സിൽ ഇതിനുള്ള ശ്രമങ്ങൾ കാര്യമായി തുടങ്ങിയിട്ടുണ്ട്. ഇവിടെയും ആ നിലയിൽ പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

റവന്യൂവും ജുഡീഷ്യറിയും തമ്മിൽ ഒന്നിച്ചിരിക്കുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് പല കുഴപ്പങ്ങളും ചെയ്‌വാൻ സാധിക്കും. അക്കാര്യവും മന്ത്രിസഭ ശ്രദ്ധിക്കണം.

MR. E. K. MADHAVAN: മെംബർ ഒരു മെമ്മോറിയലിനെപ്പറ്റി പറഞ്ഞല്ലോ. ഏതോ ഒരു ഉദ്യോഗസ്ഥൻ കുറെ ഏക്കർ സ്ഥലം വാങ്ങിച്ചു എന്നുള്ളതാണോ ആ മെമ്മോറിയലിൽ പറഞ്ഞിരിക്കുന്ന ആരോപണം ?

MR. PAUL A. THALIAT: അല്ല; ഒരു സമുദായക്കേസ്സിൽ സംബന്ധിക്കപ്പെട്ട ഒരാൾ (ആ കേസ്സിലെ വാദിയോ പ്രതിയോ എന്നു നിശ്ചയമില്ല) കൊടുത്ത മെമ്മോറിയലാണ്.

HON'BLE MR. C. KESAVAN: ആരും ആരാണ്?

MR. PAUL A. THALIAT: The memorial submitted by His Grace Mar Athanasius.

അതാണ് മെമ്മോറിയൽ. അതിൽ ഹൈക്കോടതിയെപ്പറ്റി ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതു ശരിയാണെങ്കിൽ നമ്മുടെ ഹൈക്കോടതിയുടെ സ്ഥിതി വളരെ ആക്ഷേപാർഹം ആണ്. ആരോപണങ്ങൾ ശരിയല്ലെങ്കിൽ മെമ്മോറിയൽ അയച്ച ആളിന്റെ പേരിൽ ഉടൻ നടപടി നടത്തണം. അങ്ങനെ ഹൈക്കോടതിയുടെ സൽപ്പേരിനെ രക്ഷിക്കണം.

MR. A. NESAMONY: I have put down against my name two cut motions to bring home to the Minister for Law and Order the necessity of modifying the method of recruitment of Magistrates, Munsiffs, Government Pleaders and the Prosecuting Inspectors. Sir, I have put in sufficient pensionable service at the bar and I believe I am now working under an age of extension so what I am going to place before this House is my personal experience though it may be in the form of stories. But I am just citing instances to show how ignorant some of our people who are entrusted with the administration of justice are.

First, as regards recruitment to the magistracy. Members of the profession would know that one fine morning a clerk gets an order that he is made a Stationary Magistrate in such and such a place. He goes there, once in his life time he sees before him a crowd of Advocates and Lawyers addressing as "Your Honour," the peon pulling the punka and the orderly standing to attention. Clients come in and get out, make obeisance and exit. Such an exalted position in life, probably he may not have dreamt at the time when he entered service. All of a sudden one fine morning, he gets in there. Some times I used to sympathise with most of of my friends who get that position because they have to be dictated to by the Bench Clerk as to what is to be done with it. First, the

complaint is put in his hands. He does not know how to record a statement. The client or the complainant gets into the box and then in the usual manner, the Bench Clerk swears him and administers the oath to him and then the Magistrate begins to write. He is sure of one fact—that he has got the right to examine the complainant by getting him into the box and in a haphazard manner he examines him. If a question arises as to the next step he looks around. I have seen some members of the bar some times suggest to him, 'so and so, so and so, Sir.' Sometimes he will not be in a mood to believe us. He looks up for the guidance of th Bench Clerk below him. The Bench Clerk inspires him and gives the answer, a section, warrant etc. as the case may be.

Coming to the next stage, of a trial, when he ought to record a confession, or when he has to record a dying declaration. He does not know how to record it. He calls for precedents ; gets a copy of prior confessions that have been recorded by his predecessors. I may cite an instance, Sir, where I appeared in a Court when the learned Magistrate was in a mood to teach me law. We argued about a point and then I left in disgust saying, "I wonder whether you know law." He said he knew it. I said that I doubted it. I was waiting for an opportunity to teach that learned Magistrate law. It so happend on a later occasion that he had to appear as a witness in the Nagercoil District Court where two copies of confessions that had been recorded by him were put in Court. The learned Magistrate never knew that a change had been made in the matter of endorsement at the foot of the confession, different from the endorsement that had to be made under the old Criminal Procedure Code. There was internal evidence that he did not know. I handed one copy to the Presiding Officer and kept the other in my hand, and asked the learned Judge to compare. I read out the confession and the learned Judge began to compare word by word and line by line. Every answer was the same except in one material particular, the fact of having committed the offence. I may submit also that when one of these confessions came for consideration before the High Court on an appeal, very strong strictures were passed by the High Court against the particular officer.

Now, what I wish to suggest to the Honourable Minister for Law and Order is some change in the matter of recruitment. You cannot expect a person who has never seen a Court of Law, who has never seen clients, lawyers arguing or presenting their case, to sit in judgment all on a sudden one fine morning. They require a certain amount of training. By training, I mean that before he is entrusted with the duties of administering justice, he must have the training in a court where criminal work is done in the original side work of the Sessions Judge, especially under a senior District Judge. He must sit with him, listen to the argument, take note of how proceedings are going on from day to day and learn for himself, before he is posted to administer justice himself.

[Mr. A. Nesamany]

I may also bring to the notice of the Honourable Minister for Law that it is not sufficient if one is a graduate in law or has passed the Criminal Higher Test. He must have the practical knowledge of the courts, before he is posted to administer law.

Sir, as in the case of T. C. S. candidates who are given training in particular branches, institutions and departments, they must have a training to administer justice, to know law and how to deal with it. The T. C. S. officers are given Survey Training when they are to be employed as Tahsildars. Then why not give them sufficient training in the administration of law, to learn for themselves how to judge before they are posted as Magistrates who are to administer justice.

Now as regards language. Not that I am parochial in this matter. But there is the difficulty as was pointed out by Mr. Chidambaranatha Nadar. I may give two instances. A man complained of theft of tamarind. The learned Magistrate began to take down the deposition and the complainant said, "புளியை அடிச்சக்கிட்டுப் போயிட்டான்." that is to say, he has stealthily removed my crop. The learned Magistrate did not know the word "அடிச்சக்கிட்டு" is used to denote theft. He said it was an offence under Section 323 or 324. The Advocate said that it was an expression used for committing theft. Such things do occur. Again, there was a case in which the learned Magistrate read out a charge sheet of theft. The poor man could not understand the language in which the charge was read out. He said "I find that *prima facie* case has been made out against you for an offence under Section 379." The man thought that he was pronouncing judgment. He asked the Magistrate to stop and said, "Sir, stop. How do you know that I committed theft?" The man did not know that it was a charge that had been read out. The Magistrate did not know what the trouble was about. Finally, of course, the client was made to understand that it was only a charge.

Then in regard to recording depositions it so happens that when one thing is said, another thing is recorded. In the pressure of work, it is very rarely that the statements are read out, though we have got the right to insist upon such matters. When we get attested copies of depositions, they appear strange. I believe the learned members of the profession who happen to hear us in the High Court or in other courts might have wondered at the language that had been used in reading out the depositions. That is the practical difficulty not only with the judiciary there but also with other branches, so that in the matter of appointments of these officers down in the south, I submit that greater care has to be bestowed upon posting so that only officers who know the language of the land where they have to administer law are posted. It so happeens that the Eraniel Magistrate's Court seems to be a training

ground for all Magistrates. One fine morning, a Second Class Magistrate Court is reduced to the rank of a Third Class Magistrate Court. After having stayed there say for three months, he is granted the powers of a Second Class Magistrate. Then another Third Class Magistrate is posted there. What a lot of waste, what a lot of waste of time and money is incurred upon this is very clear. As soon as the Third Class Magistrate comes in, all the cases which he could not try would be transferred to another court. Fresh trial is demanded under the Criminal Procedure Code in the court to which the cases have been transferred. Then comes a Second Class Magistrate. The cases are again transferred to him and the trial begins anew. If the Honourable Minister for Law happens to come into the Eraniel Magistrate's ourt and watch the proceedings he will find how much paper has been wasted upon the writing of the deposition. For every change with the court, we pray for a re-trial. With every change of the Presiding Officer, we pray for a re-trial so that in the matter of posting Magistrates and in the matter of conferring powers, these ought to weigh with the Honourable Minister for Law and Order.

Next Sir, is the recruitment to the Judiciary, I mean the Munsiffs and the Second Judges. In the method of initial recruitment as Munsiff, there is a certain ratio from the service and a certain ratio from the Bar Of course, I don't object to the members of the clerical line becoming Judicial officers. We have brilliant examples of certain people coming up to the top rank from the Bar or from the service. But what I want to emphasise here is the recruitment from the Bar itself. What we invariably find is people who have been confining their practice to the revisional side of the High Court or to the King's brief are the persons who have been recruited as Munsiffs, because they happen to be practising in the High Court. That has to be removed, because all of us are now considered as Advocates and preference in the matter of recruitment ought to be given to those who have had original work either in the Musiff's Courts or in the District Courts, because they are called upon to deal with the original side and not with the appellate work. In the matter of dealing with the thousands of civil miscellaneous petitions, and in the matter of dealing with the thousands of execution petitions, I may say that an Advocate who has some knowledge of the original work will be able to do full justice in the disposal of these cases than a lawyer who is confining his practice to the revisional side of the High Court: Not that I am crying down my learned friends who are practising on the revision side of the High Court but practice shows a revision is required so that preference in the matter of recruitment would be shown to those who have had practice on the original side of the civil work.

Then again in the matter of recruitment to the post of Second Judges, communal representation has again come into play. We are now at a stage when we ought to say we do not want communal representation. As a member of the Bar who has put in sufficient

[Mr. A. Nesamony.]

service at the bar, I would plead that at least in the higher cadre of these services, this communalism must stop a bit. It requires a high sense of justice, it requires a sound knowledge of law,—the law that he has to administer,—a stout common sense with an independent spirit, because it is an appellate court. An appellate judiciary, an appellate tribunal, must be able to take an independent view of the facts that are placed before it for consideration. And I believe that, judged by that standard, the method of recruitment to the Second Judges is faulty. I know as a matter of fact, in my experience, Second Judges do not know how to deal with execution applications on the original side, how to deal with applications for insolvency, guardians and wards and various other statute laws and regulations. How many are there now who would be able to deal with the applications under the Companies Act? Very few. I don't want every Judge to be all-knowing but they must have stout common sense to deal with these applications.

One must have a status and standing at the bar before he is called on and appointed as a Second Judge. Here it is not a question of personality or community. Even if he is selected from a particular community he must be the A1 man in that community. Probably he may not rise up to all expectations, yet there is a certain standard to be set up in the recruitment of Second Judges. The District Judges should never be recruited direct from the bar, because however efficient an advocate may be, he has his own limitations so far as the administrative side of the court is concerned. Correspondences have to be carried on. He will have to control the staff, all these things are matters in which the recruit from the Bar may be inexperienced. For these reasons recruitment of the members of the Bar direct as District Judges is not very conducive to the administration of justice.

Now I may pass on to the third point *viz.*, Government Pleaders. When I entered the Bar there was a common belief among us that this Government Pleadership is the prize of leadership at the local Bar. When it is said that so and so is a Sirkar vakil, that means that he is eminently fitted to fill that place because of his sound knowledge of law, status and standing at the Bar. He was thought to be the champion of the local Bar. Now, Sir, it has degenerated into a scramble for persons who want to have sinecure appointments. It is not capacity, it is not efficiency, but it is communalism and favouratism that count. We who are practising against them are better off. In the interest of Government, in the interest of efficient administration of justice, the best legal advice locally must be available to Government. A Government Pleader is expected to be above parties, he is expected to be above party politics, and he is expected to be very honest and just. It ought to be the prize of the leading member of the local Bar. Now it has ceased to be that, and it is degrading. I wish the Hon'ble Minister

for Law and Order would particularly concentrate his attention upon this matter. It may so happen that some members of the Bar may not wish to accept even this offer. But when it is offered to them and not to the man that seeks, they may accept it. Seek out the man and offer it to him. The right man will be conscious of the duty that he owes to the Government and to the people rather than run about from house to house, place to place and office to office with bundles of papers tucked under his arms saying "I am the best man."

Coming to the last and most important question in the administration of justice—the Prosecuting Inspectors. Sir a visit to one of these courts by the Hon'ble Prime Minister would convince him that the role the Prosecuting Inspector's play in these Courts is far from satisfactory. He seems to be the mouthpiece of the Head Constable of the old type who gives him a banging at the back for every question put to witness and for every argument advanced to the Court. There are a few who are graduates in law. Advocacy, as the Hon'ble Minister for Law and Order knows, is an art by itself. Whether he advocates a cause for the Sirkar or a poor client, it is an art in itself. They must have some grounding in the actual work in the Court. They must at least know under what provisions of the Law a certain offence is punishable; and without knowing even the preliminary principles of the Evidence Act they are now leading evidences in a case. It is not enough to open a case and then extract evidence from a witness by taking him to a Police Station and giving him a thorough hammering till he says "I will say every thing". But after this hammering the poor man goes to the District Court and gives a different evidence without knowing why he was hammered by the police. He might have given the best evidence in the lower Court. That evidence is lost because what the Inspector took from him was no evidence at all so far as the bearing of the case was concerned, so that at the initial stage of the preliminary spade work you want a man with sufficient legal acumen as a Prosecuting Inspector. These Prosecuting Inspectors before they are let to prosecute cases must have a sound training, in the conduct of cases. In the matter of training my observations regarding the Magistrates equally hold good in this case also.

Above all this, Sir, regarding these methods of recruitments, I am a firm believer in direct recruitment on the lines of what is called the T. C. S. I had occasion to come across at least two persons who had been Magistrates, one at Vilavancode and the other at Kottar. I had the greatest admiration for them for their quickness in understanding and thorough grasp of the subjects dealt with. I appreciate that in that young age the training they have had. They are splendid specimens of young officers who are eminently fitted to administer justice. A system of direct recruitment both for the Magistracy and for the judiciary in the way as is obtained in British India would ensure the best talents of a country to be em-

[Mr. A. Nesamony]

ployed in the matter of administering justice between man and man. The time may come Sir, when judiciary may be independent of the executive. I believe that is in contemplation in all the Provincial Legislatures and until judiciary is separated from the executive and the whole control of it is vested in the High Court, I submit the judiciary may not have that independence to do justice between man and man. I hope the day may come when we fashion the constitution of this country when judiciary may be separated and made absolutely independent of the Executive.

(At 3-30 the Deputy President occupied the Chair)

MR. T. A. ABDULLA: സർ, നീതിന്യായവകുപ്പു സംബന്ധിച്ചുള്ള പ്രവർത്തനത്തിൽ ഗവണ്മെൻറും പ്രതിപക്ഷവും തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഇതിനെപ്പററി സംസാരിക്കേണ്ട മിക്കവാറും സംഗതികൾ എൻെറ സ്നേഹിതൻ മി. നേശമണി പറഞ്ഞുകഴിഞ്ഞു. ഇനി എന്തെങ്കിലും കൂടുതൽ സംസാരിക്കുന്നതു് അനാവശ്യമായ ഒരാവർത്തനം മാത്രമായിരിക്കും. നമ്മുടെ ജുഡിഷ്യറിയെപ്പററി കുറെക്കാലങ്ങൾക്കു് മുമ്പു് ഈ രാജ്യത്തെ ജനങ്ങൾക്കു വളരെ ബഹുമാനമുണ്ടായിരുന്നു. ഈ രാജ്യത്തിനു വെളിയിലും ആ കാലത്തു് നമ്മുടെ ജുഡിഷ്യറിക്കു് വളരെ പ്രസിദ്ധിയുണ്ടായിരുന്നു. മററല്ലാത്തിലുമെന്നപോലെ കഴിഞ്ഞ ഏഴു വർഷകാലത്തെ ദുഷിച്ച ഭരണത്തിൻെറ ഫലമായി നമ്മുടെ ജുഡിഷ്യറിയും ദുഷിച്ചു നാറിപ്പോയി എന്നു പറയുന്നതിനു് എനിക്കു അശേഷം മടിയില്ല. ഇൻഡ്യയിലെ പ്രസിദ്ധപ്പെട്ട അഡ്വക്കേററായ കൽക്കട്ടയിലെ മി. ബോസു ഈ രാജ്യത്തു് നീതിന്യായം നടത്താൻ സാദ്ധ്യമല്ലെന്നു പറയത്തക്കവണ്ണം നമ്മുടെ ജുഡിഷ്യറി അധഃപതിച്ചുപോയതിൽ നമുക്കെല്ലാം പരിതാപം ഉണ്ടു്. ഇതിനെല്ലാം ഉത്തരവാദികൾ ഇന്നത്തെ മന്ത്രിസഭയോ ഇന്നത്തെ ഗവണ്മെൻേറാ അല്ല. ജനകീയഗവണ്മെൻറു് വന്നതിനുശേഷം അല്പമെല്ലാം ആശ്വാസം വന്നിട്ടുണ്ടു്. കഴിഞ്ഞകാലത്തു നമ്മുടെ ജുഡിഷ്യറി എത്രമാത്രം അധഃപതിച്ചുപോയി എന്നുള്ളതിനു ഒരുദാഹരണം പറയാം. നമ്മുടെ ഹൈക്കോടതിയിൽ ആർക്കെങ്കിലും ഒരു കേസുണ്ടെങ്കിൽ അയാളുടെ കേസു ഏതു ബെഞ്ചിലായിരിക്കണമെന്നും ഏതു് അഡ്വക്കേററിനെയാണു് പിടിക്കേണ്ടതെന്നും നിശ്ചയിച്ചുകൊണ്ടാണു് പുറപ്പെട്ടിരുന്നതെന്നു് നമുക്കെല്ലാവർക്കുമറിയാം. നമ്മുടെ ഗവണ്മെൻറു് വളരെ ശ്രദ്ധപതിപ്പിച്ചെങ്കിൽ മാത്രമേ ജുഡിഷ്യറിയിലെ കൈക്കൂലിയും അഴിമതിയും നിറുത്തലാക്കാൻ സാധിക്കുകയുള്ളൂ. മറ്റേതു തുറയിലും കൈക്കൂലിയും അഴിമതിയും ഉണ്ടായിരുന്നാൽ സഹിക്കാം

മെങ്കിലും ജൂഡിഷ്യറിയിൽ അങ്ങനെ ഒരവസ്ഥ ഇല്ലാതാക്കുന്നതിനു കർശനമായ നടപടികൾ നടത്തണമെന്നാണു എനിക്കു പറയാനുള്ളതു്. ജൂഡിഷ്യറിയിൽ കൈക്കൂലിവാങ്ങുന്ന ഡിസ്ട്രിക്ട് ജഡ്ജിമാർ പോലും ഉണ്ടെന്നു എനിക്കറിയാം. ഇപ്പോൾ പെൻഷൻവയസ്സ് കുറച്ചതുമൂലം പുതുതായി ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുമ്പോഴെങ്കിലും തീർച്ചയായും സത്യസന്ധതയ്ക്കും സ്വഭാവശുദ്ധിക്കും പ്രാധാന്യവും മുൻഗണനയും കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി മററു പരിഗണനകൾ കുറച്ചൊക്കെ ഉപേക്ഷിക്കേണ്ടി വന്നാലും വലിയ തരക്കേടൊന്നും ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്.

ജൂഡിഷ്യറി എക്സിക്യൂട്ടീവിൽ നിന്നു സ്വതന്ത്രമായിരിക്കണമെന്ന് സ്റ്റേററ് കാൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ട്. ജൂഡിഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്നും സ്വതന്ത്രമാക്കുന്ന കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതു് കാൺഗ്രസ്സിന്റെ ഭരണക്രമത്തിൽപ്പെട്ട ഒരു സംഗതിയാണ്. മദ്രാസിൽ കാൺഗ്രസ്സ് ഗവണ്മെൻറ് ഭരണം കയ്യേററതിനുശേഷം ജൂഡിഷ്യറിയെപ്പററി വിപുലമായ അന്വേഷണങ്ങൾക്കും സൂക്ഷ്മമായ പഠനത്തിനും ശേഷം ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. അതു നടപ്പിൽ വരുത്തുന്നതിനു വളരെ അധികം ധനവ്യയം ഒന്നും ഉണ്ടാകുകയില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആ മട്ടിൽ നമ്മുടെ ജൂഡിഷ്യറിയും പരിഷ്കരിച്ചു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്നേഹിതൻ മി. നേശമണി ആദ്യമായി നിയമിച്ചു വരുന്ന മജിസ്ട്രേട്ടന്മാരെപ്പററി പറഞ്ഞു. മററു ഡിപ്പാർട്ടുമെൻറിൽനിന്നും നേരെ ചെന്നു കയറുന്ന മജിസ്ട്രേട്ടന്മാർക്ക് കോടതികളിൽ ലഭിക്കുന്ന അന്തസ്സിനെയും ബഹുമാനത്തെയും പററി അദ്ദേഹം പറഞ്ഞു. എന്നാൽ അതിന്റെ മറുവശം കൂടി നാം അറിഞ്ഞിരിക്കുന്നതു കൊള്ളാം. അതായതു് പേഷ്കാരന്മാർ സന്ദർശിക്കുവാൻവരുന്ന അവസരത്തെപ്പററിയാണു ഞാൻ പറയുന്നതു്. ആഡ്യുതലിശിപായിമാരുടെ അകമ്പടിയോടുകൂടിയും മററു വക്കീലന്മാരുടെ തലകുനിപ്പുകൊണ്ടു് ആദരിക്കപ്പെട്ടും കഴിയുന്ന ഈ കൊച്ചുബാസിന്റെ സ്ഥിതി വലിയ ബാസ്സു വരുമ്പോൾ വളരെ പരുങ്ങലിലാണ്. മിക്കവാറും പേഷ്കാരന്മാർക്കു മജിസ്ട്രേട്ടധികാരം കൂടി വച്ചിരിക്കുന്നതു ന്യായം നടത്തുന്നതിന് ഒരു പ്രതിബന്ധമായി തീർന്നിട്ടുണ്ട്. അതുപോലെ തന്നെ ജൂഡിഷ്യറി എക്സിക്യൂട്ടീവിന്റെ നിയന്ത്രണത്തിലായിരിക്കുന്നതും ശരിയല്ല. കഴിഞ്ഞ കാലങ്ങളിലെ അനുഭവംകൊണ്ടാണു ഞാൻ ഇതു

[Mr. T. A. Abdulla]

പറയുന്നത്. ചില വ്യക്തികളെ ജയിലിലിടുന്നതിനെ സംബന്ധിച്ചും ശിക്ഷിക്കുന്നതിനെ സംബന്ധിച്ചും വിടുന്നതിനെ സംബന്ധിച്ചും മജിസ്ട്രേട്ടന്മാർ എക്സിക്യൂട്ടീവിനോട് ആലോചിച്ചും എക്സിക്യൂട്ടീവിന്റെ നിർദ്ദേശം അനുസരിച്ചും പ്രവർത്തിച്ചിരുന്നുവെന്നുള്ളത് പരമാർത്ഥമാണ്. ജനകീയ ഗവൺമെന്റ് തീർച്ചയായും അതിനിടകൊടുക്കുകയില്ലെന്നു എനിക്കുറപ്പുണ്ട്. ഇത്തരം അഴിമതികൾ ഉണ്ടാകാതിരിക്കണമെങ്കിൽ ഒരു ജുഡിഷ്യറി പരിഷ്കരണം ഇവിടെ നടപ്പിൽ വരുത്തുകതന്നെ വേണം. അതിന് ഒരു വ്യവസ്ഥ ചെയ്യുന്നത് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയാണെന്നാണ് എനിക്കു തോന്നുന്നത്.

അവസാനമായി എനിക്കൊരു സംഗതി പറയാനുള്ളതു നമ്മുടെ പഞ്ചായത്തുകോടതികളെപ്പറ്റിയാണ്. ഇന്നത്തെ നിലയിൽ ഈ പഞ്ചായത്തുകോടതികൾ തുടർന്നുപോകുന്നതിൽ ഭേദം അവ നിറുത്തുകളയുന്നതാണ് നല്ലതെന്നാണ് എനിക്കു തോന്നുന്നത്. ചില സ്ഥാനമാനങ്ങൾപോലെ എഴുത്തു കടലാസുകളിൽ അച്ചടിക്കുന്നതിനു മാത്രം ചിലർക്കു ഉപയോഗപ്പെടുന്ന ഒരു ഏർപ്പാടാണ് ഇന്നത്തെ പഞ്ചായത്തുകോടതികൾ. കൈക്കൂലിവാങ്ങാത്ത ബെഞ്ചുമജിസ്ട്രേട്ടന്മാർ നമ്മുടെ നാട്ടിൽ വളരെ ദുർലഭമാണ്. ഈ പഞ്ചായത്തുകോടതികളെ പരിഷ്കരിച്ച് പൊതുജനോപയോഗത്തിന് ഉതകത്തക്കവിധം പുനഃസംഘടിപ്പിച്ച് ജനകീയകോടതികളായി രൂപാന്തരപ്പെടുത്തി ന്യായമായ കാര്യങ്ങളിൽ ന്യായമായ വിധത്തിൽ ജനങ്ങൾക്കു ന്യായം ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യാതെ ഇന്നത്തെ നിലയിൽ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കൂടുതലായി ഇവിടത്തെ ജുഡിഷ്യറിയെപ്പറ്റി ഈ സന്ദർഭത്തിൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

MR. P. S. MOHAMMED: സർ, മജിസ്ട്രേട്ടന്മാർ പോലീസുദ്യോഗസ്ഥന്മാരുടെ ഹിതംനോക്കി പ്രവർത്തിച്ചുപോരുന്നു എന്ന കാര്യത്തെപ്പറ്റി ഒന്നു രണ്ടു വാക്കുകൾ പറയണമെന്നേ ഞാനുദ്ദേശിക്കുന്നുള്ളു. പല മജിസ്ട്രേട്ടുകോടതികളിലും ഈ പുള്ളികളെ ശിക്ഷിക്കുന്നതും വിടുന്നതും ജയിലിലിടുന്നതും എല്ലാം പോലീസുദ്യോഗസ്ഥന്മാരോട് ആലോചിച്ചിട്ടാണ് തീർച്ച ചെയ്യുന്നത്. അഥവാ വല്ലപ്പോഴും പോലീസിനു താല്പര്യമുള്ള ഒരാളെ പോലീസിനോടാലോചിക്കാതെ ജയിലിലിടുകയാ

ണെങ്കിൽ ഉടനെതന്നെ ഏ. എസ്സ്. പി. യോ, ഡി. എസ്സ്. പി. യോ മജിസ്ട്രേട്ടിൻെറ വീട്ടിൽപോയി ഇടപെട്ട് പ്രതിയെ വിടുവിക്കുന്നു. ഇതു ഞങ്ങൾക്കെല്ലാം നേരിട്ടു അനുഭവമുള്ള കാര്യങ്ങളാണ്. മൂവാററുപുഴയിലും മററും ഇത്തരം ധാരാളം സംഭവങ്ങൾ നടന്നിട്ടുള്ളതു് എനിക്കുതന്നെ നേരിട്ടറിയാം. ഇത്തരം സംഗതികളിലെല്ലാം ജനകീയഗവണ്മെൻറ് കൂടുതൽ ശ്രദ്ധപതിപ്പിച്ചു നമ്മുടെ ജൂഡിഷ്യറിയെ സംബന്ധിച്ചിടത്തോളം നഷ്ടപ്പെട്ടുപോയ പ്രസിദ്ധി വീണ്ടെടുക്കാൻവേണ്ടി ഉചിതവും സത്വരവുമായ നടപടികൾ കൈക്കൊള്ളുന്നമെന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോടഭ്യർത്ഥിക്കുന്നു.

MR. K. A. MOHAMMED: സർ, സ്വാതന്ത്ര്യ കോടതികളിലുള്ള അഴിമതികളും അക്രമങ്ങളും മററു ദൂഷ്യങ്ങളും എല്ലാമെന്നു എൻെറ സ്നേഹിതൻ മി. നേശമണി സ്ഥാനത്തവങ്ങളെ വച്ചുകൊണ്ടു വിശദമായി ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഒരു കാര്യംകൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. നമ്മുടെ ക്യാബിനററ് വെസററ്മിനിസ്ററർ മാതൃകയിലുള്ള ആയിരിക്കണമെന്നും ആയിരിക്കുമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ ജൂഡീഷ്യറിയും എക്സിക്യൂട്ടീവും ഒന്നിച്ചു പ്രവർത്തിക്കാൻ അനുവദിച്ചുകൂടാ എന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും അറിവുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ വെസ്ററ്മിനിസ്ററർ മാതൃക സ്വീകരിച്ചില്ലെങ്കിലും ജൂഡീഷ്യറി എക്സിക്യൂട്ടീവിൽ നിന്നും സ്വതന്ത്രമാക്കേണമെന്നു വാദിക്കുന്നതു് കഴിഞ്ഞ കാലങ്ങളിലെ അനുഭവം അങ്ങനെ വേണമെന്നു ഞങ്ങളെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ്. ഒരു പത്തുപതിനഞ്ചുകൊല്ലങ്ങൾക്കു മുമ്പുവരെ നമ്മുടെ ജൂഡീഷ്യറിക്കു നമ്മുടെ രാജ്യത്തും അയൽ രാജ്യങ്ങളിലുമെല്ലാം വളരെ പ്രസിദ്ധിയുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി എക്സിക്യൂട്ടീവ് എന്താഗ്രഹിക്കുന്നുവോ അതു മാത്രം ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെൻറായിട്ട് തിരുവിതാംകൂറിലെ ജൂഡീഷ്യറി വളരെ അധഃപതിച്ചുപോയിരിക്കുന്നു. എക്സിക്യൂട്ടീവ് എന്തെങ്കിലും തെററു ചെയ്താൽ അതിനെ ചൂണ്ടിക്കാണിക്കാനും തിരുത്താനുമുള്ള അവകാശം ജൂഡീഷ്യറിക്കുണ്ട്. എക്സിക്യൂട്ടീവിനെതിരായി കൊണ്ടുവരുന്ന കേസുകൾ കേട്ടു തീരുമാനിക്കാനുള്ള അധികാരം ജൂഡീഷ്യറിക്കുണ്ട്. എക്സിക്യൂട്ടീവ് എന്തെങ്കിലും ദോഷം ജനങ്ങൾക്കു ചെയ്താൽ അതിനു പരിഹാരം നേടാനുള്ള ഏകമാർഗ്ഗം ജൂഡീഷ്യറിയാണ്. എന്നാൽ നമ്മുടെ ജൂഡീഷ്യറിക്കു ഇങ്ങനെ ഒരു അവ

[Mr. K. A. Mohammed]

കാശവും അധികാരവും ഉണ്ടെന്നുള്ള കാര്യംതന്നെ അവർ വിസ്മരിച്ചുപോയിരിക്കുന്നു. തിരുവിതാംകൂറിലെ മറ്റേതൊരു ഡിപ്പാർട്ടുമെൻറിനേയുംപോലെ എക്സിക്യൂട്ടീവിൻെറ ആജ്ഞാനുസരണംതന്നെയാണ് ഈ ജുഡിഷ്യറിയും പ്രവർത്തിക്കേണ്ടതെന്നുള്ളതു് തെററു വിശ്വാസവും പാരമ്പര്യവുമായി കഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു ബന്ധമാണു കഴിഞ്ഞകാലങ്ങളിൽ ജുഡിഷ്യറിയും എക്സിക്യൂട്ടീവുമായി ഇവിടെ ഉണ്ടായിരുന്നതു്. അതു് മാറുന്നതിനു ഇനിയും വളരെക്കാലം വേണ്ടിവന്നേക്കാം. ഗവർമ്മെൻറിനെതിരായി ആരെങ്കിലും ഒരു കേസുകൊടുക്കുകയാണെങ്കിൽ ആ കേസിനെക്കുറിച്ചു് അന്വേഷണം നടത്തുന്നതു് ഇന്നവിധത്തിലായിരിക്കണം, തെളിവെടുക്കുന്നതു് ഇന്നവിധത്തിലായിരിക്കണം, തീരുമാനിക്കുന്നതു് ഇന്നവിധത്തിലായിരിക്കണം എന്നെല്ലാം എക്സിക്യൂട്ടീവിൽനിന്നു നിർദ്ദേശങ്ങൾ വാങ്ങിയശേഷമേ നമ്മുടെ ജുഡിഷ്യറി ചെയ്തിരുന്നുള്ളു. ഈ പാരമ്പര്യത്തിൻെറ ഫലമായി എക്സിക്യൂട്ടീവിൻെറ അഭിപ്രായവും ആഗ്രഹവും എന്തെന്നു അന്വേഷണം നടത്തി കേസുകൾ തീരുമാനിക്കുന്ന ഒരു നില ജുഡിഷ്യറിക്കു വന്നുകൂടിയിട്ടുണ്ടു്. ഇപ്പോൾ ജനകീയഭരണമാണു് നിലവിലിരിക്കുന്നതു്. ആ സ്ഥിതിക്കു് എക്സിക്യൂട്ടീവു് അങ്ങനെ ജുഡിഷ്യറി കാര്യങ്ങളിൽ ഇടപെടുമെന്നു് വിചാരിക്കാൻ ന്യായമില്ല. എന്നാൽ ദീർഘകാലമായി ഉറച്ചിരിക്കുന്ന പാരമ്പര്യത്തിൽ നിന്നും വിശ്വാസത്തിൽനിന്നും മനോഭാവത്തിൽനിന്നും മോചനം സിദ്ധിക്കണമെങ്കിൽ ജുഡിഷ്യറിയേയും എക്സിക്യൂട്ടീവിനേയും വേർതിരിച്ചു നിറുത്തേണ്ടതു് അത്യാവശ്യമാണു്.

ഇനി മറെറാരുകാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതു് ജുഡിഷ്യറിയിലെ താഴ്ന്നശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ഇടയ്ക്കുള്ള കൈക്കൂലിയെപ്പററിയാണു്. അവിടെ പ്രാക്ടീസു ചെയ്യുന്ന എല്ലാ വക്കീലന്മാർക്കും കോടതികളിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ഒരുതരത്തിലല്ലെങ്കിൽ മററൊരുതരത്തിൽ കൈക്കൂലികൊടുക്കാതെ കാര്യംനടത്താൻ സാദ്ധ്യമല്ല. എത്ര ന്യായദീക്ഷയുള്ള അഡ്വക്കേററായാലും ശരി കക്ഷിക്കു ഗുണകരമായി എന്തെങ്കിലും ചെയ്യണമെന്നാഗ്രഹമുള്ള പക്ഷം കൈക്കൂലികൊടുക്കുകയോ കക്ഷിയെക്കൊണ്ടു കൊടുപ്പിക്കുകയോ തന്നെ വേണം. ഏതെങ്കിലും ഒരു അഡ്വക്കേററു് കൈക്കൂലികൊടുക്കുകയില്ലെന്നു നിർബന്ധം വയ്ക്കുകയാണെങ്കിൽ ആ അഡ്വക്കേററിൻെറ കാര്യങ്ങൾ ഒന്നും നടക്കുകയില്ല, കുഴപ്പത്തിലാവുകയും ചെയ്യും.

MR. K. A. MATHEW: വക്കീലന്മാർ കൊടുക്കുകയാണോ കൊടുപ്പിക്കുകയാണോ ചെയ്യുന്നതു് ?

MR. K. A. MOHAMMED: ഞാൻ കൊടുപ്പിച്ചിട്ടില്ല; കൊടുപ്പിക്കുന്നതായിട്ടറിയാം. താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ജീവിക്കുന്നതിനു ഒട്ടും മതിയാകാത്ത ഒരു ശമ്പളം മാത്രമാണ് കൊടുക്കുന്നതു്. അവർക്കു നല്ല ശമ്പളം കൊടുക്കാതെ കൈക്കൂലിവാങ്ങുന്നതിനെ കുററപ്പെടുത്തുകയും ആക്ഷേപിക്കുകയും ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ല. ഹർജിക്കാർക്കും മററും കുറച്ചു കൂടുതൽ ഫീസടക്കേണ്ടിവരുന്നതുകൊണ്ട് വലിയ ദോഷമൊന്നുമില്ല. ഹർജികൾക്ക് എട്ടണാസ്റ്റാമ്പിനു പകരം ഒരു രൂപാ എന്നു വയ്ക്കുകയോ, രണ്ടണാ സ്റ്റാമ്പ് പേപ്പറിനുപകരം ഒരു നാലണാ സ്ററാമ്പ് പേപ്പർ വേണമെന്നു നിശ്ചയിക്കുകയോ ചെയ്യുന്നതുകൊണ്ട് അത്രവലിയ വൈഷമ്യങ്ങൾ ഒന്നും ഉണ്ടാകുവാനില്ല. കുറച്ചു ഫീസുകൂട്ടിയെങ്കിലും ഒരു വരുമാനമുണ്ടാക്കി ഈ താഴ്ന്ന ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കേണ്ടതു് അത്യാവശ്യമാണ്. ജനകീയഗവണ്മെൻറ് ഇക്കാര്യത്തിലും വേണ്ടുവോളം ശ്രദ്ധപതിപ്പിക്കണമെന്നൊരപേക്ഷയുണ്ട്. അതുപോലെ സ്ററാഫ് കുറച്ചുകൂടെ വർദ്ധിപ്പിച്ച് പകർപ്പുകളും മററും നിശ്ചിതസമയങ്ങളിൽതന്നെ കൊടുക്കുവാനേർപ്പാടുചെയ്യേണ്ടതാണ്.

പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരെപ്പററി മി. നേശമണി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്ന കാര്യത്തിൽ പ്രായോഗികമായ ഒരു നിർദ്ദേശം തരുവാൻ ഞാനാഗ്രഹിക്കുന്നു. ഇന്ന് അഡ്വക്കേററന്മാരായി കോടതികളിൽ വരുന്നതു് പണ്ടത്തെ വെറും ബി. എൽ. കാരല്ല. ബാർകൗൺസിൽ പരീക്ഷകളെല്ലാം പാസ്സായി വളരെ പ്രായോഗികപരിശീലനം സിദ്ധിച്ച അഡ്വക്കേററന്മാരാണ് ഇന്ന് കോടതികളിൽ വരുന്നതു്. തൊഴിലില്ലാത്തവരായി ധാരാളം അഡ്വക്കേററന്മാർ നമ്മുടെ നാട്ടിൽ ഉണ്ടുതാനും. പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരായി നിയമജ്ഞന്മാരായ ഈ അഡ്വക്കേററന്മാരെത്തന്നെ നിയമിക്കുന്നതു് നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇന്നു വളരെ ചുരുക്കം ലാ ഗ്രാഡുവേററുകളേ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരുടെ കൂട്ടത്തിലുള്ളുവെന്നു തോന്നുന്നു. കോടതികളിൽ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാർ കാട്ടിക്കൂട്ടുന്ന വിക്രിയകളും അബദ്ധങ്ങളും എൻെറ സ്നേഹിതൻ മി. നേശമണി ഇവിടെ പറഞ്ഞുകഴിഞ്ഞു. തെളിവെടുക്കുന്നതിനെ സംബന്ധിച്ച് കേസിൻെറ

[Mr. K. A. Mohammed.]

നടപടികളെ സംബന്ധിച്ചും ശരിയായ യാതൊരു രൂപവും ഇല്ലാത്ത പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരായി നിയമിക്കുന്നു. ഇവർക്ക് അഞ്ചോ ആറോ സ്റ്റേഷനുകളിലെ കേസുകൾ ഉണ്ടായിരിക്കും. ആ കേസുകളെക്കുറിച്ച് ഈ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാർക്ക് യാതൊരു ബന്ധവും ഉണ്ടായിരിക്കുകയില്ല. ഹെഡ് കാൺസ്റ്റബിളോ കാൺസ്റ്റബിൾമാരോ പറഞ്ഞിട്ടായിരിക്കും ഈ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാർ കേസിന്റെ വിവരങ്ങൾ മനസ്സിലാക്കുന്നതു. ഈ വിധത്തിലുള്ള ഇവിടത്തെ നീതിന്യായനടത്തിപ്പ് ഒരുവിധത്തിലും ശ്ലാഘനീയമല്ല. നിയമപരിജ്ഞാനം ആവശ്യമുള്ള മററു പല ജോലികൾക്കും അഡ്വക്കേറ്റന്മാരെ തന്നെ നിയമിക്കുന്നതായാൽ അതു വളരെ നന്നായിരിക്കും. നീതിന്യായവകുപ്പിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം കാര്യപ്രാപ്തി കുറച്ചു കുറഞ്ഞുപോയാലും ഏററവും സത്യസന്ധന്മാരും സ്വഭാവശുദ്ധിയുള്ളവരുമായ ആളുകളെ വേണം നിയമിക്കുവാൻ എന്നുള്ള എന്റെ സ്നേഹിതൻ മി. നേശമണിയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. തിരുവിതാംകൂറിലെ ജുഡിഷ്യറിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ഭരണം നടത്തുന്ന കക്ഷിക്കും പ്രതിപക്ഷകക്ഷികൾക്കുമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല.

ജുഡിഷ്യറിയിലേക്കായാലും മറ്റേതുഡിപ്പാർട്ടുമെന്റിലേക്കായാലും നമുക്ക് ആവശ്യംപോലെ ധാരാളം യോഗ്യന്മാരായ ആളുകൾ ഈ നാട്ടിലുണ്ട്. അങ്ങനെയുള്ള യോഗ്യന്മാരെ തിരഞ്ഞെടുത്ത് നിയമിക്കുമെങ്കിൽ തീർച്ചയായും സാമുദായികമായും മററുമുള്ള വഴക്കുകൾ ഉണ്ടാകാനിടയില്ല. പ്രത്യേകിച്ചും ജനകീയഗവണ്മെൻറ് ഭരണം നടത്തുന്ന ഇക്കാലത്ത് നിഷ്പക്ഷമായി എല്ലാസമുദായങ്ങൾക്കും നീതിലഭിക്കത്തക്കവണ്ണം നിയമനങ്ങൾ നടത്തുന്നതിന് ഒരു പബ്ളിക്ക് സർവീസ് കമ്മീഷനെ നിയമിക്കുന്നതു വളരെ നല്ലതാണ്. എല്ലാ നിയമനങ്ങളും ഈ കമ്മീഷൻ മുഖാന്തിരം നടത്തുകയും തിരഞ്ഞെടുക്കുന്നതിനു ടെസ്ററുകൾ നടത്തുകയോ മററു നിശ്ചിതമായ വ്യവസ്ഥകൾ സ്വീകരിക്കുകയോ ചെയ്യുകയും ചെയ്യുകയാണെങ്കിൽ എല്ലാവിധ പരാതികളും ഇല്ലാതാകുന്നതാണ്. വ്യക്തികൾതന്നെ നിയമിക്കുകയാണെങ്കിൽ അവർ എത്രതന്നെ യോഗ്യരും കാര്യക്ഷമതയുള്ളവരുമായിരുന്നാലും ആളുകൾ അതിൽ സംശയാലുക്കൾ ആകാറുണ്ടു. കാര്യക്ഷമതയെ അളക്ക

ന്നതിനു ക്ലിപ്തമായ മാനദണ്ഡങ്ങളില്ലാത്തതുകൊണ്ട് ടെസ്റ്റുകൾ നടത്തി തിരഞ്ഞെടുക്കുന്നതു ന്യായമായിരിക്കും. ഇന്ന് ഒരു പബ്ലിക്ക് സർവീസ് കമ്മീഷണർ ഉണ്ടെങ്കിലും അദ്ദേഹം ശരിയായ ജോലി ചെയ്യുന്നില്ല. ലോവർഡിവിഷനിലെ നിയമനങ്ങൾ മാത്രമാണ് പബ്ലിക്ക സർവീസ് കമ്മീഷണർ നടത്തുന്നത്. അതിൽ കവിഞ്ഞ അധികാരങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. ഹയർ അപ്പോയിന്റുമെന്റുകളെ സംബന്ധിച്ചാണ് പരാതികൾ ഉള്ളത്. എന്നെ സംബന്ധിച്ചാണെങ്കിൽ ഇതിന് യാതൊരു പ്രസക്തിയും ഇല്ല. എങ്കിലും എല്ലാവർക്കും നീതി കിട്ടുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും അക്കാര്യങ്ങൾ ഉള്ള എല്ലാ അസമത്വങ്ങളും പരിഹരിക്കുന്നതിനുമായി പ്രത്യേകം ചില നിബന്ധനകളുണ്ടാക്കി ആ നിബന്ധനകളനുസരിച്ചു നിയമനങ്ങൾ നടത്തേണ്ടതു വളരെ ആത്യാവശ്യമാണ്. കുറെക്കാലങ്ങളായി യോഗ്യതയോ സ്വഭാവശുദ്ധിയോ ഒന്നും പരിഗണിക്കാതെ തന്നെ പല നിയമനങ്ങളും ജുഡിഷ്യറിയിൽ നടത്തിയിട്ടുണ്ട്. രാഷ്ട്രീയകാര്യങ്ങൾക്ക് വേണ്ടിയും കക്ഷിതാൽപര്യങ്ങൾക്കുവേണ്ടിയും മററു പല താല്പര്യങ്ങൾക്കുവേണ്ടിയും അത്തരം നിയമനങ്ങൾ ജുഡിഷ്യറിയിൽ നടത്തീട്ടുണ്ട്. ചില ഗവണ്മെൻറ് പ്ലീഡറന്മാരുടെ നിയമനങ്ങൾ ഇതിനു ദൃഷ്ടാന്തമാണ്. കുറെ കൊല്ലങ്ങൾക്കുമുമ്പുവരെ തിരുവിതാംകൂർ നീതിന്യായവകുപ്പിനുണ്ടായിരുന്ന പ്രശസ്തി വീണ്ടെടുക്കണമെങ്കിൽ വളരെ പ്രാപ്തന്മാരും യോഗ്യന്മാരുമായ ആളുകളെ നിയമിക്കുകതന്നെ വേണം. ഈക്കാര്യത്തിൽ ഗവണ്മെൻറ് അടിയന്തിരമായ ശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

MR. K. SARANGADHARAN (*Ambalapuzha II—General*): സർ, പല കാര്യങ്ങളും എനിക്ക് പറയുവാനുണ്ട്. ഈ ജുഡിഷ്യറിയെ സംബന്ധിച്ചുള്ള കട്ട്മോഷൻ അവതരിപ്പിച്ചുകൊണ്ട് പല കാര്യങ്ങളും പറയാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുകയാണ്. ഈ പുറകിലിരിക്കുന്നവർക്കു കുറെയേറെ കട്ട്മോഷനുകളയച്ചാലെങ്കിലും പ്രസിഡന്റിന്റെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുമെന്നുവിചാരിച്ചാണ് ഞാൻ കുറെ കട്ട്മോഷനുകൾ അയച്ചത്. അങ്ങനെ കുറേറെ കട്ട്മോഷനുകൾ അയച്ചതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ഈ ജുഡിഷ്യറിയെപ്പററി സംസാരിക്കാൻ ഒരു സൗകര്യം കിട്ടിയതെന്നു എനിക്കു തോന്നുന്നു. ജുഡിഷ്യറിയുടെ അവശതകൾക്കു പരിഹാരം ഉണ്ടാക്കുന്നകാര്യം പറയുന്നതോടുകൂടിതന്നെ പൊതുവെ ഈ പുറകിലിരിക്കുന്നവർക്കുള്ള അവശതകൾകൂടി പ്രസിഡണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് വിചാരിക്കു

[Mr. K. Sarangadharan.]

ന്നതു്. എങ്കിലും ജുഡിഷ്യറിയെപ്പറ്റി എനിക്കു് ചിലതു പറയാനില്ലെന്നില്ല. തിരുവിതാംകൂറിൽ പല ഡിപ്പാർട്ടുമെന്റുകളിലും പല ന്യൂനതകളും പോരായ്മകളുമിരുന്നതിൽ ഇന്നും പലതും അവശേഷിക്കുന്നതിൽ ഏറ്റവും ഗുരുതരമായ ഒരു കാര്യം കൈക്കൂലിയാണു്. ഈ സഭയിൽ പലരും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെപ്പറ്റി പറഞ്ഞു കഴിഞ്ഞു. ജുഡിഷ്യറിയിൽ ജോലിയിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ താരതമ്യേന കൈക്കൂലി കുറവാണെന്നുള്ളതു് ആശ്വാസകരമാണു്. നമ്മുടെ കോടതികളിലുള്ള ന്യായാധിപന്മാർ താരതമ്യേന സ്വഭാവശുദ്ധിയുള്ളവരാണു്. ചിലർക്കു കുറച്ചു ബുദ്ധിശക്തി കുറവാണെന്നു മാത്രമേയുള്ളു. (ചിരി) തെറ്റിദ്ധരിക്കരുതു്. പരമാർത്ഥം പറയണമെന്നുള്ള നിർബന്ധംകൊണ്ടു് പറഞ്ഞു പോകുന്നതാണു്, പൊതുവെ കൈക്കൂലിയും മററു ദുർനടപടികളും ജുഡിഷ്യറിയിൽ കുറവാണെന്നു വേണം പറയാൻ. പിന്നെ വക്കീലന്മാരെപ്പററി പറയുകയാണെങ്കിൽ ഒരുമാതിരി മാനമായിട്ടു ജീവിക്കണമെന്നുള്ളവർ സന്നതു എടുത്തു പോയാൽ കുറച്ചു ദിവസം കഴിഞ്ഞു കോടതിയിൽ പോകാതിരിക്കുകയാണു് പതിവു്. വക്കീലന്മാർക്കു നിയമത്തിലും പ്രാക്ടീസിലുമുള്ള പ്രേമംകൊണ്ടു മാത്രമല്ല പ്രാക്ടീസുചെയ്യുന്നതു്. വയററുപിഴപ്പിന്റെ പ്രശ്നംകൂടിയുണ്ടു്. സ്വഭാവശുദ്ധിയുള്ള ആളുകൾ കോടതിയിൽ പോയാൽ ചിത്തയാകുവാനാണു് എളുപ്പം. മി. കെ. എം. മുഹമ്മദ് പറഞ്ഞതുപോലെ കൈക്കൂലി നേരിട്ടുകൊടുത്തില്ലെങ്കിലും ഗുമസ്തന്മാരെക്കൊണ്ടോ കക്ഷികളെക്കൊണ്ടോ കൊടുപ്പിക്കുന്നില്ലെങ്കിൽ ആ വക്കീലിന്റെ സകല കാര്യങ്ങളും കുഴപ്പത്തിലാകും.

ഇനി എനിക്കു പറയാനുള്ളതു് മജിസ്ട്രേട്ടു കോടതികളിലേക്കു പുള്ളികളെ കൊണ്ടുപോകുന്ന വിധത്തെക്കുറിച്ചാണു. നമുക്കു് എത്രതന്നെ സംസ്കാരമുണ്ടെന്നു നാം അഭിമാനിച്ചാലും ശരി, അതു് മററുള്ളവർ സമ്മതിച്ചാലും ശരി, ഈ പുള്ളികളെക്കൊണ്ടു പോകുന്ന കാഴ്ച കാണുമ്പോൾ അതു് തീരെ നശിച്ചുപോയിരിക്കുന്നുവെന്നാണു് തോന്നിപ്പോകുന്നതു്. അവരുടെ വയററിന്റെ കിടപ്പും വസ്ത്രധാരണവും ശുചിത്വമില്ലായ്മയും എല്ലാംനമ്മുടെ സംസ്കാരത്തിന്റെയും നീതിബോധത്തിന്റെയും മുമ്പിൽഅവശേഷിക്കുന്ന ചോദ്യചിഹ്നങ്ങളാണു്. ഈമാതിരി കാര്യങ്ങളിൽ ഗവണ്മെന്റു കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

MR. N. V. CHACKO: സർ, എനിക്കു ചില കോടതികളുമായി ബന്ധമുള്ളതുകൊണ്ടു കോടതികളെപ്പറ്റി ഒരു ചാരനെന്നനിലയിൽ പ്രവ

ത്തിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും പൊതുവിൽ ചില സംഗതികൾ പറയേണ്ടിയിരിക്കുന്നു. ഈ രാജ്യത്തെ ഹൈക്കോടതിയെപ്പററി കുറെ നാളായി ജനങ്ങളുടെ ഇടയിൽ ഹൈക്കോടതിക്കു അഭിമാനകരമല്ലാത്തവിധത്തിലുള്ള വിചാരവും വർത്തമാനങ്ങളും വിശ്വാസവും ഉണ്ടായിട്ടുണ്ട്. അതു ജനങ്ങളുടെ കുററംകൊണ്ടാണെന്നു തോന്നുന്നില്ല. ഗവൺമെൻറിന് താൽപര്യമുള്ള കേസുകളിൽ സർ സി. പി. രാമസ്വാമി അയ്യർ ഇടപെട്ടിരുന്നുവെന്നും, ജഡ്ജിമാർ അദ്ദേഹത്തിനു വഴിപ്പെട്ടിരുന്നുവെന്നും വർത്തമാനങ്ങളുണ്ട്. കൊലപാതകികളെ തൂക്കുന്നില്ലെന്നു സർ സി. പി. രാമസ്വാമി അയ്യർ നിയമസഭയിൽ വിമർശനങ്ങൾ നടത്തിയിരുന്നതായിട്ടറിയാം. കൊലക്കുററങ്ങൾക്കു തൂക്കാത്ത ജഡ്ജിമാരെ കൊലയുടെ സഹായികളായി കരുതണമെന്നും അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്.

MR. K. A. MATHEW: തൂക്കു നിറുത്തിയതായിട്ടറിയാമോ?

MR. N. V. CHACKO: സർ രാമസ്വാമി അയ്യരുടെ പ്രസ്താവന മൂലം ചില ജഡ്ജിമാർ മനസ്സംതോഷം ഓരോരുത്തരെ തൂക്കാൻ വിധിച്ചതുകൊണ്ടാണ് തൂക്കു നിറുത്തിയതെന്നാണു എനിക്കു തോന്നുന്നതു്. രാജ്യത്തെ എല്ലാവരുടെയും വിശ്വാസവും ബഹുമാനവും ആർജിച്ചിരിക്കേണ്ട ഹൈക്കോടതി ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾക്കു വിധേയമായിരിക്കുന്നതു തീരെ ആശാസ്യമല്ല. ഗവൺമെൻറു വല്ല തെററും ചെയ്തുപോയാൽപോലും കോടതികൾ മുഖാന്തിരം രക്ഷ നേടാവുന്നതാകുന്നു. എന്നാൽ കോടതികളിൽ ജനങ്ങൾക്കു വിശ്വാസമില്ലെങ്കിൽ അതു ഉപ്പു ചീഞ്ഞുപോകുന്നതുപോലെയാണ്. ജഡ്ജിമാർ, സംശയാതീതമായി സ്വഭാവശുദ്ധിയുള്ളവരായിരിക്കണം. കുറെ നിയമപരിജ്ഞാനവും സാമർത്ഥ്യവുംകൂടി ഉണ്ടായിരുന്നാലും തെററില്ല. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെൻറു പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. A. V. JOSEPH (*Kunnathunad I—General*): സർ, നീതിന്യായ കോടതികളെപ്പററിയും അതിൻെറ പ്രവർത്തനങ്ങളെപ്പററിയും പറയുമ്പോൾ മുൻസിഫ കോടതികളെപ്പററിയും അതിൻെറ പ്രവർത്തനങ്ങളെപ്പററിയും ചില സംഗതികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. മുൻസിഫ് കോടതികളെപ്പററി പറയുമ്പോൾ ഏററവും പ്രധാനമായി എൻെറ മനസ്സിൽ കുരിക്കുന്നതു് മുൻസിഫ കോടതികളിലെ വാറണ്ട് ശിപായി

[Mr. A. V. Joseph.]

മാരെപ്പററിയാണ്. ഈ ശിപായിമാരെ ഏതെങ്കിലും സമൻസുനടത്തുവാൻ ഏർപ്പെടുത്തി എന്നിരിക്കട്ടെ. എട്ടോ പത്തോ മൈൽ നടന്നു അവർ ആ സമൻസുകൊടുക്കേണ്ട ആളിൻെറ വീട്ടിൽ എത്തുന്ന സന്ദർഭമാണ് എനിക്കു പ്രത്യേകം ഓർമ്മ വരുന്നതു്. ശിപായിമാർക്കു സമൻസു കൊണ്ടു പോകുന്നതിനു കൂലിയൊന്നുമില്ല. ആഹാരം കഴിക്കാൻപോലും അവർക്കു നിവൃത്തിയില്ല. ഇങ്ങനെ നടന്നുവലഞ്ഞുചെല്ലുന്ന സമൻസ് ശിപായിക്ക് ആഹാരംകൊടുത്തു് ഒരു നാഴി അരിയോ ഇല്ലെങ്കിൽ കുറഞ്ഞതു് ഒന്നോരണ്ടോ രൂപയെങ്കിലും കൊടുക്കണം. പിന്നെ സൗകര്യമുണ്ടെങ്കിൽ വല്ല മത്തങ്ങായോ വഴുതലങ്ങായോ വല്ലതുംകൂടെകൊടുത്തു് തൃപ്തിപ്പെടുത്തിയാൽ ആ പാവപ്പെട്ട ശിപായിയെക്കൊണ്ടു് വേണ്ടതു ചെയ്യിക്കാൻ കഴിയുന്ന ഒരു പരിതാപകരമായ അവസ്ഥയാണ് ഇന്നുള്ളതു്. ഈ ദുസ്ഥിതി ഉടനെ അവസാനിപ്പിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. അവരുടെ അഴിമതികളേയും കൈക്കൂലിയേയും പററി പറയുമ്പോൾ അവർക്കു കൊടുക്കുന്ന പരിതാപകരമായ ശമ്പളത്തെപ്പററിയും നമുക്കു് സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഭാര്യയും അതിനെ തുടർന്നു പത്തോ പതിനേട്ടോ കുഞ്ഞുങ്ങളുമായി കഴിയുന്ന ഒരു ശിപായിക്കു് ഇന്നു കിട്ടുന്ന കേവലം നിസ്സാരമായ ശമ്പളംകൊണ്ടു് ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഈ ശിപായിമാരുടെ അഴിമതിയേയും കൈക്കൂലിയേയും നിറുത്തണമെന്നു നാം ആഗ്രഹിക്കുമ്പോൾ അവർക്കു ജീവിക്കുവാൻ തക്കവണ്ണം ശമ്പളത്തിൽ ഒരു വ്യത്യാസം വരുത്തേണ്ടതിനെക്കുറിച്ചുകൂടി ചിന്തിക്കുവാൻ നമുക്കു് ഒരു കടമയുണ്ടു്. അവർക്കു് ശമ്പളം കൂട്ടിക്കൊടുക്കാതെ അവരുടെ അഴിമതികളും കൈക്കൂലിയും നിറുത്തുവാൻ സാധിക്കുകയില്ലെന്നു വിശ്വസിക്കുന്ന ഒരുവനാണ് ഞാൻ.

MR. MANNAR K. GOPALAN NAIR: കൈക്കൂലി വാങ്ങിക്കുന്നതായി മെമ്പർക്കു നേരിട്ടറിവുണ്ടോ ?

MR. A. V. JOSEPH : അറിവില്ലെങ്കിൽ ഞാനതു് ഇവിടെ പരസ്യമായി പറയുകയില്ലല്ലോ. അതിനും പുറമേ ഈ മുൻസിഫ് കോടതികളിലും മററും ചെന്നാൽ ന്യായമായ നീതിലഭിക്കുവാൻ വളരെ പ്രയാസമായിട്ടാണിരിക്കുന്നതു്. എൻെറ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ മുൻസിഫ്കോടതികളിലും മജിസ്ട്രേട്ടുകോടതികളിലും മതിലിനുപോലും കൈക്കൂലികൊടുക്കാതെ ന്യായമായി ഒരു കാര്യവും സാധിക്കുകയില്ല. ഇപ്രകാരം

അതിക്രമവും അനീതിയും ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെമേൽ കർശനമായ നടപടികൾ എടുക്കുന്നതിനു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നു അറിയുന്നതു് ചാരിതാർത്ഥ്യജനകംതന്നെ. അതോടൊപ്പം കോടതികളിലെ കീഴ്ജീവനക്കാരുടെ ശമ്പളത്തെപ്പററിയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകൾ ചിന്തിച്ചാൽ മാത്രമേ ഇവിടത്തെ മുൻസിഫ് കോടതികളിലും മജിസ്ട്രേട്ടുകോടതികളിലും നടക്കുന്നതായ അഴിമതികളേയും കൈക്കൂലിയേയും പരിഹരിക്കുവാൻ സാധിക്കുകയുള്ളുവെന്നു് അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. K. A. MATHEW : സർ ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും അഭിഭാഷകരാണു. എന്നാൽ എനിക്കു് കോടതികളുമായി യാതൊരു ബന്ധവും ഇതുവരെ ഉണ്ടായിട്ടില്ല. വാദിയായിട്ടോ പ്രതിയായിട്ടോ സാക്ഷിയായിട്ടോ ഞാൻ കോടതിയിൽ പോയിട്ടുമില്ല. എന്നാൽ ഇവിടത്തെ സാധാരണക്കാരനു തിരുവിതാംകൂർ നീതിന്യായക്കോടതികളെപ്പററിയുള്ള അഭിപ്രായമെന്താണെന്നു അറിവാൻ എനിക്കു ഇടയായിട്ടുണ്ടു്. ഇവിടത്തെ ജൂഡിഷ്യറി വളരെ അധഃപതിച്ചുപോയിട്ടുണ്ടെന്നു് പരക്കെ ബോധമുണ്ടു്. ഇന്നു തിരുവിതാംകൂറിൽ സാധാരണക്കാരനു നീതി ലഭിക്കുവാൻ വളരെ പ്രയാസമാണു്. ഒരു കേസുണ്ടെങ്കിൽ കച്ചേരികളിൽ പലരെയും പ്രീണിപ്പിച്ചു് വളരെ ധനവും സമയവും നഷ്ടപ്പെടുത്തി കാര്യങ്ങൾ നടത്തേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. ഇവിടത്തെ ഹൈക്കോടതിയെപ്പററിയും മററു കോടതികളെപ്പററിയുമുള്ള ബഹുമാനം വളരെ കുറഞ്ഞുപോയിട്ടുണ്ടു്. അതിനുള്ള പ്രധാന കാരണം നീതിനിഷ്ഠയുള്ളവരും സത്യസന്ധന്മാരും ശേഷിയുള്ളവരുമായ ആളുകളെ ന്യായാധിപന്മാരായി നിയമിക്കാഞ്ഞതാണു്. ഇവിടത്തെ ഹൈക്കോടതിയെപ്പററി ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കയാണു. സർ, ഇവിടെ ഇപ്പോൾ ചീഫ്ജസ്റ്റീസ് ആയിരിക്കുന്ന മഹാൻ തിരുവിതാംകൂർ നാഷണൽ ആൻറ് ക്വയിലോൺ ബാങ്കിൻെറ ഒഫിഷ്യൽ ലിക്വിഡേററരുടെ ചീഫ് ലീഗൽ അഡ്വൈസറായിരുന്ന സമയം മിസ്സസ് സ്വാമിനാഥനിൽ നിന്നും എഴുതിപ്പിടിച്ച ഒരു വസ്തുവിൻെറ ആധാരത്തിൻെറ പകർപ്പാണു് എൻെറ കൈവശം ഇരിക്കുന്നതു. ഇരുനൂററിച്ചില്വാനം ഏക്കർ സ്ഥലം കേവലം ൫൩൦൦ രൂപയ്ക്കു് കോർട്ടിൽ നിന്നും പ്രൈവററായി വില്ക്കുന്നതിനു് ഒഫിഷ്യൽ ലിക്വിഡേററരോടു് ആവശ്യപ്പെടുകയാണു് ചെയ്തതു്. ലീഗൽ അഡ്വൈസറായിരുന്ന അദ്ദേഹം ആ കോടതിയെ സ്വാധീനപ്പെടുത്തിയാണു് ഇതു സാധിച്ചതു്.

[Mr. K. A. Mathew.]

എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇതു് professional misconduct ആണോ എന്നുള്ളതിന് എനിക്ക് സംശയമില്ല. Shame, shame എന്നേ പറയേണ്ടു. ഇന്ന് ഇവിടത്തെ ചീഫ് ജസ്റ്റീസ് ആണ്. ഇങ്ങനെയുള്ള നിയമനങ്ങളാണ് തിരുവിതാംകൂർ ജുഡിഷ്യറിയെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നതെന്ന വേദനാജനകമായ പരമാർത്ഥം പറയാതെ നിവൃത്തിയില്ല.

MR. K. R. ELANKATH : അദ്ദേഹത്തിനെ ചീഫ് ജസ്റ്റീസ് ആയി നിയമിച്ചതിനുശേഷമല്ലേ ഈ ഇടപാടിനെപ്പററി അദ്ദേഹം കഴിഞ്ഞിട്ടുള്ളതു്?

MR. K. A. MATHEW: അതെനിക്കറിഞ്ഞുകൂടാ; എങ്കിലും ഒരു ജഡ്ജിയെ നിയമിക്കുമ്പോൾ അദ്ദേഹത്തിൻെറ പൂർവകാല ചരിത്രവും കൂടെ നോക്കേണ്ടതാണല്ലോ. കഴിഞ്ഞ നിയമസഭയിൽ ഞാൻ അംഗമായിരുന്നപ്പോൾ ആലപ്പുഴയിലെ ഒരു കൈക്കൂലിക്കാരനായ ജഡ്ജിയെപ്പററി ഞാൻ സഭയിൽ പ്രസ്താവിക്കുകയും അദ്ദേഹത്തിൻെറ പേരിൽ അനേക പരാതികൾ കിട്ടിയിട്ടുണ്ടെന്ന അന്നത്തെ ദിവാൻ സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതുവരെ അദ്ദേഹത്തിൻെറ പേരിൽ യാതൊരു നടപടിയും നടത്തിയിട്ടില്ല. കോടതികളിൽ നിന്നു നീതിലഭിക്കുമെന്ന ഒരു ബോധ്യം ജനങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ടു തിരുവിതാംകൂർ ജുഡിഷ്യറിയിലെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ അവര ഉത്തമന്മാരും സ്വഭാവശുദ്ധിയുള്ളവരുമായിരിക്കാൻ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനങ്ങൾക്കു നീതി ലഭിക്കണമെങ്കിൽ സത്യസന്ധതയുള്ള ആളുകളെ നിയമിക്കേണ്ടതു വളരെ അത്യാവശ്യമാണ്. സാമർത്ഥ്യമുള്ള ന്യായാധിപന്മാരെ ലഭിച്ചില്ലെങ്കിലും സ്വഭാവശുദ്ധിയും സത്യസന്ധതയുമുള്ള ആളുകളെ നിയമിക്കുവാൻ തിരുവിതാംകൂർ ഗവണ്മെൻറു ശ്രമിക്കുമെങ്കിൽ തിരുവിതാംകൂർ ജുഡിഷ്യറിയുടെ നഷ്ടപ്പെട്ട പ്രശസ്തി വീണ്ടും കിട്ടുകതന്നെ ചെയ്യും. ഗവണ്മെൻറു ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, കോടതികളിൽ കേസുകൾ തീർച്ചചെയ്യുന്നതിൽ നേരിടുന്ന താമസം അക്ഷന്തവ്യമാണ്. Justice delayed is Justice denied എന്ന തത്വം നമ്മുടെ നീതിന്യായകോടതികൾ സ്മരിക്കുമെങ്കിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരമായിരിക്കും. ഇരുപതും ഇരുപത്തഞ്ചും വർഷങ്ങളായിട്ടും വിധിപ്രസ്താവിക്കാത്ത കേസ്സുകൾ ഉണ്ടെന്നു കേട്ടിട്ടുണ്ട്. ഇതു അന്യായമാണ്. ഇതിനെ തടയുന്നതിനു ഗവണ്മെൻറ് വേണ്ട നടപടികൾ സത്വരം കൈക്കൊള്ളുമെന്ന് ആശിക്കുന്നു.

MR. PONNARA G. SREEDHAR : സർ, ജുഡിഷ്യറിയെപ്പററി പ്രധാനമായി എനിക്കു പറയാനുള്ള കാര്യങ്ങൾ [illegible] പറഞ്ഞു കഴിഞ്ഞ [illegible] അതിനെക്കുറിച്ചു കൂടുതലായൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ പ്രാദേശികമായ ഒരു കാര്യം ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. നെടുമങ്ങാട്ടു താലൂക്കിൽ ഇപ്പോൾ ഒരു രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുണ്ട്. [illegible] മുൻപു അവിടെ ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയുണ്ടായിരുന്നു. ആ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി നിർത്തലാക്കിയിട്ടു കേസുകൾ ഇപ്പോൾ രണ്ടു [illegible] ആയി ഭാഗിച്ചിരിക്കുന്നു. അതായതു ആററിങ്ങലും തിരുവനന്തപുരത്തുമായി ഭാഗിച്ചിരിക്കുന്നു. ഇങ്ങനെ മാറിയിട്ടു ഏതാണ്ടു ആറുവർഷത്തോളമായി. ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ കൊടുക്കേണ്ടതായ ഒരു കേസ്സു നെടുമങ്ങാട്ടു താലൂക്കുകാർക്ക് ഉണ്ടെങ്കിൽ അവർ ആററിങ്ങലോ തിരുവനന്തപുരത്തോ പോകേണ്ടിയിരിക്കുന്നു. തിരുവനന്തപുരത്തെ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിനാണെങ്കിൽ ജോലികൾ പലതുണ്ട്. ഡിവിഷൻപേഷ്കാർ [illegible] ജോലികൾ നിർവഹിക്കേണ്ടതും അദ്ദേഹം തന്നെ. അപ്പീൽ [illegible] കേൾക്കുകയും വേണം. ഇതു കൂടാതെ മററു പല ജോലികളും ഉണ്ട്. അതിനാൽ ഇവിടത്തെ മജിസ്ട്രേട്ടുകോടതിയിൽ പോകുന്ന [illegible] ഷുള്ളവർക്ക് മിക്കവാറും കേസു മാററി [illegible] കൊണ്ടും കക്ഷികൾക്ക് നിത്യം പോയി [illegible] ഒരു ജോലിയുമില്ലാതെ കേസ് നടത്തുക എന്ന ജോലി ഇല്ലാത്ത കക്ഷികളെ സംബന്ധിച്ചിടത്തോളം കേസുകൾ നടത്തിക്കൊണ്ടു [illegible] വിഷമങ്ങളുണ്ടാകുന്നു. ഇങ്ങനെയുള്ള വിഷമങ്ങൾ പലതും കക്ഷികൾക്കുണ്ടാകുന്നതു ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതിനു പല നിവേദനങ്ങളും നടത്തിയിട്ടുണ്ട്, ഇതുവരെ ഏകദേശം നാലഞ്ചുകൊല്ലങ്ങൾക്കുമുമ്പ് ഒരു മെമ്മോറിയൽ അവിടെ നിന്നു അയച്ചിരുന്നു. എന്നാൽ അതിന്മേൽ യാതൊരു നടപടിയും നടന്നിട്ടുള്ളതായി അറിവില്ല. [illegible] നെടുമങ്ങാട്ടുതാലൂക്കിൽ ഒരു ഒന്നാംക്ലാസ്സ്മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ടതു അവിടത്തെ നാട്ടുകാരുടെ അത്യാവശ്യമായി ഗവൺമെൻറു കരുതുമെന്നു വിശ്വസിക്കുന്നു.

പൊതുവേ കോടതികളിലുള്ള കൈക്കൂലിയെപ്പററി ഇവിടെ പലതും പറഞ്ഞു. മിസ്റ്റർ കെ. എം. മാത്യു പറഞ്ഞ ഒരു പ്രമാണത്തിൻെറ സംഗതി എനിക്കും അറിയാനിടയായിട്ടുണ്ട്. അതിൻെറ പകർപ്പു

[Mr. Ponnara G. Sreedhar]

എനിക്കും കിട്ടിയിട്ടുണ്ട്. അങ്ങനെ ഒരു പ്രമാണം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആ മനുഷ്യനെ നാട്ടുകടത്തുകയാണ് വേണ്ടതു്. അയാൾക്ക് ഒരു ഉദ്യോഗവും കൊടുക്കരുതു്. അതേമാതിരിയുള്ള ആളുകൾ മററു പല സ്ഥലങ്ങളിലും ഉണ്ട്. തിരുവനന്തപുരത്തു തന്നെ ഒന്നു രണ്ടു മുൻസിപ്പന്മാരുണ്ട്. അവിടെയും ഇവിടെയും ഒക്കെ നിന്നു വന്നിട്ടുള്ളവരാണ്. അവരുടെ പേരു അറിയാം. വേണമെങ്കിൽ പറയുകയും ചെയ്യാം. സാധാരണയായിട്ട് മുൻസിപ്പന്മാർ ജോലിചെയ്യുവാൻ മടിയുള്ളവരാണ്. ജോലിചെയ്യുവാൻ മടിയുള്ളവർ ഓരോ കേസ്സിന്റെ അവസാനത്തും അവരുടെ ജോലികൾ തീർക്കുന്ന രീതി ഒന്നന്വേഷിക്കുന്നതു് രസകരമായിരിക്കും. തിരുവിതാംകൂറിലെ സിവിൽകോടതികളിലും മജിസ്ട്രേട്ടുകോടതികളിലും കേസു കൊടുത്താൽ ഒരു തലമുറ കഴിഞ്ഞാലും ആ കേസുകൾ തീരുകയില്ല. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ ആണെങ്കിൽ ഒരു മജിസ്ട്രേട്ടുകോടതിയിൽ ഒരു കേസുകൊടുത്താൽ മൂന്നു മാസത്തിനകം ആ കേസ് അവസാനിക്കും. ഇവിടെ അങ്ങനെയല്ല. വർഷങ്ങൾ പലതു കഴിയും. അതിനു് ഇവിടത്തെ വക്കീലന്മാരെ കക്ഷികൾ കുററപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇനി ഒരു കാര്യം കൂടി പറയാം ഈ കേസ്സുകൾ നീണ്ടുപോകുന്നതിൽ കക്ഷികൾക്കും കുറച്ച് ഉത്തരവാദിത്വം ഉണ്ടെന്നു സമ്മതിക്കുന്നു. കേസ്സുകൾ നീണ്ടുപോകാതിരിക്കുന്നതിനു കർശനമായ ഓർഡർ ഗവണ്മെന്റിൽ നിന്നും ഉണ്ടായാൽ ഇതിനു പരിഹാരം ഉണ്ടാകുന്നതാണ്.

മജിസ്ട്രേട്ടുകോടതികളിൽ ഗവണ്മെന്റു ഭാഗത്തു നിന്നും ഉണ്ടാകുന്ന കേസ്സുകൾക്ക്-പ്രാസിക്യൂഷൻ കേസുകൾക്ക് പ്രാസിക്യൂട്ടുചെയ്യുന്ന ഉദ്യോഗസ്ഥന്മാർ തന്നെ സാക്ഷികളെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷിൻഡ്യയിൽ ആണെങ്കിൽ ഒരു കൊലപാതകകേസ്സുതന്നെ ഉണ്ടായാലും പ്രാസിക്യൂഷൻ ഭാഗത്തേക്ക് "ഞാൻ ഞാൻ" എന്നു പറഞ്ഞു സാക്ഷികൾ മുന്നോട്ടു വരുന്നതു കാണാം. ഇവിടെ നേരെ മറിച്ചും. ഇതിനു കാരണമെന്തെന്നു് അന്വേഷിക്കേണ്ടതാണ്. ഈ നാട്ടിൽ പ്രാസിക്യൂഷൻ സാക്ഷികൾക്ക് പടി നൽകുന്ന പതിവില്ല. സാക്ഷിമൊഴി കൊടുക്കുന്നതിനു വന്നു പത്തുപതിനഞ്ചു ദിവസം നടക്കണം. അതിനാൽ സാക്ഷികളെ കിട്ടാൻ വിഷമമാണ് സെഷൻസ് കേസ്സാണെങ്കിൽ അതാതതിർത്തിയിലെ ഹെഡ്കാൺസ്റ്റബിൾമാർ ഈ സാക്ഷികളെ ശേഖരിച്ച് കാലേക്കൂട്ടി കച്ചേരിക്കു സമീപം എവിടെയെങ്കിലും സൂക്ഷിക്കുന്നതിന് കൊണ്ടുപോകുന്നതു കാണാം. തഹശീൽദാരും മജിസ്ട്രേട്ടും ഒരാളായിരിക്കുന്ന സ്ഥലത്തു കേസുകൾ

തീരുന്നതിന് വളരെ കാലതാമസം നേരിടുന്നു. ജുഡിഷ്യറിയും എക്സിക്യൂട്ടീവും വേർതിരിക്കുകതന്നെ വേണം. (ബെൽ)

MR. K. RAMA KRISHNA PILLAI : സർ, ഇന്നത്തെ ജനകീയ മന്ത്രിസഭക്കു ചെയ്തു തീർക്കേണ്ടതായ പല കർത്തവ്യങ്ങളുമുണ്ട്. അതിൽ ഏററവും പ്രധാനമായ ചുമതലയാണ് ഇതിനകം അപ്രശസ്തമായിത്തീർന്നിരിക്കുന്ന ജുഡിഷ്യൽ വകുപ്പിന്റെ പാരമ്പര്യം പുനഃസ്ഥാപിക്കുക എന്നതു്. കഴിഞ്ഞ ദശവർഷക്കാലത്തെ അവസ്ഥ സ്മരിക്കാതിരിക്കുകയാണു ഭേദം. ജുഗുപ്സാവഹമായ ഒരു കാലഘട്ടം ആയിരുന്നു അതു്. ഇന്നു് വളരെ ശാന്തമായ അവസ്ഥയാണ് തിരുവിതാംകൂറിന്റെ ഭരണഭാരം വഹിക്കുന്നതു് എന്നു് എല്ലാവർക്കും അടിയുറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് പാരമ്പര്യ പുനഃസ്ഥാപനത്തിനു വേണ്ടി നിഷ്കർഷിക്കുന്ന എല്ലാ കാര്യങ്ങളിലും പരിപൂർണ്ണമായി യോജിക്കുന്നു. ഒരു കേസിന്റെ തീരുമാനത്തിനെടുക്കുന്ന കാലതാമസം കുറയ്ക്കുവാൻ സത്വരമായ ശ്രദ്ധ മന്ത്രിസഭ കൈക്കൊള്ളേണ്ടതാണ്.

അതുപോലെ തന്നെ ഇതുവരെ ബഹുമാന്യ സ്നേഹിതന്മാർ സ്പർശിച്ചിട്ടില്ലാത്ത ഒരു കാര്യം ഉന്നയിക്കട്ടെ, ഇവിടെ കൈക്കൂലിയുടെ കാര്യം പറഞ്ഞു. നിശ്ശബ്ദമായി വേദന അനുഭവിക്കുന്ന രണ്ടു വിഭാഗക്കാർ ഇവിടെ ഉണ്ട്. ഒന്നു വാറണ്ടു ശിപായിമാർ ഉൾപ്പെടെയുള്ള ശിപായിമാർ, രണ്ടാമത്തേതു മുൻസിഫന്മാർ ജഡ്ജിമാർ ഇവരുടെ കാവൽക്കാരായ ശിപായിമാർ. ഈ രണ്ടാമതു പറഞ്ഞ തരക്കാരുടെ കാര്യമാണെങ്കിൽ ഇവരുടെ ഏററവും ചുരുങ്ങിയ ശമ്പളമോ പോകട്ടെ. അവരുടെ അഭിമാനം പുലർത്താൻ പോലും അവർക്കു സാധിക്കുകയില്ല. ഒരു ശിപായി എന്തെല്ലാമാണു ചെയ്യേണ്ടതെന്നു മനസ്സിലാക്കണം. ഒരു പ്യൂൺ ഈയിടെ പറയുകയുണ്ടായി, "എല്ലാ ജോലികളും ചെയ്യണം. ഞങ്ങളുടെ ജഡ്ജിസ്വാമിയുടെ മെത്ത ദിവസവും രാത്രി എടുത്തു വിരിക്കുകയും അതു പിറേറദിവസം രാവിലെ മടക്കുകയും ചെയ്യുന്ന കാര്യമാണ് ഏററവും കഷ്ടമായിട്ടുള്ളതു്" എന്നു ഇതുപോലെ പല വീട്ടുവേലകളും അവൻ ചെയ്യണം. വീട്ടുപണി ചെയ്യുന്നതിനു് അവരെ ഉപയോഗപ്പെടുത്തുന്നതു് കഷ്ടതരമാണ്. ഈ അവസ്ഥയ്ക്കു് നിശ്ചയമായും ഒരു പരിഹാരം ഉണ്ടാക്കണം.

ഇനി ഒരു കാര്യം പറയേണ്ടതു് 'കേസുകൾ തീരുമാനിക്കുന്നതിനുള്ള കാലതാമസത്തെപ്പററിയാണ്. മജിസ്ട്രേട്ടിന്റെ വാറണ്ടനുസരിച്ചു പോലീസ് അറസ്റ്റു ചെയ്തു ലോക്കപ്പിൽ വയ്ക്കുന്ന അണ്ടർട്രയൽ പ്രിസ

[Mr. K. Ramakrishna Pillai]

നേഴ്സ് ഉണ്ട്. ഇവർ എത്ര കാലമായി ലോക്കപ്പിൽ കഴിയുന്നു! മുപ്പതും നാല്പതും, അമ്പതും അറുപതും [illegible] സ്ഥാ യവും സാക്ഷ്യവും ഇല്ലാതെ [illegible] കഴിച്ചുകൂട്ടുന്നു. അങ്ങനെ [illegible] ഈ രണ്ടു [illegible] ബഹുമാനപ്പെട്ട [illegible] ശ്രദ്ധ [illegible] വിചാരിക്കുന്നു.

ഇനി ഒന്നു പറയാനുള്ളത് കോടതി[illegible] കഴിയുന്നതും ഒരു വലുപ്പമേറിയ [illegible] എന്നുള്ള താണു. [illegible] ഒരു [illegible] മജിസ്ട്രേട്ട് കോടതികൾ ചെറുപ്പമാണെന്ന് സ്ഥാപിച്ചിരിക്കുന്നു. [illegible] ജനങ്ങൾക്കു [illegible] ബുദ്ധിമുട്ടിനിടയാക്കുന്നതിനാൽ [illegible] വലുപ്പത്തിൽ കൊണ്ടുവരണമെന്നു [illegible] നന്നായിരിക്കും. (ബെൽ)

(At 3-35 P. M. The President occupied the chair again)

MR. K. A. GANGADHARA MENON (*Nedumangad I—General*): സർ, നിയമവകുപ്പിനെ സംബന്ധിച്ച് [illegible] പറ ഞ്ഞാൽ [illegible]മാണ്. എനിക്ക് [illegible] സമയത്തിനുള്ളിൽ അതെല്ലാം പറയാൻ സാദ്ധ്യമല്ല. [illegible] സ്നേഹിതൻ മിസ്റ്റർ [illegible] ഈ വകുപ്പിനെ പററി [illegible]തെല്ലാം വാസ്തവമാണ് നിയമവകുപ്പിലെ റിക്രൂട്ട്മെന്റിൽ [illegible] കൊല്ലമായി [illegible]ണാണ് ഈ വകുപ്പിൽ [illegible] പലതും [illegible]യിട്ടുണ്ട്. [illegible] മുൻസിഫ് [illegible] റിക്രൂട്ട് ചെയ്യുന്ന കാര്യത്തിൽ [illegible] സംബന്ധി ച്ചിടത്തോളംവരെ ഹൈക്കോടതിക്ക് അധികാരം ഉണ്ട്. പത്തു പതിനഞ്ചു കൊല്ലമായി ഇവിടെ നടന്ന നിയമനങ്ങൾ ഈ രാജ്യത്തെ ജുഡീഷ്യറിയുടെ [illegible] ചെയ്തുവെന്ന [illegible] അതിനെ പ്പററി [illegible] തരമില്ല. [illegible] അധികം നിയമപാ ണ്ഡിത്യം [illegible] സത്യസന്ധതയും കാര്യക്ഷമതയോടെ ജോലി ചെയ്യുന്നവരുമായ വക്കീലന്മാർ ഈ [illegible]ത്ത് ധാരാളമുണ്ട്. അവരെ മുൻസിഫുമാരും ജഡ്ജിമാരുമായി റിക്രൂട്ട് ചെയ്യുന്നതിന് [illegible]മില്ല. എന്നാൽ [illegible] പ്രാപ്തിയും സത്യസന്ധതയും [illegible]ത്തവരുള്ള നിയമനം മൂലം ജുഡീഷ്യറി [illegible]ട്ടുണ്ട് എന്നു പറയുന്നതിൽ സംശയമില്ല. കൂടാതെ ഇവിടെ നിലവിലിരുന്ന ഗവണ്മെന്റു ചെയ്ത

വന്നിരുന്ന പ്ലീഡർമാരുടെ ഫലമായും കാര്യശേഷിയും സത്യസന്ധതയും കൃത്യനിഷ്ഠയും ഇല്ലാത്ത ആളുകൾ ജുഡിഷ്യറിയിൽ പ്രവേശിക്കുന്നതിന്ന് ഇടയായിട്ടുണ്ട്. ഇവരെല്ലാം ഇപ്പോഴും സർവീസിലുണ്ട്. അവരെ ഉടൻ തന്നെ പിരിച്ചയക്കാൻ എളുപ്പമല്ലെന്നെനിക്കറിയാം. എങ്കിലും ജുഡിഷ്യറിയുടെ ഗുണത്തിന്നായി, ഈ രാജ്യത്തിലെ നീതിഭരണത്തിന്റെ അത്യന്താപേക്ഷിതമായ നിലനില്പിനെ കരുതി ജുഡിഷ്യറിയിൽ നിന്നു അവരെ മറ്റേതെങ്കിലും വകുപ്പുകളിലേക്ക് മാറ്റുന്നതു നന്നായിരിക്കും.

റിക്രൂട്ട്മെന്റിനെപ്പററി പറഞ്ഞപ്പോൾ പ്രമോഷനെപ്പററിയും ചിലതു പറയാനുണ്ട്. മുനിസിപ്പന്മാരെ ജഡ്ജിമാരാക്കുന്നതു് അവരുടെ സീനിയോറിറ്റിയെ പരിഗണിച്ചാണ്. ഹൈക്കോടതിയിലേക്കു് നിയമിക്കുന്നതും ജഡ്ജിമാരുടെ സീനിയോറിറ്റിയെ ലക്ഷ്യമാക്കിയാണ്. മററു വകുപ്പുകളെ അപേക്ഷിച്ച് ജുഡിഷ്യറിയിൽ മുനിസിപ്പന്മാരുടെയും ജഡ്ജിമാരുടെയും കാര്യശേഷി, അവർ വിധിച്ചിട്ടുള്ള കേസുകളുടെ കണക്കുനോക്കിയും അതിൽ എത്ര കേസുകൾ ന്യായമായി വിധിച്ചിട്ടുണ്ട് എന്നു നോക്കിയും എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതാണ്. പല മുൻസിപ്പന്മാരും ജഡ്ജിമാരും കാര്യശേഷിയോടും സത്യസന്ധതയോടും കൃത്യനിഷ്ഠയോടും ജോലി ചെയ്താലും സീനിയോറിറ്റിയുടെ പേരിൽ അവർക്കു അവർ അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല. അതിനാൽ ശരിയായി ജോലി ചെയ്യുവാനുള്ള ഉത്സാഹം അവർക്ക് ഉണ്ടാകാതെ പോകുന്നു. സീനിയോറിറ്റിയുടെ കാര്യം പറഞ്ഞു് കാര്യശേഷി കുറഞ്ഞവർ ഉയർന്ന സ്ഥാനങ്ങളിലേക്കു പോകുകയും അതിനാൽ ഉയർന്ന സ്ഥാനത്തിൽ ഇരിക്കുന്ന ഈ ജഡ്ജിമാർ കാര്യശേഷി കുറഞ്ഞവരായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ടു് മുനിസിപ്പന്മാരെ ജഡ്ജിമാരാക്കുന്നതു എഫിഷ്യൻസിയേയും സത്യസന്ധതയേയും നോക്കാതെ സീനിയോറിറ്റി മാത്രം നോക്കിയായിരിക്കാൻ പാടില്ല. സീനിയോറിറ്റി മാത്രം പരിഗണിച്ചു് ഉദ്യോഗസ്ഥന്മാരെ പ്രമോട്ടു ചെയ്യുമ്പോൾ മുൻപറഞ്ഞവർ നിരാശരാകുകയാണു ചെയ്യുന്നതു്. അതിനാൽ അങ്ങനെ പ്രമോട്ടു ചെയ്യാൻ പാടില്ല എന്നാണു് എന്റെ അഭിപ്രായം.

സർ, ഹൈക്കോടതിയിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഹൈക്കോടതിയിലേക്കു് നല്ല കാര്യശേഷിയും, കൃത്യനിഷ്ഠയും സത്യസന്ധതയും, ഉള്ള ആളുകളെ നിയമിച്ചു ജുഡിഷ്യറിയുടെ പാരമ്പര്യത്തെ നിലനിറുത്തേണ്ടതു അത്യന്താപേക്ഷിതമാണെന്നു ഞാൻ

[Mr. K. A. Gangadhara Menon]

ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. കോടതികളിലെ താഴ്ന്ന തരം ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതു കാര്യക്ഷമതയ്ക്കും അഴിമതികൾ കുറയുന്നതിനും അത്യാവശ്യമാണ്. കോടതികളിൽ കൈക്കൂലികൊണ്ടു ഒരു നിർവാഹവുമില്ലെന്നു പരക്കെ സമ്മതമുള്ള ഒരു പരമാർത്ഥമാണ്. അതിനെ നിവാരണം ചെയ്യുന്നതിൽ ഗവൺമെൻറ് ശ്രദ്ധിക്കേണ്ടതാകുന്നു. അവർ തങ്ങളുടെ ജോലി കൂടുതൽ കൊണ്ടു വല്ല പ്രലോഭനങ്ങൾക്കും വിധേയരായാൽ തന്നെയും ഇന്നത്തെ ശമ്പളത്തോതിൽ അതിനവരെ കുററപ്പെടുത്താൻ നിവൃത്തിയില്ല. കാരണം ഭക്ഷണസാധനങ്ങൾക്കെന്നല്ല; മററു സാധനസാമഗ്രികൾക്കും അമിതമായി വില വർദ്ധിച്ചിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ അൽപ്പശമ്പളക്കാരുടെ കായികശക്തി അവർ നിർവഹിക്കുന്നതിനുള്ള ജോലിക്കൂടുതൽ നിമിത്തം ക്രമേണ ക്ഷയിച്ചുപോകുന്നതും തന്നിമിത്തം അൽപസ്വല്പം കൈക്കൂലികൾ അവർ വഴിപ്പെട്ടുപോകുന്നതും ആകുന്നു. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരു പ്രോസസ് പ്യൂണിന്റെ ശമ്പളം വളരെ തുച്ഛമാണ്. ചിലപ്പോൾ അഞ്ചാറും, എട്ടും പത്തും മൈൽ സഞ്ചരിച്ചു തിരികെ വരേണ്ടിയിരിക്കുന്നു. അപ്പോൾ ഒരു ദിവസത്തെ അയാളുടെ ചിലവു ഒരു ദിവസത്തെ ശമ്പളത്തെക്കാൾ രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആയിപ്പോകുമെന്നുള്ളതു നമുക്കെല്ലാം പേർക്കും ഊഹിച്ചാൽ മനസ്സിലാകുന്നതാണ്. അങ്ങനെയിരിക്കെ ചെറിയതരം ശമ്പളക്കാർ എങ്ങനെ കൈക്കൂലി വാങ്ങിക്കാതിരിക്കുമെന്നു ഞാൻ ചോദിക്കുന്നു. എങ്കിലും കൈക്കൂലി നിറുത്തേണ്ടതു എല്ലാ ഡിപ്പാർട്ടുമെൻറിലും അത്യാവശ്യമായ ഒരു കാര്യമായതുകൊണ്ടു ചെറുതരം ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുക തന്നെ വേണം.

അടുത്തതായി ഒന്നു പറയുവാനുള്ളതു പുത്തനായി നിയമിക്കുന്ന മജിസ്ട്രേട്ടന്മാരേയും മുൻസിഫന്മാരേയും സംബന്ധിച്ചാണു. കോടതി നടപടി നിശ്ചയമില്ലാത്തവരെ പലപ്പോഴും നിയമിക്കുന്നു. ഡിപ്പാർട്ടുമെൻറിൽ നിന്നും അല്ലാതേയും ഇതിനുമുമ്പു ഇങ്ങനെയുള്ള പല നിയമനങ്ങളും നടത്തിയിട്ടുണ്ടു്. തന്മൂലം പല കുഴപ്പങ്ങളും വന്നിട്ടുണ്ടു. കക്ഷികൾക്കു കേസുകളിൽ ന്യായം കിട്ടാതെയും വന്നു പോയിട്ടുണ്ട്. മേലാലെങ്കിലും ഇങ്ങനെയുള്ള നിയമനങ്ങൾ നടത്തുമ്പോൾ കോടതി സംബന്ധിച്ചുള്ള നടപടി പരിജ്ഞാനമുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നു് നിഷ്കർഷിക്കണമെന്നു ഞാൻ ഗവൺമെൻറിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

ഇനി ഒന്നു പറയുവാനുള്ളതു് വിസ്താരത്തിൽ ഇരിക്കുന്ന തടവുകാരെപ്പറ്റിയാണ്. ഇവരെ അണ്ടർട്രയലിന്റെ പേരിൽ നാലും അഞ്ചും വർഷങ്ങൾ ലാക്കപ്പുകളിൽ അടച്ചിട്ട് അവരുടെ ആരോഗ്യം ക്ഷയിപ്പിക്കുകയും ഒടുവിൽ മിക്കവാറും നിരപരാധികളാണെന്നു പറഞ്ഞു വിടുകയുമാണ് ചെയ്യുന്നതു്. ഒരുത്തനെ കുററക്കാരനാണെന്നു സംശയിച്ചോ, അല്ലെങ്കിൽ വിചാരിച്ചോ അവനെ അറസ്റ്റ് ചെയ്തു് ലാക്കപ്പിൽ നാലും അഞ്ചും വർഷം ഇട്ടു കഷ്ടപ്പെടുത്തുന്നതു് എത്ര പരിതാപകരമായ ഒരു അവസ്ഥയാണ്. സർ, നമ്മുടെ ലാക്കപ്പിന്റെ സ്ഥിതി പറയുകയാണെങ്കിൽ മോശവും മലിനവുമായ മുറിയുട്ടറയാണ് അതു്. യാതൊരു പരിഷ്കൃത ഗവൺമെൻറിനും അഭിമാനിക്കാൻ കൊള്ളരുതാത്ത വിധത്തിലുള്ള പരിതഃസ്ഥിതിയിൽ ആണ് അവ കിടക്കുന്നതു്. അതുകൊണ്ടു് ബ്രിട്ടീഷിന്ത്യയിലെപ്പോലെ സബ്ജയിലുകൾ ഉണ്ടാക്കി തടവുകാരുടെ ആരോഗ്യത്തിനു ഹാനിവരാതെ ഇരിക്കത്തക്ക വണ്ണമുള്ള വ്യവസ്ഥകൂടി ചെയ്തു് അവരെ അവിടെ സൂക്ഷിക്കുകയും അവരുടെ പേരിലുള്ള കേസ് എത്രയും വേഗത്തിൽ അവസാനിപ്പിക്കത്തക്ക വണ്ണം വേണ്ട വ്യവസ്ഥകൾ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

MR. V. MADHAVAN (*Vaikom II—General*) : നമ്മുടെ ജുഡിഷ്യറിയിൽ എക്സിക്യൂട്ടീവ് കൈകടത്തുന്നുവെന്നൊരു ആക്ഷേപം ഉണ്ടു്. എക്സിക്യൂട്ടീവ് ഇടപെടുന്നതുകൊണ്ടു് ജാമ്യം അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു ഒരു ജുഡിഷ്യൽ ഉദ്യോഗസ്ഥൻ ഒരു ജാമ്യാപേക്ഷക്കു ഉത്തരവു പാസ്സാക്കിയിട്ടുള്ള ദൃഷ്ടാന്തവും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഇതൊക്കെ ജനകീയ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുമ്പുള്ള കഥകളാണ്. ഇനി അപ്രകാരമൊന്നും ഉണ്ടാകയില്ലെന്നു വിശ്വസിക്കാവുന്നതാണ്.

വ്യവഹാരങ്ങൾക്കു കാണുന്ന കാലതാമസത്തെപ്പററി ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. അദ്ദേഹം പന്ത്രണ്ടുവർഷം വരെയാണ് കാലവിളംബത്തിന്റെ അളവു നിശ്ചയിക്കുന്നതു്. എന്നാൽ അസൽ കോടതികളിലും അപ്പീൽ കോടതികളിലും തീരുമാനം കഴിഞ്ഞു വരുമ്പോൾ അതിലും കൂടുതൽ വർഷങ്ങൾ ദീർഘിച്ചുപോകുന്നതും അസാധാരണമല്ല. വ്യവഹാരങ്ങൾ അവസാനിക്കുന്നതിനു ഇവിടത്തെപ്പോലെ കാലതാമസം മറെറങ്ങും വരികയില്ല. കൊച്ചിയിലും തിരുവിതാംകൂറിലും വസ്തുക്കൾ ഉള്ള ഒരു കുടുംബത്തിലെ ഭാഗവ്യവഹാരങ്ങൾ രണ്ടു സംസ്ഥാനങ്ങളിലും ഒരേ കാലത്തു തന്നെ കൊടുത്ത

[Mr. V. Madhavan]

ഒരു ദൃഷ്ടാന്തമുണ്ടു. ഒരു വ്യവഹാരം വടക്കൻ പറവൂർ ജില്ലാക്കോടതിയിലും ഒന്നു എറണാകുളത്തു അഡിഷണൽ ജില്ലാക്കോടതിയിലും ആയിരുന്നു. പറവൂർകോടതിയിലെ കേസ്സിൽ പത്രിക വന്നു പായിൻറു് ഏർപ്പെടുത്തിയതോടുകൂടി വസ്തുക്കൾ റിസീവറെ ഏല്പിക്കുന്നതിനുള്ള ഒരു ഹർജി വാദത്തിനു വന്നു. ഈ വാദത്തിൻെറ തെളിവിലേക്കു വേണ്ടി കൊച്ചിയിൽ കൊടുത്തിരുന്ന ഭാഗവ്യവഹാരം ജില്ലയിലും ഹൈക്കോടതിയിലും വിധികഴിഞ്ഞിരുന്നതിനാൽ ആ ജഡ്ജിമെൻറു് ഹാജരാക്കപ്പെട്ടു. കൊച്ചീസംസ്ഥാനത്തു ഹൈക്കോടതി വിധികഴിഞ്ഞപ്പോഴും നമ്മുടെ കോടതിയിലെ വ്യവഹാരം പ്രാരംഭഘട്ടത്തിൽ തന്നെ കിടക്കുന്നതേയുള്ളു. ഈ കഥ ഇപ്പോൾ ഹൈക്കോടതിയിലെ ഒരു ന്യായാസനം അലങ്കരിക്കുന്ന വിധികർത്താവു് ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതാണു്. ഈ ദൃഷ്ടാന്തംകൊണ്ടു നമ്മുടെ നാട്ടിൽ വ്യവഹാരങ്ങൾക്കു വന്നുകൂടുന്ന കാലതാമസത്തെപ്പററി അനുമാനിക്കാവുന്നതാണു്.

വ്യവഹാരങ്ങളുടെ കാലതാമസത്തിനു കക്ഷികളും, വക്കീലന്മാരും കോടതികളും ചിലപ്പോൾ ഉത്തരവാദികളായി കാണുന്നുണ്ടു്. കക്ഷികൾ ഇവിടെ അവധിക്കപേക്ഷകൾ കൊടുത്തു് കേസ് നീട്ടുവാൻ വാസനക്കാരാണു്. ഇതു് അവധികിട്ടുമെന്നുള്ള പരിചയം കൊണ്ടു വന്നിട്ടുള്ള മനോഭാവം മാത്രമാണു്. ലാസ് ഡിലേസ് കമ്മീഷൻ റിപ്പോർട്ടിൽ ഇതൊരു പ്രധാന കാരണമായിട്ടാണു് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. അസൽ കോടതികൾ ഈ നയത്തിൽ വിഘാതം വരുത്തി അവധിക്കപേക്ഷകൾ തള്ളി കേസ്സുകൾ തീർച്ച ചെയ്താൽ അപ്പീൽ കോടതികൾ റിമാൻറു ചെയ്യാൻ ഇടവരുന്നു. അപ്പോൾ അല്പം കാലതാമസം കൂടുകയാണു.

വക്കീലന്മാർക്കും കുറേ അനാസ്ഥ വന്നുപോകാവുന്നതാണു്. വക്കീൽഫീസിൻെറ നിരക്കു് ഈ രാജ്യത്തു വളരെ കുറവാണു്. ഇത്ര കുറഞ്ഞ ഫീസ് നിരക്കു് മററങ്ങുമില്ല. ഇതിനെപ്പററി ലാസ് ഡിലേസ് കമ്മീഷൻ ചില ശുപാർശകൾ ചെയ്തിട്ടുണ്ടെങ്കിലും, അതൊന്നും ഇതേവരെ നടപ്പിൽ വരുത്തിയിട്ടില്ല. അതുകൊണ്ടു വക്കീൽഫീസിൻെറ നിരക്കു് വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറു തന്നെ മുൻകൈയെടുത്തു പ്രവർത്തിക്കണമെന്നു എനിക്കഭിപ്രായമുണ്ടു്.

കോടതികളുടെ അതിർത്തി നിർണ്ണയിക്കുന്നതിലും ഒരു ചിത്രഭംഗം കാണുന്നു. കേസു നടത്തുവാൻ സർവവിധത്തിലും സൗകര്യമുള്ള കോടതികളിൽ ഉൾപ്പെട്ടു നടക്കുന്ന ചില ദിഗപാസികളെ വേറെ കോടതികളുടെ അതിർത്തിക്കകത്തേയ്ക്കു മാററുന്നു. ഞാൻ ഇതിനു ഒരു ദൃഷ്ടാന്തം പ്രാദേശികാവശ്യമായി കൂടി പറഞ്ഞുകൊള്ളട്ടെ. വൈക്കം താലൂക്കിൽ

മാഞ്ഞൂർ കടുത്തുരുത്തി എന്നു രണ്ടു പകുതികൾ ഉണ്ടു്. ഈ പകുതികൾ രണ്ടും പണ്ടുമുതലേ വൈക്കം മുൻസിഫ് കോടതിയുടെ അധികാരത്തിൽ ഇരുന്നതാണു്. ആ പകുതികളെ ഏററുമാനൂർ കോടതിയുടെ അധികാരത്തിൽപ്പെടുത്തിയിരിക്കുന്നു. ഇതുകൊണ്ടു ആ നാട്ടുകാർക്കു വളരെ പ്രയാസങ്ങൾ സഹിക്കേണ്ടിവരുന്നു. കോട്ടയം, വൈക്കം, മീനച്ചൽ ഈ കോടതികളുടെ അധികാരത്തിൽ ഉണ്ടായിരുന്ന ചില പകുതികളെ കൊണ്ടാണു് ഏററുമാനൂർ കോടതി സ്ഥാപിച്ചിട്ടുള്ളതു്. ഇപ്പോൾ കോടതികൾ ഒന്നിലും തന്നെ വേണ്ടിടത്തോളം ഫയലിംഗ് ഇല്ല. ഏതു നിലയിലും കടുത്തുരുത്തി മാഞ്ഞൂർപകുതികളെ തിരിയെ വൈക്കം കോടതിയുടെ അധികാരത്തിലേക്കു് മാററണമെന്നുള്ള സംഗതി ഞാൻ ഉണർത്തിപ്പറഞ്ഞുകൊള്ളുന്നു. ഇത്രയും അഭിപ്രായങ്ങളോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. JOSEPH MALIECKAL (*Thodupuzha—General*)) : നമ്മുടെ ജുഡിഷ്യറി അധഃപതിച്ചതിനെ ഇനി നേരേ ആക്കണമെങ്കിൽ, ആയതു ആകപ്പാടെ ഒന്നു് പരിഷ്കരിക്കണം. മിടുക്കന്മാരും സത്യസന്ധന്മാരുമായവരെ മുൻസിഫന്മാരായും രണ്ടാംജഡ്ജിമാരായും നിയമിക്കണമെന്നു പറയുന്നതു് ശരിയാണു്. എന്നാൽ ഇന്നത്തെ കുറഞ്ഞ ശമ്പളത്തിനു അങ്ങിനെയുള്ളവരെ കിട്ടുകയില്ല. പകലും രാത്രിയും ഒന്നുപോലെ അവർ ജോലിചെയ്യണം. ഇൻഡ്യൻ പ്രവിശ്യകളിലും കൊച്ചിയിലും മുൻസിഫന്മാർക്കു് ഇവിടത്തെക്കാൾ ശമ്പളമുണ്ടു. അതിനും പുറമേ സല, സ്ലാംകാസ് മുതലായ കാര്യങ്ങളിലും വ്യത്യാസം ആവശ്യമാണു്. ഈ സംഗതികൾ എല്ലാം ഉൾപ്പെടുത്തിയും ശരിയായ ഒരന്വേഷണം നടത്തിയും ഈ ജുഡിഷ്യൽ വകുപ്പിനെ പരിഷ്കരിക്കണം.

സർ, കഴിഞ്ഞ കാലത്തെ ഭരണഫലമായി നമ്മുടെ ജുഡിഷ്യറി ഗവമ്മെൻറിൻേറയും പോലീസിൻേറയും പാവകളായിപ്പോയി. ഒരു „സി. കേശവൻ രാജദ്രോഹകേസ്സ്" ഉണ്ടായിരുന്നു. അക്കാലത്തു വേറെ കേസിലെ ഒരു വാദി കൃത്യത്തിനു കാരണമായി മൊഴി കൊടുക്കുന്നതു കേട്ടതു്, ആ കേസ്സിലെ പ്രതിയുടെ വീട്ടിൽ സി. കേശവൻേറ ഒരു ഫോട്ടോ വച്ചിരിക്കുന്നതു കണ്ടു. „ഈ രാജദ്രോഹിയുടെ പടം എന്തിനു വച്ചിരിക്കുന്നു" എന്നു ചോദിച്ചതുകൊണ്ടു്, അടിച്ചു എന്നാണു. ഒരു സെഷൻ കേസ്സിനു ജാമ്യഹർജി വാദം കേട്ടശേഷം സക്കാർ വക്കീൽ തന്നെ ജഡ്ജിയുടെ മുറിയിൽ ചെന്നു കേസ്സിൽ ഏതോ വലിയ ആളുകൾക്കു് താല്പര്യമുണ്ടെന്നും ജാമ്യമുത്തരവിൻെറ പകർപ്പുകൾ ഉടൻ

വാങ്ങി അയച്ചുകൊടുക്കുവാൻ ആജ്ഞയുണ്ടെന്നും പറഞ്ഞു. ആ പാവപ്പെട്ട ജഡ്ജി അന്നു രാത്രി ഉറങ്ങിയിട്ടില്ല. പഴയകാലത്തു പോലീസ്, സർക്കാർ വക്കീലിന്റെ ആജ്ഞയെ അനുസരിച്ചിരുന്നു. ഇപ്പോഴാകട്ടെ, സർക്കാർ വക്കീൽ ഓരോ സംഗതിക്കും ഇൻസ്പെക്ടരുടെ സമ്മതം ചോദിക്കുന്ന കാഴ്ച വളരെ ദയനീയമാണ്. ഒരു മജിസ്ട്രേട്ട് ഒരു കേസ്സിൽ ജാമ്യം കൊടുക്കരുതെന്നു പോലീസ് മേലധികാരി വീട്ടിൽ ചെന്നു പറഞ്ഞു എന്നുള്ള സംഗതി രേഖപ്പെടുത്തിയതിനു, ഇവിടത്തെ ഒരു ചീഫ് ജസ്റ്റിസ്, കോർട്ടലക്ഷ്യത്തിന് പോലീസധികാരിയെ ശിക്ഷിക്കേണ്ടതിനു പകരം ആ മജിസ്ട്രേട്ടിനെ പിരിച്ചയയ്ക്കാൻ ഉപദേശിക്കയാണ് ചെയ്തതു്. ആ ചീഫ് ജസ്റ്റിസിന്റെ മറെറാരു നിർദ്ദേശം, കേസ്സു തീർക്കുന്നതിന്റെ എണ്ണം മാത്രം നോക്കിയാൽ മതി. കേസ്സ് ശരിയായി തീർച്ചചെയ്തോ എന്നു നോക്കേണ്ടാ എന്നായിരുന്നു. പഴയ നടപടി ഇപ്പോഴും ഭേദപ്പെട്ടിട്ടില്ലെന്നു ചിലർ പറഞ്ഞുപരത്തുന്നുണ്ട്. കോട്ടയത്തു അതിനൊരു കാരണമുണ്ടായി. ഒരു മജിസ്ട്രേട്ട ചില കമ്മ്യൂണിസ്ററ് പ്രതികൾക്ക് ജാമ്യം കൊടുത്തു. അടുത്തദിവസം തന്നെ അദ്ദേഹത്തെ സ്ഥലം മാററി. അതു് ഗവണ്മെന്റിന്റെ ഒരു കൈകടത്തലാണെന്നു തല്പരകക്ഷികൾ പ്രചരണം നടത്തുന്നുണ്ട്. കഴിഞ്ഞകാലം എങ്ങനെയെല്ലാം ആയിരുന്നെങ്കിലും ജൂഡിഷ്യറിയുടെ സ്വാതന്ത്ര്യത്തിൽ ജനകീയ ഗവണ്മെന്റ് ഒരു നിലയിലും ഇടപെടുന്നതല്ലെന്നുള്ള വിവരം പൊതുജനങ്ങളെ അറിയിക്കുന്നതു് ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

MR. S. NILAKANTA AIYAR (*Trivandrum I--General*) : ജൂഡിഷ്യറിയെപ്പററിയും അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസിനെപ്പററിയും രണ്ടു വാക്ക് പറയണമെന്നുണ്ട്. അഡ്വക്കേററ് എന്ന നിലയിൽ എനിക്ക് പല സംഗതികൾ ദിവസേന അനുഭവപ്പെടുന്നുണ്ട്. നമ്മുടെ ജൂഡിഷ്യറി അധഃപതനത്തിലും ശോചനീയാവസ്ഥയിലും എത്തിയിരിക്കുന്നു എന്നുള്ള സംഗതിയിൽ അഭിപ്രായ വ്യത്യാസമില്ലെന്നല്ല അഭിപ്രായൈക്യമാണുള്ളതു്. ഇപ്രകാരം ഒരവസ്ഥയിൽ എത്തുന്നതിനു പല കാരണങ്ങൾ ഉണ്ട്. പ്രധാനമായ കാരണം ജൂഡിഷ്യറിയിലേക്ക് റിക്രൂട്ടുചെയ്യുന്ന നയത്തിന്റെ ന്യൂനതയാണ്. മുൻസിഫന്മാരേയും ജഡ്ജിമാരേയും റിക്രൂട്ട് ചെയ്യുന്ന ഇപ്പോഴത്തെ സമ്പ്രദായം പാടെ മാററണം. എനിക്കു ആദ്യമായി പറയാനുള്ളതു മുൻസിഫന്മാരായി ക്ലാർക്കന്മാരിൽ നിന്നും റിക്രൂട്ടുചെയ്യാൻ പാടില്ലെന്നും അഭിഭാഷകന്മാരിൽ നിന്നു മാത്രമേ റിക്രൂട്ട

ചെയ്യാൻ പാടുള്ളു എന്നുമാണ്. ക്ലാർക്കുമുൻസിഫന്മാർ സാധാരണ മായി എട്ടുപത്തുവർഷം മുൻസിഫന്മാർ ആയിരുന്ന്, അനേകം കേസ്സുകളെ ഫതം ചെയ്തതിനു ശേഷമാണു ആ ജോലി പരിചയപ്പെടുന്നതു്. അഡ്വക്കേററന്മാരെ നിയമിക്കണമെന്നു പറഞ്ഞാൽ പരിചയമില്ലാത്തവരെ നിയമിക്കണമെന്നർത്ഥമാകുന്നില്ല. അടുത്തകാലത്തു് മുൻസിഫന്മാരായും ജഡ്ജിമാരായും റിക്രൂട്ട ചെയ്തിട്ടുള്ള പലരും ഒരു കേസ്സും നടത്തിയിട്ടില്ലാത്തവരും ഒരു വക്കാലത്തുപോലും സ്വീകരിച്ചിട്ടില്ലാത്തവരും ആണ്. ആ ഏർപ്പാടു പാടെ മാററണം. പത്തുവർഷത്തിൽ കുറയാതെ പ്രാക്ററീസ് ചെയ്തിട്ടുള്ള അഡ്വക്കേററ്ന്മാരെ അല്ലാതെ ആരെയും മുൻസിഫന്മാർ ആക്കാൻ പാടില്ല. ജഡ്ജിസ്ഥാനങ്ങൾക്കു് ൧൫ വർഷം സർവ്വീസ് നിശ്ചയിക്കണം. വയഃക്ലിപ്തം എടുത്തുകളയണം. ജാതിമുറ അനുസരിച്ചല്ലാ ജൂഡിഷ്യറിയിലേയ്ക്കു് നിയമനം നടത്തേണ്ടതു്. അപ്രകാരം ചെയ്താൽ കേസ്സുകൾ ജാതി അനുസരിച്ചു വിധിക്കുന്നതല്ലാതെ ചട്ടമനുസരിച്ചോ ന്യായമനുസരിച്ചോ വിധിക്കുകയില്ല. കാര്യക്ഷമത, ബുദ്ധികൂർമ്മത, നിഷ്പക്ഷപാതിത്വം, സ്വഭാവപരിശുദ്ധി, നിയമപാണ്ഡിത്യം ഇവ മാത്രമല്ലാതെ യാതൊന്നുംതന്നെ ജൂഡിഷ്യറിയിലേയ്ക്കുള്ള റിക്രൂട്ടുമെൻറിനു മാനദണ്ഡമാക്കാൻ പാടില്ല. ഞാൻ ഇപ്പോൾ പറഞ്ഞ കാര്യങ്ങൾ എല്ലാം ഡിസ്ക്വാളിഫിക്കേഷനായും ആശ്രിതവാത്സല്യം, ജാതി, ദാരിദ്ര്യം മുതലായ ചില സംഗതികളെ qualification ആയും ആണ് ഗണിച്ചിരിക്കുന്നതു്. ഹൈക്കോടതിയിലേയ്ക്കു് ഞാൻ മേൽപ്പറഞ്ഞ സംഗതികളല്ലാതെ വേറെ യാതൊന്നും തന്നെ ഗൗനിക്കാൻ പാടില്ല എന്നു ബലമായി അഭിപ്രായപ്പെടുന്നു. അടുത്തതായി മജിസ്ട്രേട്ടന്മാരുടെ കാര്യമാണ്. മജിസ്ട്രേസിയിലേക്കും ക്രിമിനൽ പ്രാക്ററീസ് ഉള്ള അഡ്വക്കേററന്മാരെ തന്നെ നിയമിക്കണം. അല്ലാതെ ഇപ്പോഴത്തെ സിസ്റ്റം തുടർന്നാൽ ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കാതിരിക്കുകയും നിരപരാധികളെ ശിക്ഷിക്കുകയും ചെയ്യുന്ന നടപടിയും തുടർന്നുകൊണ്ടിരിക്കും. ഇതു രാജ്യത്തിനു അപമാനകരവും ജനങ്ങൾക്ക് ഉപദ്രവകരവും സങ്കടകരവും ആകുന്നു എന്നു പ്രത്യേകം പറയേണ്ടതില്ല. വേറെ ഒരു സംഗതിപറയാനുണ്ടു്:- ഗവണ്മെൻറു പ്ളീഡറന്മാരേയും പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ററന്മാരേയും കുറിച്ചാണ്. കഴിഞ്ഞകാലങ്ങളിൽ റിക്രൂട്ടു ചെയ്ത ഗവണ്മെൻറു പ്ളീഡറന്മാരുടെ കൊള്ളരുതായ്മയും കെൽപ്പുകേടുംകൊണ്ടു് അനേകായിരം

[Mr. S .Nilakanta Aiyar.]

ശ്രുപാ ഗവൺമെന്റിനു തന്നെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നുള്ളതു എനിക്ക് നേരിട്ടറിയാവുന്ന പരമാർത്ഥമാണ്. ഒരു സ്ഥലത്തെ ലീഡർ ആഫ് ദി ബാറിനെയാണ് ഗവൺമെന്റു പ്ലീഡറായി നിയമിക്കേണ്ടതു്. ഹൈക്കോർട്ടിലെ ലീഡറിനെ അഡ്വക്കേറ്റു ജനറൽ, ലീഗൽ റിമെംബറൻസർ മുതലായ സ്ഥാനങ്ങളിലും നിയമിക്കേണ്ടതാണ്. പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടറന്മാരായി ജൂനിയർ അഡ്വക്കേറ്റ്സിനെ നിയമിച്ചാൽ വളരെ നന്നായിരിക്കും. അടുത്തതായി പറയാനുള്ളതു് "ഇൻഡിപെൻഡൻസ് ആഫ് ദി ജുഡിഷ്യറി"യാണ്. ഇൻഡിപെൻഡൻസ് ആഫ് ജുഡിഷ്യറിയാണ് രാജ്യത്തിന്റെ അലങ്കാരം. ഉടനടി അതിലേക്കു വേണ്ട നടപടികൾ ത്വരിതപ്പെടുത്തണം. കീഴ്ക്കോടതികളിലെ കറപ്‌ഷൻസ് ശമ്പളക്കൂടുതൽ കൊടുക്കാതെ നിറുത്താൻ സാദ്ധ്യമല്ല എന്നുള്ളതു് നിശ്ചയമാണ്.

MRS. DEVAKI GOPIDAS (*Kottayam I—General*): സർ, വെസ്റ്റ് മിനിസ്റ്റർ രീതിയിലുള്ള ഒരു ഭരണത്തെ നാം അനുകരിച്ചു കൊണ്ടിരിക്കുമ്പോൾ നമ്മുടെ ജുഡിഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്നും വേർതിരിക്കാതെ എങ്ങിനെ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതേയൊരു രീതി തന്നെ ബ്രിട്ടനിൽ അനുകരിച്ചുവരികയും എന്നാൽ അതിന്റെ അനാശാസ്യത അവർക്ക് ബോദ്ധ്യപ്പെട്ടതോടുകൂടി ൧൭൦൧-ൽ ആക്റ്റ് ആഫ് സെറ്റിൽമെന്റ് ഉണ്ടാക്കയും, അതു നടപ്പിൽ വരികയും ചെയ്തു. അതിൻപ്രകാരം പ്രധാന കാര്യങ്ങളിൽ ജുഡിഷ്യറിയെ എക്സിക്യൂട്ടീവിൽ നിന്നു വേർതിരിക്കയും ചെയ്തു. അതോടുകൂടി ലോകത്തുള്ള മറ്റെല്ലാ രാജ്യങ്ങളെയുംകാൾ ബ്രിട്ടൻ നീതിനിർവ്വഹണത്തിനു പ്രഥമസ്ഥാനം വഹിക്കുന്നു എന്നുള്ളതു് സുവിദിതമാണ്, എക്സിക്യൂട്ടീവും ജുഡിഷ്യറിയും ഒന്നായിരുന്നാൽ അതുകൊണ്ടു പലവിധത്തിലുള്ള സ്വേച്ഛാഭരണത്തിനും ഇടയാകുമെന്നുള്ളതു് കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ നമുക്കു കാണിച്ചുതന്നിട്ടുണ്ടു്. ഇതിനു മുമ്പ് സർ സി. പി. യുടെ സ്വേച്ഛാഭരണം നടന്നുകൊണ്ടിരുന്ന കാലത്തു് അദ്ദേഹത്തിനു ഇഷ്ടമുള്ള നിയമങ്ങൾ ഉണ്ടാക്കയും, അദ്ദേഹത്തിന് ഇഷ്ടമുള്ള ആളുകളെ നിയമിച്ചു ആ നിയമം പാലിക്കപ്പെടുകയുമാണ് ചെയ്തുകൊണ്ടിരുന്നതു്. അനാശാസ്യമായ അത്തരം അനുകരണം ഇനിയും തുടർന്നുകൊണ്ടുപോകുന്നതു് ഒരു ജനായത്തഗവൺമെന്റിന് ശോഭനീയമാണെന്ന് എനിക്കു തോന്നുന്നില്ല.

ജൂഡിഷ്യറിയിൽ നിന്നും എക്സിക്യൂട്ടീവിനെ വേർതിരിക്കേണ്ടതു എത്രയും ആവശ്യമാണെന്നുള്ളതിനെപ്പററി Montague തന്റെ "The Spirits of the Laws" എന്നപുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

When the Legislative and the Executive powers are united in the same person or in the same body, there can be no liberty because the same man or the same body may make tyranical laws and execute them tyrannically" and also "if the judiciary is joined with legislature the liberty and property of the individual would be exposed to arbitrary control..............and if it were Joined with the executive the Judges might behave with violence and oppression."

അതിനുശേഷം മി. ബ്ളാക്സ്റ്റൻ ഈ തത്വത്തെ വിശദീകരിച്ചുകൊണ്ടു പറഞ്ഞിട്ടുള്ളതുകൂടി ഞാൻ ഇവിടെ വായിക്കാം.

"In all tyranical Governments the supreme authority or the right both of making and enforcing laws is vested in the same man or in the same body of men and when all these powers are united together there is no public liberty."

എന്നാൽ നമ്മുടെ രാജ്യത്ത് ചില ആഫീസറന്മാർ ജൂഡിഷ്യറികൂടെ വച്ചുകൊണ്ടു കേസ്സുകൾ തീരുമാനിക്കുന്നുണ്ട്. ഉദാഹരണമായി ഇൻകംടാക്സ് കമ്മിഷണർ, എക്സൈസ് കമ്മീഷണർ, എക്സൈസ് അസിസ്റ്റന്റ് കമ്മീഷണറന്മാർ, തുടങ്ങിയുള്ളവർ ജൂഡിഷ്യറി പവ്വറും വിനിയോഗിച്ചു വരുന്നുണ്ട്. തന്നിമിത്തം കേസ്സുകൾക്ക് ന്യായമായ തീരുമാനം കിട്ടുകയില്ലെന്നുമാത്രമല്ല പല അഴിമതികൾക്കും ഇടവരുന്നതും ആകുന്നു. നമുക്ക് ഇന്നു ജൂഡിഷ്യറി സംബന്ധിച്ചിടത്തോളവും നീതി നിർവഹണം നടത്തേണ്ടതു അത്യന്താപേക്ഷിതമാകയാൽ സത്യസന്ധതയും നിയമജ്ഞാനവും ഉള്ള ആളുകളെ നിയമിക്കേണ്ടതാണ്.

എന്നാൽ ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരേണ്ടതായിട്ടുണ്ട്. അതായതു് ജൂഡിഷ്യറിയിൽ സ്ത്രീജനങ്ങൾക്കുള്ള പ്രാതിനിധ്യത്തെപ്പററിയാണ്. ഇന്നു നമ്മുടെ ജൂഡിഷ്യറിയിൽ പരീക്ഷായോഗ്യതയും നിയമപരിജ്ഞാനവും ഉള്ള സ്ത്രീകൾക്കു അവരർഹിക്കുന്ന പ്രോത്സാഹനവും പ്രാതിനിധ്യവും കിട്ടുന്നില്ലെന്നുള്ളതിൽ ഖേദിക്കേണ്ടിയിരിക്കുന്നു. സർ, നീതിനിർവ്വഹണത്തിലും സത്യബോധത്തിലും കൃത്യനിർവ്വഹണത്തിലും സർവോപരി ദാക്ഷിണ്യബുദ്ധിയിലും സ്ത്രീജനങ്ങൾ പുരുഷന്മാരെക്കാൾ മെച്ചമാണെന്നുള്ളതിൽ തർക്കമില്ല. എന്നാൽ നീതിനിർവ്വഹണത്തിനായി യാതൊരു ദാക്ഷിണ്യവും ജൂഡിഷ്യറിയിൽ ഉണ്ടാകാൻപാടില്ലെന്നു ഇവിടെ പറഞ്ഞതായി ഞാൻ കേട്ടു. അതു് എല്ലായ്പ്പോഴും ശരിയല്ല.

[Mrs. Devaki Gopidas]

രാഷ്ട്രീയ തടവുകാരായി തിരുവിതാംകൂറിൽ പല സ്ഥലത്തും ഉള്ള ലാക്കപ്പുകളിൽ കിടക്കുന്നവർക്ക് രാത്രികാലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യേണ്ടിവന്നാൽ അവർക്ക് നൽകിയിട്ടുള്ള കുടങ്ങളിൽ സാധിച്ച് നേരം വെളുക്കുന്നതുവരെ അവർ കിടക്കുന്ന സ്ഥലത്ത് സൂക്ഷിക്കേണ്ടിയിരിക്കുന്നു എന്ന്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതും ഞാൻ കേൾക്കയുണ്ടായി. സർ, അത് യഥാർത്ഥം തന്നെ. വിദ്യാഭ്യാസവും സംസ്കാരവുമുള്ള ചെറുപ്പക്കാരെ രാഷ്ട്രീയ കുററങ്ങൾക്ക് ശിക്ഷിക്കുന്നതിനു വേണ്ടി റിമാൻറിൽ കിടത്തുന്ന ഒരു അവസ്ഥയാണ് ഇത്. ഇങ്ങനെയുള്ള അവസരങ്ങളിൽ ലാക്കപ്പുകളിൽ വച്ച് തടവുകാരെ അതികഠിനമായി ദേഹോപദ്രവം ചെയ്യാറുള്ളത് സാധാരണമാണ്. എന്നാൽ, ഞാൻ പറയുന്നു ഇങ്ങനെയുള്ള വൃത്തികേടുകളും അക്രമങ്ങളും അതിന്റെ മേൽനോട്ടം സ്ത്രീകൾക്കാണെങ്കിൽ രണ്ടാമത്തെ ദിവസം നടത്താൻ സമ്മതിക്കയില്ല എന്ന്. ഈ ദുരവസ്ഥ എത്ര മനുഷ്യഹൃദയത്തെയും സ്തംഭിപ്പിക്കുമെന്നുള്ളത് ഊഹിച്ചാൽ മനസ്സിലാകും. അവിടെയാണ് ദാക്ഷിണ്യം വേണ്ടത്. അവിടെയാണ് മനുഷ്യത്വം വേണ്ടത്. സർ, സാധാരണജനങ്ങളിലും അതിനുപരിയായുള്ളവരിലും ദാക്ഷിണ്യബുദ്ധി കാണിക്കുന്നതിൽ പുരുഷന്മാരെക്കാൾ മെച്ചമാണു സ്ത്രീകൾ. (ഹിയർ, ഹിയർ) അതുകൊണ്ട് ജുഡിഷ്യറിയിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉണ്ടാകത്തക്കവണ്ണം വേണ്ട വ്യവസ്ഥ ഗവൺമെൻറ് ഉണ്ടാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

HON'BLE MR. A. THANU PILLAI : സർ, കോടതികളെപ്പററി ചില ആക്ഷേപങ്ങൾ ഇവിടെ പറഞ്ഞു. ഈ ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ലെന്നു പറയുവാൻ ഞാൻ തയ്യാറില്ല. പണ്ട് ഞാൻ നിയമസഭയിൽ മെമ്പറായിരുന്ന കാലത്തുതന്നെ ഇതേ ആക്ഷേപങ്ങൾ പറയുകയും കേൾക്കുകയുമുണ്ടായിരുന്നു. അപ്പോഴത്തേതിൽനിന്നും ഇപ്പോൾ ഗണ്യമായ വ്യത്യാസമൊന്നുമില്ല. ലാസ് ഡിലേസ് കമ്മീഷന്റെ നിയമനമൊക്കെ കഴിഞ്ഞിട്ടുണ്ടെങ്കിലും സ്ഥിതിഗതികൾക്ക് മാററം ഒന്നും ഉണ്ടായിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. നമുക്ക് പറയാനുള്ളത് ഇപ്പോഴത്തെ ഗവൺമെൻറു കഴിയുന്നതും കാര്യമായി പ്രവർത്തിക്കണമെന്നാണ്. ജുഡിഷ്യറിയിലെ നിയമനത്തെപ്പററി മി. നേശമണിയും മററു പല സ്നേഹിതന്മാരും വളരെ കാര്യമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. യോഗ്യതമാത്രമായിരിക്കണം മാനദണ്ഡമെന്ന് അവർ പറഞ്ഞ അഭിപ്രായം വാസ്തവത്തിൽ ആദരണീയംതന്നെയെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ അതു മാത്രം മന

ഭണ്ഡമാക്കി നിയമനം നടത്താൻ തിരുവിതാംകൂറിൽ കാലമായിട്ടുണ്ടോ എന്നു സംശയമാണ്. അങ്ങനെ കാര്യക്ഷമതമാത്രം നോക്കി നിയമനം നടത്തുന്നതിന് പല പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും കഴിവുള്ളിടത്തോളം അതുതന്നെ മാനദണ്ഡമായി കരുതി നിയമനം നടത്താൻ ഗവണ്മെൻറു ശ്രമിക്കും.

പിന്നെ ഉദ്യോഗസ്ഥന്മാരെ അതായത് ക്ലാർക്കന്മാരെ മജിസ്ട്രേററന്മാരായും മുൻസിഫന്മാരായും മററും നിയമിക്കുന്നതിനെപ്പററി ആക്ഷേപങ്ങൾ പലതും ഉണ്ട്. അവയിൽ അടിസ്ഥാനം ഇല്ലാതെയുമില്ല. എന്നാൽ ക്ലാർക്കന്മാരെ മുൻസിഫന്മാരായും മജിസ്ട്രേട്ടന്മാരായും നിയമിക്കുന്ന രീതി പാടേ മാററാമോ എന്ന് ആലോചിക്കണം. ഇപ്പോൾ മജിസ്ട്രേട്ടന്മാരായി നിയമിക്കപ്പെടുന്ന ക്ലാർക്കന്മാർക്ക് ഒരു മാസത്തെ പരിശീലനം നൽകുന്നുണ്ട്. ഇത് ഫലപ്രദമാണോ എന്നുള്ളത് സംശയമായിരിക്കാം. ആ കാര്യത്തിൽ കൂടുതൽ നിഷ്കർഷ കാണിക്കാവുന്നതാണ്.

തെക്കൻതിരുവിതാംകൂറിലെ ഭാഷയേപ്പററി മി. നേശമണി പറഞ്ഞു. ഇന്നലെ ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞതുപോലെ തമിഴ്പ്രദേശങ്ങളിൽ തമിഴ് അറിയാവുന്ന ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണ്.

കോടതി മീഡേഴ്സിനേപ്പററി പറഞ്ഞു. ഓരോ കോടതികളിലുമുള്ള വക്കീലന്മാരുടെ ഇടയിൽ പ്രഥമസ്ഥാനം അർഹിക്കുന്നവരെ കോടതി മീഡേഴ്സായി നിയമിക്കേണ്ടതു് ആവശ്യമായിത്തന്നെ വന്നിരിക്കുന്നു. ആ കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിപ്പിക്കുന്നതാണു.

പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടറന്മാരുടെ സ്ഥാനത്ത് വക്കീലന്മാരെ നിയമിക്കുന്ന കാര്യത്തേപ്പററി ആലോചിക്കുന്നുണ്ട്.

ജുഡിഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള ബന്ധത്തെപ്പററി പല സ്നേഹിതന്മാരും പ്രസ്താവിച്ചു. എനിക്ക് ഒന്നു പ്രസ്താവിക്കാൻ കഴിയും. കഴിഞ്ഞ കാലങ്ങളിൽ എന്തുതന്നെ നടന്നിരുന്നാലും—ആ അഡ്മിനിസ്ട്രേഷനെ ആക്ഷേപിക്കണമെന്നില്ല—മേലാൽ അങ്ങനെ ഉണ്ടാകുന്നതല്ല. ഇക്കാര്യത്തിൽ സംശയത്തിനു യാതൊരവകാശവുമില്ല. പിന്നെ ജുഡിഷ്യറിയും എക്സിക്യൂട്ടീവുമായി ഇന്ന് പ്രവത്തനത്തിൽ പരിപൂർണ്ണസ്വാതന്ത്ര്യം വരുത്തിയിട്ടില്ല. ഇതു് നല്ലവണ്ണം ആലോചിച്ചു ചെയ്യേണ്ടതാണ്. ഇതിൽ കവിഞ്ഞ് ഈ അവസരത്തിൽ അതിനെക്കുറിച്ച് ഒന്നും പറയാനില്ല.

MR. ABDUL AZIZ : മജിസ്ട്രേട്ടന്മാർ പോലീസുകാരുടെ കീഴില ല്ലെന്ന് അവരെ മനസ്സിലാക്കിയാൽ നന്നായിരുന്നു.

HON'BLE MR. A. THANU PILLAI : അതു് അവർക്ക് പറയാതെ തന്നെ അറിയാമല്ലോ?

അടുത്തതായി ഇവിടെ ചീഫ് ജസ്റ്റിസിനെപ്പററി പറഞ്ഞു. അതി നെപ്പററി എനിക്ക് ഒന്നും പറയാനില്ല. ചീഫ് ജസ്റ്റിസിനെപ്പററി അദ്ദേഹത്തിന്റെ അഭാവത്തിൽ ഈ മാതിരിയുള്ള ദോഷാരോപണ ങ്ങൾ നടത്തുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ചുമതലയേറിയ ഒരു വ്യക്തിയുടെ അഭാവത്തിൽ അദ്ദേഹത്തെപ്പററി ഇത്തരത്തിലുള്ള ആക്ഷേ പങ്ങൾ ഉപേക്ഷിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇതിൽ കവിഞ്ഞു് ഒന്നും ഇപ്പോൾ ഈ കാര്യത്തെപ്പററി പ്രസ്താവിക്കുന്നില്ല.

പിന്നെ കേസുകൊടുത്താൽ വരുന്ന കാലദൈർഘ്യത്തെപ്പററി പറഞ്ഞു. അതു് അപ്പീലുകൊണ്ടും മററും വരുന്നതാണ്.

MR. P. NANOO (*Chirayinkil II—General*) : ഇതിനിടയിൽ നാലു കൊല്ലം കേസ് കോടതിയിൽ ചത്തുകിടക്കുന്നുവെന്നറിയാമോ?

HON'BLE MR. A. THANU PILLAI : അതു ഒരു പക്ഷേ എതിർപാർട്ടി യുടെ ജോലികൊണ്ടുമായിരിക്കാം.

MR. P. NANOO : അതല്ല ഞാൻ പറയുന്നതു്. മുൻസിഫ് ജഡ്ജ്മെൻറു പ്രസ്താവിച്ചാൽ അതിന്റെ കാപ്പി കിട്ടുന്നതിന് ഒരു രണ്ടു വർഷം, പിന്നെ അപ്പീൽ കൊടുത്താൽ രണ്ടുവർഷം അങ്ങനെ നാലു കൊല്ലം ആക്ഷനില്ലാതെയാണിരിക്കുന്നതു്. അതിനാൽ, ജഡ്ജ്മെൻറ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഉടൻതന്നെ അതിന്റെ ടൈപ്പുചെയ്ത കോപ്പി കൊടുക്കാൻ ഏർപ്പാടു ചെയ്യാമോ?

HON'BLE MR. A. THANU PILLAI : അതിനു വേണ്ട ഏർപ്പാടു ചെയ്യാൻ ശ്രമിക്കുന്നതാണു. ഇതു മാത്രമല്ല; പൊതുവേ കേസുകൾക്ക് വിളംബമുണ്ടാകാത്ത വിധത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതു മാണ്.

MR. P. T. CHACKO : പഞ്ചായത്തുകോടതികളിലേ ജഡ്ജിമാരുടെ നിയമനം പാർവ്വത്യകാരന്മാരുടെ റിപ്പോർട്ടനുസരിച്ചാണ് നടക്കുന്ന തെന്നറിയാമോ?

HON'BLE MR. A. THANU PILLAI : പേഷ്കാരന്മാരുടെ റിപ്പോ ർട്ടാണ് ഗവണ്മെൻറിലേക്കു വരുന്നതു്. അവർ ഒരു പക്ഷേ തഹശീൽ

മാരന്മാരുടെയോ പാർവത്യകാരന്മാരുടേയോ റിപ്പോർട്ടു സ്വീകരിച്ചിട്ടുണ്ടാവാം. എതായാലും പാർവത്യകാരന്മാരുടെ റിപ്പോർട്ടിന്നു ഈ സംഗതിക്കു ഗണിക്കരുതെന്നു് പ്രത്യേകം ഏർപ്പാടുചെയ്യാം.

**MR. PONNARA G. SREEDHAR** : നെടുമങ്ങാട്ട് ഒരു ഒന്നാംക്ലാസ് മജിസ്ത്രേട്ടുകോടതി അത്യാവശ്യമാണെന്നു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

**HON'BLE MR. A. THANU PILLAI** : നെടുമങ്ങാട്ട് ഒരു ഒന്നാംക്ലാസ്സ് മജിസ്ത്രേട്ടുകോടതി ഇല്ലാത്തതുകൊണ്ടു് അവിടെ ആളുകൾക്കു് ദോഷമാണെന്നു് മി. ശ്രീധർ പ്രസ്താവിച്ചു. അദ്ദേഹം ആ സ്ഥലത്തുനിന്നും വരുന്ന ഒരാളാണെന്നുള്ളതുകൊണ്ടു്, അതു് പരമാർത്ഥമായിരിക്കാം. അതിനെപ്പററി നല്ലവണ്ണം ആലോചിച്ചു തീരുമാനം ചെയ്യാം. ഉടൻതന്നെ ഏർപ്പെടുത്താമെന്നു് പറയാൻ നിവൃത്തിയില്ല. കാരണം, ഇതു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനോടും ഹൈക്കോടതിയോടും ആലോചിച്ചു ചെയ്യേണ്ട ഒരു കാര്യമാണു.

**MR. D. GNANASIGAMONI** (*Kalkulam II—General*) : Will the Government be prepared to issue a statement that the Executive will not hereafter interfere with the Judiciary?

**HON'BLE MR. A. THANU PILLAI** : അങ്ങനെയില്ലെന്ന അടിസ്ഥാനത്തിന്മേലാണു് ഞാൻ സംസാരിക്കുന്നതു് ...

**MR. PAUL A. THALIAT** : ഞാൻ ശ്രദ്ധയിൽ പെടുത്തിയ, ഹൈക്കോടതി അക്രമം കാണിച്ചു എന്നുള്ള സംഗതിയെക്കുറിച്ചു് എന്തന്വേഷണം നടത്തി എന്നു പറയാമോ?

**HON'BLE MR. A. THANU PILLAI** : വേണ്ടതു ചെയ്യാമെന്നുള്ളതിൽ കവിഞ്ഞു് മററൊന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

**MR. PRESIDENT** : മി. തളിയത്തു് അവതരിപ്പിച്ച ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

**MR. PAUL A. THALIYATH** : പിൻവലിക്കാൻ സഭയുടെ അനുവാദം ആവശ്യപ്പെടുന്നു.

**MR. PRESIDENT** : സഭ അനുവാദം നല്കിയതായി ഞാൻ വിശ്വസിക്കുന്നു.

The motion was, by leave, withdrawn.

The question that a sum of Rs. 26,53,729 be granted under Demand IX—Administration of Justice—was put and carried. The grant was made.

## DEMAND X—JAILS.

HON'BLE MR. A. THANU PILLAI: Sir, I move for a grant of Rs. 4,14.139 under Demand X—Jails,

MR. PRESIDENT : ടോട്ടൽ കട്ടിനായിട്ടുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ മി. പി. എം. വറുഗീസിനെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

MR. P M. VARGHESE: Sir, I move to reduce the total allotment of Rs. 4,14,139 for Jails by Rs. 10 to discuss on certain aspects of the Jail policy.

ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് എനിക്ക് പ്രത്യേകമായി പറയാനുള്ളത് തിരുവിതാംകൂറിലെ ലാക്കപ്പുകളെപ്പററിയാണ്. രണ്ടു പ്രാവശ്യം ഞാൻ തൊടുപുഴ ലോക്കപ്പിൽ കയറി കിടന്നു. അന്നു എൻെറ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു സ്നേഹിതൻ മി. ആർ. വി. തോമസ്സാണ്. അവിടെ ആദ്യമായി പോയ ഉടൻതന്നെ, അവിടത്തെ ശുചിത്വത്തെപ്പററി ഒരു റസല്യൂഷൻ ഞങ്ങൾ രണ്ടുപേരുംകൂടി പാസാക്കിയിട്ടാണ് അവിടെ താമസിച്ചത്. കിടക്കുന്ന മുറിയുടെ മുകളിൽനിന്നും മഴവെള്ളം ഒലിച്ചുകൊണ്ടിരുന്നു. അവിടെ രാത്രി കഴിച്ചുകൂട്ടുന്ന കാര്യം...എനിക്ക് ഒന്നും പറയാൻ അറിഞ്ഞുകൂടാ—ഏതായാലും ജയിലുകളിൽ നാം അടയ്ക്കുന്നത് മനുഷ്യരെയാണെന്നുള്ള വിചാരം നമുക്കുണ്ടാകണം. അവരെ കൊല്ലാനാണെങ്കിൽ ഉടൻ കൊന്നുകൊള്ളണം. അവർ ശിക്ഷാർഹരാണെന്നു കണ്ടാൽ ഉടൻ ശിക്ഷിക്കണം. ഇന്ന് ഈ രാജ്യത്തെ നടപ്പനുസരിച്ച് ഏതെങ്കിലും ഒരു കക്ഷിയെ സംബന്ധിച്ച് ഒരു ഹർജി ഒരു വിരോധി കൊണ്ടുപോയി കൊടുത്താൽ മതി തക്കതായ ശുപാർശയുണ്ടെങ്കിൽ അവനെ ലാക്കപ്പിൽ കേററി വേണ്ട പ്രഹരം നടത്തിക്കഴിഞ്ഞു. ഈ നടപടി ഈ രാജ്യത്തു സകല ലാക്കപ്പുകളിലുമുണ്ടെന്നാണ് എൻെറ അറിവ്. അതു നിറുത്തണമെന്ന് ഞാൻ ആദ്യമേ തന്നെ പറയാം. പക്ഷേ ലാക്കപ്പിൽ കുറേപ്പേരെ അടയ്ക്കുകതന്നെ വേണം. അങ്ങനെ അടയ്ക്കുന്ന സ്ഥിതിക്കു അത്യാവശ്യം വേണ്ട സൗകര്യങ്ങൾകൂടി ഉണ്ടാക്കികൊടുക്കണം.

HON'BLE MR. A. THANU PILLAI : ലാക്കപ്പ് ഈ ഡിമാൻറിൽ വരുന്നതല്ല.

MR. P. M. VARGHESE : ലാക്കപ്പിൽ നിന്നുമാണല്ലോ ജയിലിലേയ്ക്കു പോകുന്നത്.

MR. PRESIDENT : ഇതു് അഡ്മിനിസ്ട്രേഷൻ ആഫ് ജയിൽസ് ആണ്. അതിനാൽ ഇപ്പോൾ സെൻട്രൽ ജയിലിനെപ്പററിയുള്ള അഭിപ്രായങ്ങളേ പുറപ്പെടുവിക്കാവൂ.

HON'BLE MR. A. THANU PILLAI : ഈ ബഡ്ജററ് അനുസരിച്ചേ പോകാൻ സാധിക്കുകയുള്ളു. ഈ ഡിമാൻറിൽ ആവശ്യപ്പെട്ടിട്ടുള്ള നാലുലക്ഷത്തിൽ ചില്വാനം രൂപാ സെൻട്രൽജയിലിലേയ്ക്കു വേണ്ടിയുള്ളതാണ്. അതിനാൽ ലാക്കപ്പു കാര്യങ്ങൾ ഇതിൽ ഉൾപ്പെടുകയില്ല.

MR. P. K. KUNJU (*Karunagapally II—Muslim*) : പോലീസ് ഡിമാൻറു വരുമ്പോൾ പോലീസിന്റെ കാര്യങ്ങൾ വിശദമാക്കാമല്ലൊ.

MR. PUNNARA G. SREEDHAR : സബ് ജയിലിനെപ്പററിയുള്ള കാര്യങ്ങൾ സെൻട്രൽ ജയിൽ ഡിമാൻറിൽ പറയാമോ?

HON'BLE MR. A. THANU PILLAI ; സബ്ജയിൽ സെഷൻകോടതിയുടെ കീഴാണ്.

MR. P. M. VARGHESE : ലാക്കപ്പിൽനിന്നുമാണല്ലോ ജയിലിലേയ്ക്കു പോകുന്നതു്?

HON'BLE MR. A. THANU PILLAI : അങ്ങനെ നോക്കുമ്പോൾ വീട്ടിൽനിന്നുമാണല്ലോ ലാക്കപ്പിലേയ്ക്കു പോകുന്നതു്.

MR. P. M. VARGHESE : ഏതായാലും തുടങ്ങിയതു് അവസാനിപ്പിക്കാം. സർ സി. പി. രാമസ്വാമിഅയ്യർ ഇവിടെ ഭരണം നടത്തിയ കാലത്തു് ലാക്കപ്പിലും ജയിലിലെപ്പോലെയുള്ള സൗകര്യങ്ങൾ വരുത്താമെന്നു പറഞ്ഞിട്ടുണ്ടു്. അതു ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

MR. P. T. CHACKO : ജയിലിനെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യം സെൻട്രൽപ്രിസണിന് ആണ്. ഇതിലേക്കുവേണ്ടി ൨ ൦ പേരിൽ കൂടുതൽ കട്ട്മോഷൻ അയച്ചിട്ടില്ല.

MR. PRESIDENT : മെമ്പർക്കു സംസാരിക്കണമെങ്കിൽ അതിനനുവദിക്കാം.

MR. P. T. CHACKO : സർ, സെൻട്രൽജയിലിനെപ്പററി വളരെയധികം പറയാനുള്ളതുകൊണ്ടു് ഞാൻ രണ്ടുമൂന്നു കട്ട്മോഷൻ അയച്ചിട്ടുണ്ടു്. എന്നാൽ അതിനു മൊത്തത്തിലുള്ള സമയം കിട്ടുകയില്ലെ എന്നു വിശ്വസിക്കുന്നു. എങ്കിലും ഉള്ള സമയംകൊണ്ടു് വളരെ പ്രധാനപ്പെട്ട

[Mr. P. T. Chacko.]

രണ്ടുമൂന്നു കാര്യങ്ങൾ ബഹു: ഗവൺമെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഈ സഭയിൽ ഉള്ളവരിൽ ചിലർതന്നെ അതായതു് ജയിലിൽ നാലഞ്ചുതവണ കയറിയിറങ്ങിയവർ, അവിടെ ഇരുന്ന അവസരത്തിൽ അവിടത്തെ വാർഡർമാർക്കു ശമ്പളം കൂട്ടിക്കൊടുക്കാമെന്നു പല വാഗ്ദാനങ്ങളും ചെയ്തു വന്നിട്ടുള്ളവരാണ്. ആ കൂട്ടത്തിൽ ഇവിടെ ഇരിക്കുന്ന മന്ത്രിമാരും ഉൾപ്പെടും. ജയിൽ വാർഡർമാരെപ്പോലെ ഇത്ര അവശത അനുഭവിക്കുന്ന ചെറിയ വിഭാഗം ഉദ്യോഗസ്ഥന്മാർ വേറെയില്ല. ഇങ്ങനെ അവർ വളരെ അവശത അനുഭവിക്കുന്നു എന്നു പറഞ്ഞതിനാണ് ഒരു തവണ എന്നെ ശിക്ഷിച്ചതു്. ഞാൻ തുടർച്ചയായി അവിടെ കിടന്നിട്ടുള്ളതിനാൽ ചില കാര്യങ്ങൾ എനിക്കറിയാൻ സാധിച്ചിട്ടുണ്ട്. ഉച്ചയ്ക്കു ചോറുകൊണ്ടുവരുന്നതു വാരി അവരുടെ തൊപ്പിയിൽ വച്ച് പുറത്തുകൊണ്ടുപോകുന്നതുപോലും കണ്ടിട്ടുണ്ട്. ഈ ചോറുവാരി തൊപ്പിയിൽവച്ചു പുറത്തു കൊണ്ടുപോകത്തക്കവണ്ണം അത്ര കഷ്ടപ്പാടാണ് അവർ അനുഭവിക്കുന്നതു്. അത്ര തുച്ഛമായ ശമ്പളത്തിൽ കൂടുതൽ ജോലി നിർവഹിക്കുന്നവരാണ് അവർ. കൈക്കൂലിയെപ്പററി പറയുകയാണെങ്കിൽ രാഷ്ട്രീയത്തടവുകാർ ഇല്ലാത്ത അവസരത്തിൽ അവർക്കു ഒന്നും കിട്ടുകയില്ല. അവർ അനുഭവിക്കുന്ന കഷ്ടതകൾ ബഹു: ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടേണ്ടതാണ്.

മറെറാന്നുള്ളതു കൊല്ലത്തിലുള്ള സെല്ലിൻെറ റിഫോംസിനെപ്പററിയാണ്. അതും ഇവിടെയിരിക്കുന്ന മന്ത്രിമാർക്ക് നല്ലവണ്ണം അറിവുള്ളതാണ്. ജയിലിൽ വിദ്യാഭ്യാസം നൽകുന്ന കാര്യം വളരെ മോശമാണ്. ജയിലിലയയ്ക്കുന്നതു തന്നെ മനുഷ്യൻെറ സ്വഭാവത്തെ ഒന്നു സംസ്കരിക്കാനാണെന്ന് ഒരു തത്വമുണ്ട്. അതു ശരിയാണെങ്കിൽ ഇവിടത്തെ ജയിലിൽ പോയാൽ അങ്ങനെ ഒരു സംസ്കാരം ഉണ്ടാകുകയില്ല. ഒരു മോഷ്ടാവു ജയിലിൽപോയാൽ അവിടെ മോഷണത്തെപ്പററി തമ്മിൽ പറഞ്ഞുപഠിച്ച് പുറത്തു വന്ന് വീണ്ടും അവൻ മോഷ്ടിക്കുകയാണ് ചെയ്യുന്നതു്. അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനുവേണ്ടി അവിടെ അദ്ധ്യാപകനുണ്ട്. അയാൾ കാലത്തു പതിനഞ്ചുമിനിട്ടും വൈകുന്നേരം പതിനഞ്ചുമിനിട്ടും അവിടെ വരും. ൨൦ വയസ്സു കഴിഞ്ഞവരെയാണ് അവിടെ പഠിപ്പിക്കുന്നതു്. അവിടത്തെ അക്ഷരാഭ്യാസരീതിയെപ്പററി പറയണമെന്നു വിചാരിക്കുന്നില്ല. അവിടെ എന്തെങ്കിലും പഠിപ്പിക്കുന്നതായി കേട്ടിട്ടില്ല. ഞാൻ ൯ മാസം അവിടെ കിടന്നിട്ട് ഒന്നും

അറിയാൻ സാധിച്ചിട്ടില്ല. കള്ളപ്പുസ്ഥുവിന്റെ കഥപോലെ ചില കഥാപുസ്തകങ്ങളുണ്ട്. ആ കഥ വായിച്ചുകേൾപ്പിച്ചു ചെയ്യുന്ന പ്രചോദനമല്ലാതെ വേറെ ഒന്നും അവിടെ ചെയ്യുന്നില്ല. അതിനാൽ അവിടെയുള്ള പുള്ളികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണ്.

പിന്നെ ഭക്ഷണസാധനത്തിന്റെ കാര്യമാണ്. ജയിലിലേയ്ക്കു വരുന്ന ഭക്ഷണസാധനങ്ങൾ അതേപടി കിട്ടുകയാണെങ്കിൽ വലിയ കുഴപ്പമൊന്നുമില്ല. യഥാർത്ഥത്തിൽ ജയിലിൽ മൊത്തത്തിൽ കൊടുക്കേണ്ട ഭക്ഷണസാധനത്തിന്റെ ഒരംശമാണ് അവിടെ കിട്ടുന്നത്. അളവ് തൂക്കത്തിൽ മാത്രമല്ല ക്വാളിറ്റിയിലും ക്വാണ്ടിറ്റിയിലും കുറവായിരിക്കും. അവിടെ കിട്ടുന്ന തൈരാണെങ്കിൽ മുക്കാൽഭാഗവും പച്ചപ്പിലെ വെള്ളമാണ്. കറിനത്തെവുകാർക്ക് മത്സ്യം കൊടുക്കുന്ന പതിവുണ്ട്. അതു കണ്ടാൽ ഛർദ്ദിക്കും. അത്ര ചീത്തയാണ്. സർ, ഇവിടെ മീൻ പിടിക്കാൻ കപ്പൽ ഉണ്ട്. ധാരാളം നല്ല മീൻ പിടിക്കാൻ സാധിക്കും. അതിനാൽ നല്ല മത്സ്യം അവർക്ക് കൊടുക്കുവാൻ വേണ്ട ഏർപ്പാട് ചെയ്യണം. അവിടെ മാംസം കൊടുക്കുന്നുണ്ട്. മാംസം ഉപയോഗിക്കാത്തവർക്ക് പയറു കൊടുക്കും. എന്നാൽ ആ പയർ ഉപയോഗിച്ചാൽ അതിൽ മാംസം ഉണ്ട്. തറയിൽ വച്ചാൽ ഓടുന്ന പയറാണ് അവിടെ കൊടുക്കുന്നത്. വെള്ളം, പുഴുവും, എല്ലാം ആ പയറിനകത്തു കാണും. അത്ര മോശമാണ് അവിടെ കൊടുക്കുന്ന പയറ്. മുൻപ് അവിടെ നല്ല അരി കൊടുത്തുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അവിടത്തെ ആവശ്യത്തിനു കൊടുക്കുന്ന അരിയും വളരെ മോശമാണ്.

ഇനി അവിടത്തെ രോഗികളുടെ അവസ്ഥയാണെങ്കിൽ വളരെ കഷ്ടമാണ്. രോഗികളായ ജയിൽപുള്ളികൾ എല്ലാവരും ഒന്നായിട്ടാണ് അവിടത്തെ ആശുപത്രിയിൽ പോകുന്നത്. ഒരു ദിവസം ഇവർ എല്ലാവരും ഒന്നായി അവിടെ ചെന്നപ്പോൾ ഡാക്ടർ കമ്പൗണ്ടരോട് പറയുകയാണ് എല്ലാവർക്കും ഓരോ ഡോസ് കാർമിനേറ്റീവ് മിക്സ്ചർ കൊടുക്കണം എന്ന്. ഇത് ഞാൻ കേട്ടതാണ്. സുഖക്കേട് എന്തായാലും ഒരു മരുന്നാണ് എല്ലാവർക്കും കൊടുക്കുന്നത്. വയറുകടിയായാലും ശരി, പനിയായാലും ശരി, എന്താണെന്നു നോക്കുന്ന പതിവില്ല. എന്തു രോഗമായാലും ഒരു മരുന്ന്. ഒരിക്കൽ ഒരാളിനു സുഖക്കേട് കുറെ കൂടുതലായി അവിടെ ചെന്നു. ഡാക്ടറുടെ അടുത്തു ചെന്നപ്പോൾ

[Mr. P, T. Chacko.]

ഡാക്ടർ പറഞ്ഞതു് ജോലിചെയ്യാനുള്ള മടികൊണ്ടു് ടെസ്റ്റിനുവേണ്ടിയാണു് സുഖക്കേടെന്നു പറഞ്ഞു് വന്നിരിക്കുന്നതു എന്നാണു്. സുഖക്കേടൊന്നുമില്ല പൊയ്ക്കൊ എന്നു ഡാക്ടർ പറഞ്ഞു. ഡാക്ടർ ഒരു ടെസ്റ്റു് ചെയ്യുകപോലും ചെയ്തില്ല. സുഖക്കേടുകാരൻ അയാളുടെ സെല്ലിൽ പോയി കിടന്നു. പിറെറ ദിവസം കാലത്തു അയാൾ ചത്തുകിടക്കുന്നു. അപ്പുറമുള്ളവർ കൂടി വെളിയിലെടുക്കുകയും ചെയ്തു. ഇതാണു അവിടത്തെ രോഗികളുടെ സ്ഥിതി. ഇതിനുമുമ്പു ജയിൽപുള്ളികൾ മിക്കവാറും മോഷ്ടാക്കളായിരുന്നു. ഇപ്പോൾ പല തരത്തിലുള്ള ആളുകളും അവിടെയുണ്ടു്. അവർ ജയിൽ പുള്ളികളാണെങ്കിലും മനുഷ്യരാണു്. അതിനാൽ അവരെയും നന്നാക്കണമെന്നുള്ളതാണു് നമ്മുടെ ഉദ്ദേശമെന്നു ആത്മാർത്ഥമായി വിശ്വസിച്ചു് ബഹു: മന്ത്രിമാരിൽ ആരെങ്കിലും ശ്രദ്ധവച്ചു് ആഴ്ചതോറും അവരുടെ പരാതി കാര്യങ്ങൾ അന്വേഷിക്കണം എന്നാണു് ഞാൻ പറയുന്നതു്.

അവിടത്തെ വാർഡർമാരുടെ കാര്യം പറയുമ്പോൾ ഒരു കാര്യം എനിക്കു ഓർമ്മ വരുന്നു. ഒരു ദിവസം അവിടത്തെ ജയിലറും ഡെപ്യൂട്ടി ജയിലറും കാൺകെ പൂജപ്പുര മൈതാനത്തു് മി. ജി. രാമചന്ദ്രനും, മി. കെ. പി. നീലകണ്ഠപ്പിള്ളയും പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ കാണുന്നതിനുവേണ്ടി ഞങ്ങൾ ഒരു നാഷണൽ ഫ്ളാഗ്ഗു് ഉയർത്തി. അതു് അവിടത്തെ ഉദ്യോഗസ്ഥന്മാർ കണ്ടു. എന്തിനു്, ഒടുവിൽ അവിടത്തെ നാലു വാർഡർമാരെയാണു ശിക്ഷിച്ചതു്. ഇങ്ങനെ യാതൊരു രക്ഷയുമില്ലാത്ത വാർഡർമാരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നാണു് എനിക്കു ബഹു: ഗവൺമെൻറിനോടു പറയാനുള്ളതു്.

MR. K. RAMACHANDRAN (*Pathanamthitta I—Kammala*): I would like to make a few observations regarding the employment of prisoners who are in the jails. I should point out that there are, on an average, about 800 prisoners throughout the year in jails out of which nearly 400 prisoners only are now employed. If the balance of 400 are also employed, I should think the jail would be a productive source. These prisoners could be sent to various Departments of Government where labour would be found necessary. In this connection I should like to point out to the House that in jails outside India, say, for instance, Siam and Malaya, where I had the opportunity of seeing prisoners working in jails and out of doors, they are tied up by chains sufficiently long enough to allow them to walk. One sentry would be watching about 30 to 40 prisoners working alongside the road doing all sorts of road maintenance and other constructive works. I should think if this programme is adopted in our jails, by allowing these 400 people to work at the average rate

of 8 hours a day, we gain 3,200 man-hours and that will be a considerable amount gained by Government and thus, the Jail Department could be turned into a more productive item rather than an expendable one.

**MR. A. K. PATCHU PILLAI:** (*Peermade—General*): അവരെ ചങ്ങലയിട്ട് റോഡിൽ കൂടി കൊണ്ടുപോയി ജോലി ചെയ്യിക്കണമെന്നാണോ ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായം?

**MR. K. RAMACHANDRAN:** I am not talking about political prisoners. Those prisoners who are subjected to long terms of imprisonment in the jail have to work hard in the jail. If we don't put them on the roads for work, I should think they can be sent out to various Departments of Government where gardening etc. is being done. For instance, in this Huzur Cutcherry there are about 20 to 25 people attending to gardening. Similarly in the Museum.

**MR. PONNARA G. SREEDHAR:** അപ്പോൾ ഇവിടെ ഫയലുകളൊന്നും കാണാതെ വരും.

**MR. K. RAMACHANDRAN:** I do not think they would be stealing files and important documents of the State. Prisoners will always be made to work under an efficient Police Guard. (bell) Sir, Another thing I would point out is the desirability of giving adequate educational facilities, better amenities and medical aid for the prisoners and as the Hon'ble member Mr. P. T. Chacko has pointed out, juveniles should also come under this scheme and eradication of illiteracy amongst them ought to form an important point for engaging the attention of Government. Visual education, magic lantern and films would do them a lot of good.

**MR. PRESIDENT:** ഈ സഭ ഇപ്പോൾ പിരിയുന്നതും ആഗസ്റ്റ് ൧൬-ാം തിങ്കളാഴ്ച രാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourned at 5 P. M.

R. KERALAVARMA THIRUMULPAD,
*Ag. Secretary to the Legislative Assembly.*